/samakalikajanapadham/ /prd.kerala.gov.in/publications

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ

₹12

# സമകാലിക ജനപഥം

2025 മാർച്ച് പുസ്തകം 11 ലക്കം 8



## നല്ല പാഠങ്ങൾ

ബ്രഹ്മപുരം
ഇരട്ടയാർ ● കുരീപ്പുഴ
വടക്കാഞ്ചേരി ● മാവിലായി
കുന്നംകുളം ● ഗുരുവായൂർ

കേരളത്തിന്റെ രാഷ്ട്രീയ, സാംസ്കാരിക ചരിത്രത്തിൽ കൊല്ലത്തിന് സവിശേഷമായ ഇടമുണ്ട്.

- കെ എൻ ബാലഗോപാൽ
- കെ ബി ഗണേഷ് കുമാർ
- ജെ ചിഞ്ചുറാണി
- ജി. ആർ. ഇന്ദുഗോപൻ



# നാം മുന്നോട്ട്

| ടി വി ചാനൽ | സംപ്രേഷണ സമയം |
|---|---|
| ഏഷ്യാനെറ്റ് ന്യൂസ് | ഞായർ 6.30 PM |
| മാതൃഭൂമി ന്യൂസ് | ഞായർ 8.30 PM 9.00 |
| കൈരളി | ശനി 12.30 AM repeat ശനി 6.30 AM |
| കൈരളി ന്യൂസ് | ഞായർ 9.30 AM repeat ബുധൻ 3.30 AM |
| മീഡിയ വൺ | ഞായർ 7.30 PM 8.00 |
| കൗമുദി ടിവി | ശനി 8.00 PM 8.24 |
| 24 ന്യൂസ് | ഞായർ 5.30 PM 6.00 repeat 1 AM-1.30 AM |
| ജീവൻ | ഞായർ 7.00 PM 7.24 PM |
| ജയ്ഹിന്ദ് | ബുധൻ 8.00 8.30 PM |
| റിപ്പോർട്ടർ | ഞായർ 6.30 PM 7.00 PM |
| ദൂരദർശൻ | ഞായർ 7.30 PM repeat തിങ്കൾ 9.30 PM |
| ന്യൂസ് 18 | ഞായർ 8.30 PM 9.00 PM |
| കേരള വിഷൻ | തിങ്കൾ 6.30 PM 7.00 PM |

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

സമകാലിക
ജനപഥം

2025 മാർച്ച് 1 • പുസ്തകം 11 • ലക്കം 8

**എഡിറ്റർ** ടി.വി. സുഭാഷ് ഐ.എ.എസ് **അഡീഷണൽ എഡിറ്റർ** സലിൻ മാങ്കുഴി
**ഡെപ്യൂട്ടി എഡിറ്റർ** കെ.പി. സരിത **എഡിറ്റർ-ഇൻ-ചാർജ്** കെ.എസ്. ഇന്ദുശേഖർ
**അസിസ്റ്റന്റ് എഡിറ്റർ** ദസ്നി എം.എച്ച് **സർക്കുലേഷൻ ഓഫീസർ** ശ്രീകാന്ത് എം ഗിരിനാഥ്
**കവർ & ലേഔട്ട്** രതീഷ് കുമാർ (ഡിജിക്രോ) **ടൈപ്പ് സെറ്റിങ്ങ്** വിനിത വി.എസ്

എഡിറ്റോറിയൽ >>



# വൃത്തിയുള്ള കേരളം സാധ്യമാണ്

സംസ്ഥാനത്തെ മാലിന്യപ്രശ്നങ്ങളുടെ പ്രതീകമായിരുന്നു ഒരു കാലത്ത് ബ്രഹ്മപുരം. ഇന്നത് മാറ്റത്തിന്റെ, പ്രതീക്ഷയുടെ, നിശ്ചയദാർഢ്യത്തിന്റെ തെളിച്ചമുള്ള ചിത്രമാണ്. 39 ഏക്കറുള്ള മാലിന്യക്കൂനയ്ക്ക് തീപിടിച്ച് ജനജീവിതം ദുസ്സഹമാക്കിയ സംഭവത്തിന് രണ്ട് വർഷം പിന്നിടുമ്പോൾ അതേ പ്രദേശത്തെ മാലിന്യം 75 ശതമാനം നീക്കംചെയ്തു കഴിഞ്ഞു. 18 ഏക്കർ ഭൂമി തിരിച്ചുപിടിച്ചു. അവിടൊരു പൂന്തോട്ടവും കളിസ്ഥലവും ഒരുങ്ങിക്കഴിഞ്ഞു. വോളിബോൾ കോർട്ടും ക്രിക്കറ്റ് പിച്ചും ഒരുങ്ങി. പുതുതായി നിർമ്മിച്ച ക്രിക്കറ്റ് പിച്ചിൽ മന്ത്രി നേരിട്ടെത്തി ക്രിക്കറ്റ് കളിച്ചത് വലിയ വാർത്തയുമായി.

706.55 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ പ്രകാരം ബാക്കി പ്രദേശത്ത് ആർഡിഎഫ് പ്ലാന്റ്, ഊർജോത്പാദന പ്ലാന്റ്, കമ്പോസ്റ്റ് പ്ലാന്റ്, കെട്ടിട നിർമ്മാണ പൊളിക്കൽ മാലിന്യ പുനരുപയോഗ പ്ലാന്റ്, വിജ്ഞാന കേന്ദ്രം, ഗ്രീൻ ബെൽറ്റ്, പൊതു സൗകര്യങ്ങൾ, വിശ്രമമുറി, പൊതുവിനോദ സ്ഥലം, സോളാർ പ്ലാന്റ് തുടങ്ങി ഒട്ടേറെ സൗകര്യങ്ങൾ നിർമ്മാണഘട്ടത്തിലാണ്.

അസാധ്യം എന്ന് എഴുതിത്തള്ളിയ ബ്രഹ്മപുരം ഒരു മാതൃകയാണ്. മാലിന്യപ്രശ്നത്തിന് ശാശ്വതപരിഹാരം സാധ്യമാണെന്ന പാഠം കേരളത്തിനും രാജ്യത്തിനും പഠിപ്പിച്ച മാതൃകാ പദ്ധതി. ബ്രഹ്മപുരം മാത്രമല്ല, ഗുരുവായൂരും കുന്നംകുളവും കരീപ്പുഴയും വടക്കാഞ്ചേരിയും ഇരട്ടയാറുമെല്ലാം മാലിന്യസംസ്കരണം അസാധ്യമല്ലെന്ന വലിയ പാഠം പകർന്നു നൽകുന്നുണ്ട്.

മാലിന്യമുക്തമായ ഒരു നവകേരളം പ്രഖ്യാപിക്കാനൊരുങ്ങുന്ന സംസ്ഥാന സർക്കാരിന്റെ ലക്ഷ്യത്തിന് കരുത്താവുകയാണ് ഈ മാതൃകകൾ. വൃത്തിയുള്ളൊരു കേരളം സാധ്യമാക്കുന്നതിന് സർക്കാരിനൊപ്പം പ്രവർത്തിക്കാൻ തദ്ദേശ സ്ഥാപനങ്ങളും ജനങ്ങളും തയ്യാറായാൽ നല്ല ഫലം കാണുമെന്നും ഇവ തെളിയിക്കുന്നു. ഇതുമായി ബന്ധപ്പെട്ട ആഴമുള്ള ചർച്ചകൾക്ക് വഴിയൊരുക്കുന്നതാണ് ഈ ലക്കം സമകാലിക ജനപഥം.

ടി.വി. സുഭാഷ് ഐ.എ.എസ്
എഡിറ്റർ

2025 MARCH 1 VOLUME 11 ISSUE 8 E-MAIL : prdmalayalam@gmail.com WEBSITE : www.prd.kerala.gov.in

**പ്രതികരണങ്ങൾ അയക്കേണ്ട വിലാസം**
എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
ഇമെയിൽ prdmalayalam@gmail.com
ഫോൺ 0471 2518171

**വരിക്കാരാകാൻ 120 രൂപയുടെ മണി ഓർഡർ**
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ വിഭാഗം, ഒന്നാം നില,
സെക്രട്ടേറിയറ്റ് അനക്സ്-1, തിരുവനന്തപുരം-1
ഫോൺ 0471 2517036
ഇമെയിൽ iocirculation@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും

/samakalikajanapadham/ /prd.kerala.gov.in/publications



## ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്


6 വ്യവസായ സൗഹൃദം നമ്മുടെ കേരളം
പിണറായി വിജയൻ

8 കേരളത്തെ നിക്ഷേപ സ്വർഗമാക്കി മാറ്റുക ലക്ഷ്യം
പി രാജീവ്




## ശുചിത്വകേരളം


10 ശുചിത്വം നവകേരളത്തിന്റെ മുഖമുദ്ര
പിണറായി വിജയൻ

12 നാം നേടും വൃത്തിയുള്ള കേരളം
എം ബി രാജേഷ്

15 ഒരുമയും ഇച്ഛാശക്തിയും
എൻ ജഗജീവൻ

18 മാലിന്യമുക്തമായ തലസ്ഥാനനഗരിക്ക്
ആര്യ രാജേന്ദ്രൻ

20 നഗരവൽക്കരിക്കപ്പെടുന്ന കേരളം
അഡ്വ. എം അനിൽ കുമാർ

34 മാലിന്യം വലിച്ചെറിയുന്നതും കത്തിക്കുന്നതും കുറ്റകരം
മുഹമ്മദ് ഹുവൈസ് എം

36 കേരളത്തിന്റെ ഹരിതസൈന്യം


## മികവിന്റെ മാതൃക


കൊച്ചി പഴയ കൊച്ചിയല്ല ബ്രഹ്മപുരവും 24
അമൽ കെ വി

മാലിന്യമല്ലിത്, ഇരട്ടയാർ മാണിക്യം 26
അജിത.കെ.ജി

തീർഥാടനനഗരിയും വാണിജ്യനഗരിയും 28
ഐശ്വര്യ പി.എസ്

മാലിന്യമലയിൽ നിന്നൊരു പൂപ്പാടം 30
അഖിൽ സദാശിവൻ

കൈമാറ്റക്കട മുതൽ ഇ - വേസ്റ്റ് ശേഖരണം വരെ 32

മാവിലായിയിലെ കുട്ടിപ്പട്ടാളം 33
രഞ്ജിത്ത്കുമാർ എൻ വി



## കൊല്ലം@75


38 ചരിത്രം
വർത്തമാനം, ഭാവി
കെ. എൻ. ബാലഗോപാൽ

43 ആത്മാവിന്റെ
ഭാഗം
കെ. ബി. ഗണേഷ് കുമാർ

44 വീടുപോലെ
സ്വന്തം കൊല്ലം
ജെ. ചിഞ്ചുറാണി

46 ജില്ലയല്ല
ജഗജില്ലി!
ജി ആർ ഇന്ദുഗോപൻ






50 മാധ്യമരംഗം
മാധ്യമങ്ങളിലെ
പെൺനീതിക്കായൊരു
കൂട്ടായ്മ

പിണറായി വിജയൻ
മുഖ്യമന്ത്രി



നിക്ഷേപങ്ങൾ വരുന്നതിന് നിലവാരമുള്ള അടിസ്ഥാന സൗകര്യമൊരുക്കും

# വ്യവസായ സൗഹൃദം നമ്മുടെ കേരളം



അടിസ്ഥാന സൗകര്യമേഖലയിൽ വിപ്ലവം സൃഷ്ടിച്ചും വ്യവസായ സൗഹൃദാന്തരീക്ഷം ഒരുക്കിയും കഴിവുറ്റ മനുഷ്യവിഭവശേഷി കൈവരിച്ചും വ്യവസായ സൗഹൃദ സംസ്ഥാനമായി കേരളം വളരുകയാണ്. സംസ്ഥാന ചരിത്രത്തിലെ ഏറ്റവും വലിയ നിക്ഷേപക മുന്നേറ്റത്തിനാണ് കേരളം സാക്ഷ്യം വഹിക്കുന്നത്. നിക്ഷേപക സൗഹൃദ ഘടന ശക്തിപ്പെടുത്തുന്നതിനായി ആഗോള നിക്ഷേപകരെയും ഈ മേഖലയിലെ വിദഗ്ധരെയും, നയരൂപീകരണ വിദഗ്ധരെയും ഒരുമിച്ച് കൊണ്ടുവരിക, കേരളത്തിന്റെ നിക്ഷേപ സാധ്യതകൾ പര്യവേഷണം ചെയ്യുക എന്നിവയാണ് ഉച്ചകോടിയുടെ ലക്ഷ്യം.

കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമായി ഉയർത്തുന്നതിനു അനവധി പ്രവർത്തനങ്ങൾ ഇതിനകം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.  കേരളത്തിലേക്ക് വരുന്ന നിക്ഷേപകർക്ക് നടപടിക്രമങ്ങളുടെ കാലതാമസം നേരിടേണ്ടി വരില്ല. നിക്ഷേപങ്ങളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലളിതമാക്കുന്നതിൽ വലിയ മുന്നേറ്റം നടത്താനായി. കെ-സ്വിഫ്റ്റ് പോർട്ടൽ വഴി എളുപ്പത്തിൽ സംരംഭങ്ങൾ ആരംഭിക്കാനുള്ള സൗകര്യമുണ്ട്.

സംസ്ഥാനത്തേക്ക് നിക്ഷേപങ്ങൾ വരുന്നതിന് ഉയർന്ന നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ സർക്കാർ ഒരുക്കുകയാണ്. ദേശീയ പാത 66 വീതി കൂട്ടുന്നതിനുള്ള ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ ചെലവിന്റെ 25 ശതമാനം സംസ്ഥാനം സംഭാവന ചെയ്തിട്ടുണ്ട്. അതിവേഗ ട്രെയിനുകൾ ഓടിക്കാൻ ആവശ്യമായ റെയിൽവേ വികസനത്തിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരങ്ങൾ നേടുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ദേശീയ പാതകളുടെ വികസനത്തിന് മാത്രമല്ല, സംസ്ഥാനത്തിനുള്ളിലെ എല്ലാ റോഡുകൾക്കും കേരള സർക്കാർ പ്രാധാന്യം നൽകുന്നു.

സംസ്ഥാനത്ത് നാല് വിമാനത്താവളങ്ങൾക്ക് മികച്ച സൗകര്യങ്ങൾ നിലവിലുണ്ട്. കൂടുതൽ സൗകര്യങ്ങൾ ഒരുക്കും. ഉൾനാടൻ ജലപാതകളെ സഞ്ചാരയോഗ്യമായ പാതയാക്കാൻ ശ്രമം ആരംഭിച്ചു. ഉയർന്ന ശേഷിയുള്ള വൈദ്യുതി ലൈനുകൾ സ്ഥാപിച്ചതോടെ തടസ്സമില്ലാത്ത വൈദ്യുതി ഉറപ്പാക്കാൻ സാധിച്ചു.

ഭൂമിയില്ലാത്തതിന്റെ പേരിൽ കേരളത്തിലേക്ക് വരുന്ന ഒരു നിക്ഷേപകനും നിരാശയോടെ മടങ്ങേണ്ടിവരില്ല.



ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു.

ഉയർന്നുവരുന്ന തൊഴിൽ ആവശ്യങ്ങൾക്കനുസരിച്ച് നമ്മുടെ വിദ്യാർഥികളുടെയും യുവാക്കളുടെയും കഴിവുകൾ വൈവിധ്യവത്കരിക്കാനുള്ള ശ്രമങ്ങൾ നടന്നു വരുകയാണ്. സംസ്ഥാനത്ത് സൂക്ഷ്മ സംരംഭകത്വത്തെ പിന്തുണയ്ക്കുന്നതിനു സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സംസ്ഥാനത്ത് സയൻസ് പാർക്കുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സർവകലാശാലകൾ, അക്കാദമിക് സ്ഥാപനങ്ങൾ, വ്യവസായം എന്നിവയ്ക്ക് ഒത്തുചേരാനും ഗവേഷണ വികസനത്തിൽ ഏർപ്പെടാനും പുതിയ കണ്ടുപിടുത്തങ്ങൾ സൃഷ്ടിക്കാനും സയൻസ് പാർക്കുകൾ സ്ഥലവും അടിസ്ഥാന ലബോറട്ടറി സൗകര്യങ്ങളും നൽകുന്നു. കണ്ണൂരിലെ സയൻസ് പാർക്ക് പൂർത്തീകരണത്തോടടുക്കുകയാണ്.




സ്റ്റാർട്ടപ്പ് മേഖലയിൽ കേരളം വലിയ മുന്നേറ്റം നടത്തിയിട്ടുണ്ട്. കഴിഞ്ഞ എട്ട് വർഷത്തിനിടെ കേരളത്തിൽ 6200 സ്റ്റാർട്ടപ്പുകൾ ആരംഭിച്ചു. 5800 കോടി രൂപയുടെ നിക്ഷേപത്തോടെ 62,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2026 ഓടെ 15,000 സ്റ്റാർട്ടപ്പുകൾ സ്ഥാപിക്കാനും ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ലക്ഷ്യമിടുന്നു. കേരളത്തിന്റെ സംരംഭങ്ങൾ ആഗോള തലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട് സ്റ്റാർട്ടപ്പുകളിൽ 254 ശതമാനം വളർച്ച യുണ്ടായതായി ഗ്ലോബൽ സ്റ്റാർട്ടപ്പ് ഇക്കോ-സിസ്റ്റം റിപ്പോർട്ട് പറയുന്നു. ഇൻഫോ ആൻഡ് ടെക്നോ പാർക്കുകൾ വിജയകരമായ പരീക്ഷണങ്ങളാണ്.

എയ്റോസ്പേസ് മേഖലയിൽ നിക്ഷേപം സുഗമമാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ ഉപകരണങ്ങൾ നിർമ്മിക്കുന്ന സംരംഭങ്ങളിൽ കേരളം സാന്നിധ്യം അറിയിക്കുന്നുണ്ട്. ന്യൂട്രാസ്യൂട്ടിക്കൽസിന്റെ നിർമ്മാണത്തിലും ഒരു സംരംഭമുണ്ട്. തിരുവനന്തപുരത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ഇൻ ലൈഫ് സയൻസ് പാർക്ക്, മെഡിക്കൽ ഗവേഷണത്തിലെ മികവിന്റെ കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. വിഴിഞ്ഞം തുറമുഖ വികസനം വേഗത്തിൽ പുരോഗമിക്കുകയാണ്. കൊച്ചി-ബെംഗളൂരു വ്യാവസായിക ഇടനാഴിക്ക് ഭൂമി ഏറ്റെടുക്കൽ  പുരോഗമിക്കുകയാണ്.

പീരിയോഡിക് ലേബർ ഫോഴ്സ് സർവേ ഡാറ്റ പ്രകാരം, 2017-18 ലും 2023-24 ലും കേരളത്തിലെ തൊഴിൽ 16 ശതമാനം വർധിച്ച് 2023-24 ൽ 1.51 കോടിയിലെത്തിയതും അഭിമാനാർഹമായ പുരോഗതിയാണ്. ■

പി രാജീവ്
വ്യവസായ മന്ത്രി



കൊച്ചി ലുലു ബോൾഗാട്ടി ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ 2025 ഫെബ്രുവരി 21, 22 തീയതികളിൽ നടന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്

# കേരളത്തെ നിക്ഷേപ സ്വർഗമാക്കി മാറ്റുക ലക്ഷ്യം



വ്യവസായ സൗഹൃദനയമാണ് കേരളത്തിന്റേത്. രാഷ്ട്രീയ ഭേദമന്യേ നാടിന്റെ വികസനത്തിനായി നിക്ഷേപം ആകർഷിക്കാനും അതുവഴി വ്യവസായ വികസനക്കുതിപ്പിലേക്ക് എത്തുന്നതിനും ഒന്നിച്ചു നിൽക്കണം. പ്രകൃതി, ജനങ്ങൾ, വ്യവസായം എന്നതാണ് കേരളത്തിന്റെ വ്യവസായനയം. എസ്എംഇകളുടെ കാര്യത്തിൽ കേരളം മാതൃകയാണ്. ഉയർന്ന ജീവിത നിലവാരമാണ് കേരളത്തിലുള്ളത്. നാലിലൊന്ന് പേർക്ക് കാറുണ്ട്. രാജ്യത്ത് ഏറ്റവുമധികം വൈദ്യുത വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതും കേരളത്തിലാണ്. ഇന്റർനെറ്റ് കണക്ഷൻ അവകാശമാക്കി മാറ്റിയ ലോകത്തിലെ തന്നെ ആദ്യ സ്ഥലമാണ് കേരളം. 87 ശതമാനമാണ് കേരളത്തിന്റെ ഇന്റർനെറ്റ് ലഭ്യത. മൊബൈൽ ഉപയോഗത്തിൽ ഇത് 124 ശതമാനമാണ്.

ആഗോളതലത്തിൽ തന്നെ നിക്ഷേപ സൗഹൃദ പ്രദേശമായി മാറുക എന്ന ലക്ഷ്യത്തിനു ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് അടിത്തറ പാകും. ലോകത്തിന് മുന്നിൽ കേരളം ഒരു ബ്രാൻഡായി മാറിയ ഉച്ചകോടിയിൽ 374 കമ്പനികളിൽ നിന്നായി 1,52,905 കോടി രൂപയുടെ താൽപര്യപത്രമാണ് ഒപ്പിട്ടത്. വിവിധ മേഖലകളിലെ സുപ്രധാന ആഗോളകമ്പനികളുൾപ്പെടെ



# ആഗോള നിക്ഷേപക ഉച്ചകോടിയിലേക്ക് എത്തിയ നിക്ഷേപങ്ങൾ

**ലുലു ഗ്രൂപ്പ്**
ഐടി- സെക്ടറിൽ നിക്ഷേപം

ചെറി ഹോൾഡിങ്സ് 4000 കോടി

ഫോഡ് 2500 കോടി




**ആരോഗ്യ രംഗത്ത്**
കൃഷ്ണ ഗ്രൂപ്പ് 3000 കോടി

കൊച്ചുതൊമ്മൻ ഫിലിം സിറ്റി 1000 കോടി

**ടാറ്റ ബോട്ട് നിർമ്മാണ രംഗത്തേക്ക്**
പോളക്കുളത്ത് നാരായണൻ റിനൈ മെഡിസിറ്റി 500 കോടി

ആൽഫ അവഞ്ചേഴ്സ് 500 കോടി
രവി പിള്ള ഗ്രൂപ്പ് 2000 കോടി

എൻ ആർ ജി കോർപ്പറേഷൻ- 3600 കോടി
മലബാർ ഗ്രൂപ്പ് 3000 കോടി
(മൂന്ന് പദ്ധതികൾ)



ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ മന്ത്രി പി രാജീവ് സംസാരിക്കുന്നു














കേരളത്തിലേക്ക് വരാനുള്ള താൽപര്യപത്രത്തിൽ ഒപ്പുവച്ചിരിക്കുന്നു. കേരളത്തിലെ യുവാക്കൾക്ക് കേരളത്തിൽ തന്നെ ഏറ്റവും മികച്ച തൊഴിലവസരങ്ങൾ ലഭ്യമാക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. നമുക്കെല്ലാവർക്കും ഒറ്റക്കെട്ടായി നിന്ന് ഈ മുന്നേറ്റം തുടരാനും കേരളത്തെ ഇന്ത്യയുടെ ഹൈടെക് വ്യവസായങ്ങളുടെ ഹബ്ബാക്കി മാറ്റാനും പരിശ്രമിക്കാം.

കേരളത്തിന്റെ വ്യവസായ മേഖലയിലെ മികവാർന്ന പ്രതിച്ഛായ ലോകത്തിനു മുന്നിൽ ഉയർത്തിക്കാട്ടാൻ ഇൻവെസ്റ്റ് കേരള ഉച്ചകോടിക്ക് കഴിഞ്ഞു. മൂന്ന് വർഷത്തിൽ ഒരിക്കൽ ഉച്ചകോടി നടത്താനാണ് സർക്കാർ തീരുമാനം. വർക്ക് ഫ്രം ഹോം എന്ന മാതൃകയിൽ വർക്ക് ഫ്രം കേരള എന്ന പുതിയ സങ്കൽപം ഉണ്ടായി. കേരളത്തെ ഇൻഡസ്ട്രിയൽ റവല്യൂഷൻ 4.0 വ്യവസായങ്ങളുടെ ഹബ്ബാക്കി മാറ്റുകയാണ് സർക്കാർ ലക്ഷ്യം. ■

പിണറായി വിജയൻ
മുഖ്യമന്ത്രി

> സുസ്ഥിരവും പ്രകൃതിസൗഹൃദപരവും അതിജീവന ശേഷിയുമുള്ളതുമായ നവകേരളത്തിന്റെ മുഖമുദ്രകളായി ശുചിത്വവും മാലിന്യസംസ്കരണവും മാറണം. പെട്ടെന്നൊരു ദിവസം കൊണ്ട് സാധ്യമാക്കാവുന്നതല്ല ഇത്. മറിച്ച് തുടർന്നു കൊണ്ടേയിരിക്കേണ്ട പ്രവർത്തനമാണിത്

# ശുചിത്വം നവകേരളത്തിന്റെ മുഖമുദ്ര



ഇന്ത്യാ രാജ്യത്ത് നിരവധി മാതൃകകൾ സൃഷ്ടിച്ചവരാണ് കേരളീയർ. അവയിൽ ചിലത് ലോകത്തിനു തന്നെ മാതൃകയായിട്ടുമുണ്ട്. മാലിന്യമുക്തമായ നവകേരളം സൃഷ്ടിച്ച് മറ്റൊരു മാതൃക കൂടി മുന്നോട്ടുവയ്ക്കാനുള്ള തീവ്രയജ്ഞത്തിലാണ് നാമിപ്പോൾ.

ശുചിത്വവും മാലിന്യ സംസ്കരണവും മുൻനിർത്തിയുള്ള വിവിധ പ്രവർത്തനങ്ങളിലൂടെ നാം ഏറെ മുന്നേറിയിട്ടുണ്ടെങ്കിലും സമ്പൂർണ്ണ മാലിന്യമുക്തസംസ്ഥാനം എന്ന ലക്ഷ്യം കൈവരിക്കാൻ ഇതുവരെ നമുക്കു കഴിഞ്ഞിട്ടില്ല. ആ ലക്ഷ്യ സാക്ഷാത്ക്കാരത്തിനായി ബോധവത്ക്കരണം, ശീലവത്ക്കരണം, അടിസ്ഥാനസൗകര്യം, ജനകീയ പങ്കാളിത്തം, തുടങ്ങിയ വിവിധ ഘടകങ്ങളുള്ള ഒരു ബൃഹദ് ക്യാമ്പയിനാണ് സംസ്ഥാനം നടപ്പാക്കിവരുന്നത്.

സമ്പൂർണ്ണ സാക്ഷരത, ജനകീയാസൂത്രണം, പൊതുവിദ്യാഭ്യാസ സംരക്ഷണം, ഹരിത കേരളം തുടങ്ങിയവയിലെല്ലാം ജനകീയ പങ്കാളിത്തം സുപ്രധാന ചാലകശക്തിയായിരുന്നു. അതുകൊണ്ടുതന്നെ ശുചിത്വവും മാലിന്യസംസ്കരണവും ലക്ഷ്യമിട്ടിട്ടുള്ള പ്രവർത്തനങ്ങളിലും ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് വലിയ പ്രാധാന്യമാണ് നൽകുന്നത്. മാലിന്യമുക്ത നവകേരളം എന്ന ജനകീയ ക്യാമ്പയിനിന്റെ കേന്ദ്ര ബിന്ദുവും അതുതന്നെയാണ്. സകല ജനവിഭാഗങ്ങളെയും അണിനിരത്തി, ചിട്ടയോടെയും കൃത്യമായ ആസൂത്രണത്തോടെയും മാലിന്യമുക്ത നവകേരളമെന്ന ലക്ഷ്യം സമയബന്ധിതമായി നേടിയെടുക്കാനാണ് ഈ

ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്.

ഹരിതകേരളം മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, ശുചിത്വ മിഷൻ, കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട്, മലിനീകരണ നിയന്ത്രണ ബോർഡ്, കുടുംബശ്രീ,



തുടങ്ങിയവയെല്ലാം ഈ യജ്ഞത്തിൽ പങ്കാളികളാണ്. കർശനനിരീക്ഷണം, ബോധവത്ക്കരണം, പ്രകൃതി സൗഹൃദ ഉൽപന്നങ്ങൾ പ്രോത്സാഹിപ്പിക്കൽ, ഹരിത വിദ്യാലയങ്ങൾ, ഹരിത ഓഫീസുകൾ, ഹരിത സ്ഥാപനങ്ങൾ, ഹരിത അയൽക്കൂട്ടങ്ങൾ, ഹരിത ടൂറിസം, വൃത്തിയുള്ള പൊതുസ്ഥലങ്ങളും മാർക്കറ്റുകളും, മാലിന്യമുക്തമായ നീർച്ചാലുകൾ തുടങ്ങി ഒട്ടേറെ ഘടകങ്ങൾ ഈ ക്യാമ്പയിനിൽ ഉൾപ്പെടുന്നുണ്ട്. ശുചിത്വ കേരളം, സുസ്ഥിര കേരളം എന്ന ലക്ഷ്യത്തിലേക്ക് എത്താനായി കേരളീയർ ഒന്നാകെ ഈ ജനകീയ ക്യാമ്പയിനിൽ അണിനിരക്കുകയാണ്.

വൃത്തിയുള്ള വീടും പരിസരവും നാടും മറ്റും ഒരു പരിഷ്കൃത സമൂഹത്തിന്റെ അടയാളവും സംസ്കാരവുമായാണ് നാം കാണുന്നത്. എന്നാൽ കേരളീയർ വ്യക്തിശുചിത്വത്തിൽ കാണിക്കുന്ന ശുഷ്കാന്തി സാമൂഹ്യശുചിത്വത്തിൽ കാണിക്കുന്നില്ല. പൊതുസ്ഥലങ്ങളിലും സ്ഥാപനങ്ങളിലും മാലിന്യം കാണപ്പെടുന്നതിന്റെ കാരണങ്ങളിലൊന്നാണിത്. വ്യക്തികളുടെ സ്വഭാവങ്ങളിലും ശീലങ്ങളിലും വേണ്ട മാറ്റം വരുത്തി ഈ പ്രശ്നം പരിഹരിക്കണം. ജനങ്ങൾക്കായി ജനങ്ങൾ എന്നു പറയുന്നതുപോലെ പൊതുമാലിന്യപ്രശ്നപരിഹാരം പൊതുസമൂഹത്തിലൂടെ എന്നതാണ് ഈ ക്യാമ്പയിനിലൂടെ നാം മുന്നോട്ടുവെക്കുന്നത്.

ശുചിത്വം, മാലിന്യസംസ്കരണം എന്നിവ വായു, ജലം, ഭക്ഷണം, ആരോഗ്യം എന്നിങ്ങനെയുള്ള മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. നമ്മുടെ ജലാശയങ്ങളും നീർച്ചാലുകളും പുഴകളും വൃത്തിയാക്കി സംരക്ഷിക്കേണ്ടതുണ്ട്. ശരിയായ മാലിന്യസംസ്കരണം സാധ്യമല്ലാതെ വരുമ്പോൾ ഭൂഗർഭജലം പോലും മലിനമാകുമെന്നും ഇത് ശുദ്ധജലത്തിന്റെ ലഭ്യത ഇല്ലാതാക്കി രോഗവ്യാപനത്തിന് കാരണമാകുമെന്നും തിരിച്ചറിയണം. ശാസ്ത്രീയ മാലിന്യ സംസ്കരണ മാർഗങ്ങൾ അവലംബിക്കുന്നതിലൂടെ മാത്രമേ മാലിന്യം സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ ഇല്ലാതാക്കാനാവൂ.

മാലിന്യസംസ്കരണത്തിനായി സൃഷ്ടിക്കുന്ന പൊതു ഭൗതിക സൗകര്യങ്ങൾ ഫലപ്രദമായി പ്രവർത്തിപ്പിക്കാനുള്ള പിന്തുണ പൊതുസമൂഹം നൽകണം. സാങ്കേതികമികവുള്ളതും പാരിസ്ഥിതികമായി പ്രശ്നങ്ങൾ സൃഷ്ടിക്കാത്തതുമായ മാലിന്യസംസ്കരണ യൂണിറ്റുകളായ കമ്മ്യൂണിറ്റി കമ്പോസ്റ്റ്, കമ്മ്യൂണിറ്റി ബയോഗ്യാസ്, എം സി എഫ്, മിനി എം സി എഫ്, കക്കൂസ് മാലിന്യ സംസ്കരണ യൂണിറ്റ് എന്നിവയ്ക്കെതിരെ ചിലയിടങ്ങളിൽ തടസ്സങ്ങൾ ഉണ്ടാകുന്നുണ്ട്. ഇത്തരം തടസ്സങ്ങൾ സൃഷ്ടിക്കപ്പെടുന്നതിന്റെ കാരണം ബോധവത്ക്കരണത്തിന്റെ അഭാവമാണ്. ഇതിനെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്താനും തെറ്റിദ്ധാരണയകറ്റാനും മുൻകൈ എടുക്കുകയാണ്. ഇത്തരം യൂണിറ്റുകൾക്കെതിരെയല്ല, മറിച്ച്, മാലിന്യം ജലാശയങ്ങളിലേക്കും പൊതുവിടങ്ങളിലേക്കും വലിച്ചെറിഞ്ഞു മാലിന്യക്കൂനകൾ സൃഷ്ടിക്കുന്നതിന് എതിരെയാണ് എതിർപ്പും പ്രതിഷേധവുമുണ്ടാകേണ്ടത്. അത്തരമൊരു ബോധ്യത്തിലേക്ക് പൊതുസമൂഹമാകെ ഉണരേണ്ടതുണ്ട്.

2016 ൽ നിലവിൽവന്ന ഖരമാലിന്യ പരിപാലനചട്ട പ്രകാരം, മാലിന്യം സൃഷ്ടിക്കുകയോ അവശേഷിപ്പിക്കുകയോ ചെയ്യുന്നവർക്ക് അത് സംസ്കരിക്കാൻ ഉള്ള ചുമതലയുണ്ട്. അതായത് നമുക്കെല്ലാവർക്കും, പൊതുസമൂഹത്തിനാകെ, മാലിന്യം സംസ്കരിക്കുന്നതിനുള്ള ഉത്തരവാദിത്വമുണ്ട്. ചട്ടപ്രകാരം മാലിന്യസംസ്കരണം നടത്താത്തവർക്ക് പിഴ ചുമത്താനും അവർക്കെതിരെ നിയമനടപടി സ്വീകരിക്കാനുമുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ട്. അതുകൊണ്ടുതന്നെ ഇത്തരം നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കുന്നതിൽ പൊതുസമൂഹമാകെ ജാഗ്രത കാട്ടണം.

അതിവേഗം നഗരവത്ക്കരിക്കപ്പെടുന്ന സംസ്ഥാനമാണ് കേരളം. 2035 ഓടെ കേരളത്തിലെ ജനസംഖ്യയുടെ 90 ശതമാനവും നഗരജനസംഖ്യയായി മാറുമെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ഈ സാഹചര്യത്തിൽ മാലിന്യസംസ്കരണം എന്നത് നാം വളരെ ഗൗരവത്തോടെ ഏറ്റെടുക്കണം. സുസ്ഥിരവും പ്രകൃതിസൗഹൃദപരവും അതിജീവന ശേഷിയുമുള്ളതുമായ നവകേരളത്തിന്റെ മുഖമുദ്രകളായി ശുചിത്വവും മാലിന്യസംസ്കരണവും മാറണം. പെട്ടെന്നൊരു ദിവസം കൊണ്ട് സാധ്യമാക്കാവുന്നതല്ല ഇത്. മറിച്ച് തുടർന്നു കൊണ്ടേയിരിക്കേണ്ട പ്രവർത്തനമാണിത്.

അതുകൊണ്ടുതന്നെ മാലിന്യസംസ്കരണത്തിൽ എല്ലായ്പ്പോഴും ജനകീയ പങ്കാളിത്തം ഉണ്ടാകണം. അത് ഉറപ്പാക്കാൻ പൊതുസമൂഹമാകെ മുന്നോട്ടുവരികയും വേണം. മാലിന്യ സംസ്കരണം പൗരധർമ്മമായി ഏറ്റെടുക്കുന്ന സംസ്കാരം നമ്മുടെ നാട്ടിൽ വളർന്നുവരണം. അതിനായി നടത്തുന്ന പ്രവർത്തനങ്ങളിൽ നമുക്ക് ഏവർക്കും കൈകോർക്കാം■

**മാലിന്യസംസ്കരണത്തിനായി സൃഷ്ടിക്കുന്ന പൊതു ഭൗതിക സൗകര്യങ്ങൾ ഫലപ്രദമായി പ്രവർത്തിപ്പിക്കാനുള്ള പിന്തുണ പൊതുസമൂഹം നൽകണം**

എം ബി രാജേഷ്
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി



> ഉപയോഗിച്ച ശേഷം വലിച്ചെറിയുക എന്നത് ഒരു പ്രത്യേക സാമൂഹിക - സാമ്പത്തിക അവസ്ഥയുടെ ഫലമാണ്. മാലിന്യം വലിച്ചെറിയാത്ത, വൃത്തിയുള്ള വാസസ്ഥലങ്ങളും പൊതു - സ്വകാര്യ സ്ഥാപനങ്ങളും പൊതുവിടങ്ങളും ഉള്ള ഒരു കേരളത്തെയാണ് നമ്മൾ സ്വപ്നം കാണുന്നത്. അത് നമ്മൾ നേടുക തന്നെ ചെയ്യും



# നാം നേടും വൃത്തിയുള്ള കേരളം

കേരളം മറ്റൊരു നവമാതൃക കൂടി തീർക്കാൻ പോകുന്നു. അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനമായ മാർച്ച് 30 ന് കേരളത്തെ സമ്പൂർണ്ണ മാലിന്യമുക്തമായി പ്രഖ്യാപിക്കും. 'മാലിന്യമുക്തം നവകേരളം' എന്ന മഹത്തായ യത്നത്തിലെ നാഴികക്കല്ലാകും മാർച്ച് 30.

കഴിഞ്ഞ രണ്ട് വർഷങ്ങളായി കേരളം നടത്തുന്ന പ്രവർത്തനങ്ങളുടെ വലിയൊരു വിജയമാകും മാലിന്യമുക്തമായ നവകേരളം. ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇതോടെ ഏറെക്കുറെ തയ്യാറാകും. മനുഷ്യവികസന സൂചികയിൽ നിരവധി അഭിമാനകരമായ നേട്ടങ്ങൾ നേടിയിട്ടും കേരളം പിന്നിലായിരുന്ന ഒരു മേഖലയായിരുന്നു മാലിന്യപരിപാലനം. ആ കുറവ് നമ്മൾ പരിഹരിക്കുകയാണ്. അതിനായി ബോധവത്കരണം ഉൾപ്പെടെയുള്ള കർമ്മപദ്ധതികൾ, നിയമനിർമ്മാണങ്ങൾ എന്നിവ വേണ്ടിവന്നു. ബോധവത്കരണത്തിലൂടെ ജനങ്ങൾക്കിടയിൽ മാലിന്യപരിപാലനം സംബന്ധിച്ച് വലിയ അവബോധം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. കർശനമായ നിയമ നടപടികളിലേക്കും സർക്കാർ കടക്കുകയുണ്ടായി.

## നേടിയത് വലിയ പുരോഗതി

കഴിഞ്ഞ രണ്ട് വർഷങ്ങളിൽ മാലിന്യപരിപാലന രംഗത്ത് കേരളം കൈവരിച്ച പുരോഗതി അമ്പരപ്പിക്കുന്നതാണ്. 2023 മാർച്ച് മാസവുമായി താരതമ്യം ചെയ്താൽ 2024 നവംബർ വരെ സ്ഥാപനങ്ങളിൽ നിന്നും വീടുകളിൽ നിന്നുമുള്ള വാതിൽപ്പടി ശേഖരണം 47% ശതമാനത്തിൽ നിന്നും 90% മായി വർധിച്ചു. യൂസർ ഫീ ശേഖരണം ഇക്കാലയളവിൽ 34.9% ത്തിൽ നിന്നും 72% മായി ഉയർന്നു. മിനി എംസിഎഫുകൾ 7446ൽ നിന്നും 21,013 ആയി വർധിച്ചു. എം സി എഫുകൾ

1160ൽ നിന്നും 1325 ആയും ആർ ആർ എഫുകൾ 87ൽ നിന്നും 190 ആയും വർധിച്ചു. ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം 33,378ൽ നിന്നും 37,363 ആയി. എംപാനൽ ചെയ്ത സ്വകാര്യ ഏജൻസികൾ 74ൽ നിന്നും 267 ആയി. 3557 സിസിടിവി ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തി. ഇതുവരെ സ്ഥാപിച്ച വേസ്റ്റ് ബിന്നുകൾ 32,410. ആകെയുള്ള 59 മാലിന്യക്കുനകളിൽ 24 എണ്ണം പൂർണ്ണമായും നീക്കം ചെയ്തു. ബ്രഹ്മപുരം ഉൾപ്പെടെ 10 എണ്ണത്തിലെ പണി അവസാനഘട്ടത്തിലാണ്.

മാർച്ച് 30 ന് മാലിന്യമുക്തമായി പ്രഖ്യാപിക്കപ്പെട്ടാലും കഴിഞ്ഞ രണ്ടു വർഷം ജാഗ്രതയോടെയും തീവ്രമായും നടത്തിയ പ്രവർത്തനങ്ങൾ തുടരുക തന്നെ വേണം. കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് മാലിന്യമുക്ത പ്രഖ്യാപനം നടത്താൻ ഉദ്ദേശിക്കുന്നത്. ഇതിന് കഴിയാത്ത തദ്ദേശസ്ഥാപനങ്ങളുടെയും പ്രദേശങ്ങളുടെയും ഇക്കാര്യത്തിലുള്ള അലംഭാവം പരസ്യമായ വിലയിരുത്തലിന് വിധേയമാകും. തുടർന്നുള്ള ദിവസങ്ങളിൽ അത്തരം പ്രദേശങ്ങളും കേരളത്തിന്റെ പൊതുധാരയിലേക്ക് ചേർക്കപ്പെടും. ചെറിയ അലംഭാവം പോലും ഈയൊരു പ്രവർത്തനത്തിൽ തിരിച്ചടികൾ ഉണ്ടാക്കും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തന്നെയാണ് ഈ പ്രവർത്തനങ്ങൾ ഊർജസ്വലമായി നടന്നുവരുന്നത്. അത് അതേ ആത്മാർഥതയോടെ തുടരേണ്ടതുണ്ട്. നിശ്ചയിച്ച പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൃത്യമായി നടപ്പാക്കുകയും അവ വാർ റൂം പോർട്ടലിൽ ലഭ്യമാക്കുകയും വേണം. ഈ പ്രവർത്തനങ്ങളുടെ ജില്ലയിലെ മേൽനോട്ട ചുമതല തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർക്കാണ്. മികച്ച പ്രവർത്തനം നടത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അതിനുള്ള അംഗീകാരം നൽകാനും തീരുമാനിച്ചിട്ടുണ്ട്. 2025 ഫെബ്രുവരി, മാർച്ച് മാസങ്ങൾ വളരെ സുപ്രധാനമായ പ്രവർത്തനങ്ങൾ നടക്കുന്ന കാലഘട്ടമാണ്. ഈ സമയത്ത് മാതൃകാപരമായ പ്രവർത്തനം നടത്തുന്ന മികച്ച മൂന്ന് ഗ്രാമ പഞ്ചായത്തുകൾക്കും മൂന്ന് നഗരസഭകൾക്കും രണ്ട് ലക്ഷം രൂപ വീതം പാരിതോഷികം ശുചിത്വ മിഷൻ നൽകും. മികച്ച മൂന്ന് ജില്ലകൾക്കും രണ്ടു ലക്ഷം രൂപ വീതം നൽകും.

കേരളം മാലിന്യമുക്തമാക്കുന്നതിനും സുസ്ഥിരമായ മാലിന്യപരിപാലനം കേരളത്തിൽ നടക്കുന്നുവെന്ന് ഉറപ്പുവരുത്താനും നിരവധി ചുമതലകൾ ഏറ്റെടുക്കേണ്ടതുണ്ട്. ജനങ്ങളുടെ സമ്പൂർണ്ണ സഹകരണത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇത് കഴിയും. എല്ലാ പൊതുസ്ഥലങ്ങളും വൃത്തിയും ശുചിത്വവുമുള്ളതാക്കി മാറ്റുകയാണ് ലക്ഷ്യം. പ്രധാന ജങ്ഷനുകൾ, മാർക്കറ്റ്, ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ, ബസ് സ്റ്റാൻഡ്, ആശുപത്രി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഓഫീസ് സമുച്ചയങ്ങൾ, ജലാശയങ്ങൾ തുടങ്ങി പ്രധാന പൊതുവിടങ്ങൾ സൗന്ദര്യവത്കരിക്കണം. ഇതിനു പുറമെ പ്രത്യേകതയുള്ളതും അനിവാര്യമെന്ന് തോന്നുന്നതുമായ ഇടങ്ങളും ഉൾപ്പെടുത്താം. ഇവയ്ക്ക് ചുറ്റുമുള്ള പ്രദേശങ്ങൾ



വൃത്തിയായി സൂക്ഷിക്കണം. ആവശ്യമുള്ളത്ര വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കണം. ഓഡിറ്റോറിയങ്ങളിൽ സിറ്റിങ് കപ്പാസിറ്റി അനുസരിച്ചും കടകൾ/ഷോപ്പിങ് കോംപ്ലക്സുകൾ എന്നിവിടങ്ങളിൽ കടകളുടെ എണ്ണമനുസരിച്ചും സ്കൂളുകളിൽ കുട്ടികളുടെ എണ്ണമനുസരിച്ചും വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം. ഈ ബിന്നുകളിൽ നിന്നുള്ള



**ബിന്നുകളിൽ നിന്നുള്ള ജൈവ, അജൈവ മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യാനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും അത് യഥാസമയം നടക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും വേണം**

ജൈവ, അജൈവ മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യാനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും അത് യഥാസമയം നടക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും വേണം. ജൈവമാലിന്യങ്ങൾ അതിനുള്ള സംസ്കരണ സംവിധാനത്തിൽ എത്തിച്ച് സംസ്കരിക്കപ്പെടുന്നുവെന്നും അജൈവമാലിന്യം ഹരിതകർമസേന വഴി എം സി എഫിലേക്ക് എത്തിക്കുന്നുവെന്നും ഉറപ്പാക്കണം.

## ബോധവത്കരണ പ്രവർത്തനങ്ങൾ തുടരണം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ ദിവസേന അടിച്ചുവാരി വൃത്തിയാക്കൽ നടക്കുന്നുവെന്ന് ഉറപ്പാക്കണം. ഇതിനാവശ്യമായ തൊഴിലാളികളെ നിയോഗിക്കണം. വാൾ പെയിന്റ് ചെയ്ത് മനോഹരമാക്കാൻ കഴിയുന്ന പൊതുവിടങ്ങൾ അങ്ങനെ മനോഹരമാക്കണം. പ്രധാന ടൗണുകൾ, ജലാശയങ്ങളുടെ പരിസരങ്ങൾ, ടോയ്ലറ്റ് സമുച്ചയങ്ങൾ, മാലിന്യസംസ്കരണ പ്ലാന്റുകൾ, തദ്ദേശ സ്ഥാപന ഓഫീസുകൾ എന്നിവിടങ്ങളിൽ മാലിന്യമുക്ത നവകേരളത്തിനായുള്ള ഐ ഇ സി സന്ദേശങ്ങൾ പ്രദർശിപ്പിക്കുന്നുവെന്ന് ഉറപ്പാക്കണം.

പൊതുവിടങ്ങളെ മനോഹരമാക്കുന്നതിന് ചുമതല നിശ്ചയിക്കണം. സ്ഥാപിക്കുന്ന ചെടികൾക്കും ചെടിച്ചട്ടികൾക്കും സംരക്ഷണം ലഭിക്കുന്നുവെന്ന് ഉറപ്പാക്കണം. ഇതിനായി വ്യാപാരി വ്യവസായി സംഘടനകൾ, കടയുടമകൾ, വിവിധ സംഘടനകൾ, ഹരിതകർമ്മസേന എന്നിവരെ ഏകോപിപ്പിച്ച് പ്രവർത്തനം നടത്തണം. വിപുലമായ ബോധവത്കരണ പ്രവർത്ത




നങ്ങൾ തുടരുക തന്നെ വേണം.

തദ്ദേശ സ്ഥാപനങ്ങളിൽ ഫെബ്രുവരി, മാർച്ച് മാസങ്ങളിലേക്ക് പ്രത്യേക എൻഫോഴ്സ്മെന്റ് സ്ക്വാഡുകളെ നിയോഗിച്ചിട്ടുണ്ട്. ഈ സ്ക്വാഡ് അംഗങ്ങൾക്ക് ജില്ലാതലത്തിൽ പരിശീലനം ലഭിച്ചുവെന്ന് ഉറപ്പുവരുത്തും. നഗരസഭകൾ, മുൻസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ എല്ലാ ദിവസവും ഗ്രാമപഞ്ചായത്തുകളിൽ ആഴ്ചയിൽ കുറഞ്ഞത് രണ്ട് ദിവസവും സ്ക്വാഡ് പ്രവർത്തിക്കും. കോർപ്പറേഷനുകളിൽ പരമാവധി അഞ്ച് സ്ക്വാഡുകൾ വരെ ഉണ്ടാകും. മാലിന്യസംസ്കരണ നിയമ, നടപടിക്രമങ്ങൾ പ്രകാരമുള്ള കാര്യങ്ങൾ സ്ക്വാഡ് പരിശോധിക്കും. ആവശ്യമെങ്കിൽ പിഴ ചുമത്തുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. പഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറിയുടെ മേൽനോട്ടത്തിലും നഗരസഭകളിൽ ഹെൽത്ത് ഓഫീസർ/ ക്ലീൻ സിറ്റി മാനേജർ/ ഹെൽത്ത് ഇൻസ്പെക്ടർ മേൽനോട്ടത്തിലും ആയിരിക്കും സ്ക്വാഡുകൾ പ്രവർത്തിക്കുക. ഒരു ദിവസം എത്ര സ്ഥലങ്ങളിൽ പരിശോധന നടത്തി, എത്ര ഫൈൻ ചുമത്തി, എത്ര പിഴ ഈടാക്കി, എത്ര പേർക്ക് നോട്ടീസ് നൽകി നിയമനടപടികൾ സ്വീകരിച്ചു എന്നീ വിവരങ്ങൾ പോർട്ടലിൽ രേഖപ്പെടുത്തേണ്ടതുണ്ട്. ഈ വിവരങ്ങളുടെ ആധികാരികത ഇന്റേണൽ വിജിലൻസ് ഓഫീസർ മുഖേന ജോയിന്റ് ഡയറക്ടർ ഉറപ്പുവരുത്തും. നിയമലംഘനങ്ങൾ വഴി ശേഖരിക്കുന്ന പിഴ തദ്ദേശസ്ഥാപനങ്ങളിലെ സ്ക്വാഡിലേക്ക് അധികമായി തെരഞ്ഞെടുത്ത ഉദ്യോഗസ്ഥർക്കുള്ള വേതനം, വാഹനവാടക എന്നിവ നൽകുന്നതിലേക്കും വിനിയോഗിക്കാം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലൈസൻസ് നൽകി പ്രവർത്തിക്കുന്ന കടകൾ, സ്ഥാപനങ്ങൾ എന്നിവയിൽ സർക്കാർ നിർദേശപ്രകാരമുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഇല്ലാത്തവയുടെ ലൈസൻസ് റദ്ദ് ചെയ്യും. പുതുതായി ലൈസൻസിന് അപേക്ഷിക്കുന്നവർക്ക് സർക്കാർ നിർദേശപ്രകാരമുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉണ്ടെങ്കിൽ മാത്രമേ സെക്രട്ടറിമാർ ലൈസൻസ് നൽകേണ്ടതുള്ളൂ. ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കും. സ്കൂളുകൾ, പൊതു-സ്വകാര്യ സ്ഥാപനങ്ങൾ, ഓഫീസുകൾ എന്നിവയിൽ മുഴുവൻ മാലിന്യ പരിപാലന സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ടെന്ന് തദ്ദേശസ്ഥാപന സെക്രട്ടറിമാർ ഉറപ്പുവരുത്തും. വാർഡ് തലങ്ങളിൽ ശുചിത്വ വാർഡ് സഭകൾ നടത്തും. പരമാവധി ജനങ്ങളെ പങ്കെടുപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ശുചിത്വ ജാഥകൾ സംഘടിപ്പിക്കുകയും ശുചിത്വ പ്രതിജ്ഞ എടുക്കുകയും ചെയ്യും.

**മാലിന്യ പരിപാലനം ഇടവേളകളില്ലാതെ തുടരേണ്ട ഒരു സാമൂഹികയത്നമാണ്. യുക്തിസഹവും ശാസ്ത്രീയവും മാനവികതയുള്ളതുമായ ഉപഭോഗം മാലിന്യത്തെ വലിയ അളവിൽ കുറയ്ക്കും.**

## മാലിന്യ പരിപാലനം സാമൂഹികയത്നമാണ്

മാലിന്യ പരിപാലനം ഇടവേളകളില്ലാതെ തുടരേണ്ട ഒരു സാമൂഹികയത്നമാണ്. യുക്തിസഹവും ശാസ്ത്രീയവും മാനവികതയുള്ളതുമായ ഉപഭോഗം മാലിന്യത്തെ വലിയ അളവിൽ കുറയ്ക്കും. അതിനുള്ള മനോഭാവം വളർത്തുക എന്നതും മാലിന്യ പരിപാലനത്തിൽ പ്രധാനമാണ്. ഉണ്ടാകുന്ന മാലിന്യങ്ങളിൽ പരമാവധി ഉറവിടത്തിൽ തന്നെ സംസ്കരിക്കുകയും അതിന് കഴിയാത്ത മാലിന്യങ്ങൾ സാമൂഹികമായി സംസ്കരിക്കുന്നതിനുള്ള ഉപാധികൾ വഴി നൽകുകയും വേണം. പുനരുപയോഗം ചെയ്യാൻ കഴിയാത്ത മാലിന്യങ്ങളും മിശ്രമാലിന്യങ്ങളുമാണ് സ്വകാര്യ ഏജൻസികൾ ശേഖരിച്ച് സിമന്റ് ഫാക്ടറികളിലേക്ക് അയക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യം ഇവിടെ തന്നെ സംസ്കരിക്കപ്പെടണം. ഇതിനായി പുതിയ സങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പ്ലാന്റുകൾ സ്ഥാപിച്ച് ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്.

ഉപയോഗിച്ച ശേഷം വലിച്ചെറിയുക എന്നത് ഒരു പ്രത്യേക സാമൂഹിക- സാമ്പത്തിക അവസ്ഥയുടെ ഫലമാണ്. മാലിന്യം വലിച്ചെറിയാത്ത, വൃത്തിയുള്ള വാസസ്ഥലങ്ങളും പൊതു- സ്വകാര്യ സ്ഥാപനങ്ങളും പൊതുവിടങ്ങളും ഉള്ള ഒരു കേരളത്തെയാണ് നമ്മൾ സ്വപ്നം കാണുന്നത്. അത് നമ്മൾ നേടുക തന്നെ ചെയ്യും.■

എൻ. ജഗജീവൻ
കൺസൾട്ടന്റ്, ശുചിത്വ മിഷൻ



കേരളത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ശക്തമായ നേതൃത്വവും ഇച്ഛാശക്തിയും തദ്ദേശസ്വയംഭരണ വകുപ്പ്, കുടുംബശ്രീ മിഷൻ, ഹരിത കേരളം മിഷൻ, ശുചിത്വ മിഷൻ, ക്ലീൻ കേരളാ കമ്പനി തുടങ്ങിയവയുടെ ഏകോപിത പ്രവർത്തനം, മാലിന്യപരിപാലനം തൊഴിൽ - സംരംഭ മേഖലയായി കണ്ടറിഞ്ഞ് സധൈര്യം മുന്നോട്ടു വന്ന നിക്ഷേപകരും സംരംഭകരും ജനകീയ സാംസ്കാരിക സംഘടനകളും സന്നദ്ധപ്രവർത്തകരും തുടങ്ങി സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ളവരുടെ പങ്കാളിത്തവും പിന്തുണയുമാണ് മാലിന്യമുക്തം നവകേരളം പരിപാടിയുടെ ശക്തി.

# ഒരുമയും ഇച്ഛാശക്തിയും



മാലിന്യമുക്ത സംസ്ഥാനം എന്നതിലും കേരളത്തിന്റെ ചുവട് വയ്പ് വളരെ വ്യത്യസ്തവും ശ്രദ്ധേയവുമാണ്. മാലിന്യ പരിപാലനത്തിൽ സ്വീകരിക്കേണ്ട രീതികൾ സംബന്ധിച്ച് ശക്തമായ സംവാദങ്ങളും തർക്കങ്ങളും നടന്നിട്ടുണ്ട്. ഈ സർഗാത്മകമായ ചർച്ചകളിൽ നിന്നാണ് നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി മാലിന്യമുക്ത നവകേരളം എന്ന പരിപാടി രൂപപ്പെട്ടുവന്നത്. മാലിന്യത്തെ ഒന്നിനും സാധ്യമല്ലാത്ത വസ്തു എന്നതിൽ നിന്നും വ്യത്യസ്തമായി കാർഷിക - വ്യവസായ വികസനത്തിനുള്ള വിഭവമായും പരിപാലന രീതി പ്രകൃതിസൗഹൃദവും സുസ്ഥിരതയും ഉറപ്പാക്കുന്നതുമായിരിക്കണമെന്ന സമീപനവുമാണ് മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ സമീപനം. ഈ സമീപനം വ്യത്യസ്ത ജനവിഭാഗങ്ങളുടെ വിപുലമായ പങ്കാളിത്തത്തിന് കാരണമായിട്ടുണ്ട്. മാലിന്യം മൂല്യവത്തായ ഉൽപന്നമായി മാറുന്നതിലെ ആദ്യ പടി ഉറവിടത്തിലെ തരം തിരിക്കലാണ്. ജൈവമാലിന്യം കമ്പോസ്റ്റാക്കി മാറ്റൽ, പരമാവധി പുനഃ ചക്രമണത്തിന് വിധേയമാക്കൽ, മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളും മാലിന്യം ഉൽപാദിപ്പിക്കുന്നവരുടെ ഉത്തരവാദിത്വം ഉറപ്പാക്കാൻ സഹായകമായി. ഈ സമീപനം മാലിന്യ പരിപാലനത്തിൽ പരസ്പരവിശ്വാസവും ഉത്തരവാദിത്വവും ഉറപ്പാക്കുന്ന ഒരു സാമൂഹ്യരീതി വളർന്നുവരാൻ സഹായകമാകുന്നുണ്ട്. മാലി



ന്യപരിപാലനം സാമൂഹിക ഉത്തരവാദിത്വത്തിൽ നടക്കുന്ന രീതിയിലേക്ക് മാറിവരുന്നതിന് ഈ സമീപനം അനിവാര്യവുമാണ്.

## വാതിൽപ്പടി ശേഖരണത്തിന്റെ മേന്മ

2023ൽ 47% ആയിരുന്ന അജൈവ പാഴ്‌വസ്തുക്കളുടെ വാതിൽപ്പടി ശേഖരണത്തിന്റെ തോത് 2025 ആയപ്പോൾ 89%ത്തിലേക്ക് ഉയർന്നു. 35% ഉണ്ടായിരുന്ന യൂസർഫീ കളക്ഷൻ 72%മായി. 376 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 11 ലക്ഷം പേർ ഹരിതമിത്രം ആപ്ലിക്കേഷൻ സർവീസ് ഉപയോഗിച്ചിരുന്നത് 1019 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 76 ലക്ഷത്തിലേക്ക് എത്തിക്കാൻ കഴിഞ്ഞു. 7446 മിനി എം.സി.എഫ് എന്ന താൽക്കാലിക അജൈവ പാഴ്‌വസ്തു സംഭരണ കേന്ദ്രങ്ങൾ 21,013 ആയി. വലിയ സംഭരണ സംവിധമായ എം.സി.എഫ്കളുടെ എണ്ണം 1160ൽ നിന്നും 1325ലേക്കും ആർ.ആർ.എഫ്കളുടെ എണ്ണം 87ൽ നിന്നും 190ലേക്ക് വർധിച്ചതും മാലിന്യ പരിപാലന പ്രവർത്തനങ്ങളുടെ വേഗവും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിന് സഹായകരമായ ഘടകങ്ങളാണ്. 2023ൽ 33,378 ഉണ്ടായിരുന്ന ഹരിത കർമ്മ സേന അംഗങ്ങളുടെ എണ്ണം ഇന്ന് 37363 ആയി ഉയർന്നു. 2022-23 സാമ്പത്തിക വർഷം 30,217ടൺ അജൈവ മാലിന്യം കൈകാര്യം ചെയ്ത സ്ഥാനത്ത് ക്ലീൻ കേരള കമ്പനി ഈ സാമ്പത്തിക വർഷം അവസാനിക്കാൻ രണ്ട് മാസം കൂടി ഉള്ളപ്പോൾ തന്നെ 45,197 ടൺ അജൈവ മാലിന്യമാണ് കൈകാര്യം ചെയ്തത്. 87300 ച.അടി ആയിരുന്ന ക്ലീൻ കേരള കമ്പനിയുടെ ശേഖരണ സംവിധാനങ്ങളുടെ ശേഷി 231799 ച.അടി ആയി വർധിച്ചു. മാലിന്യസംസ്കരണ രംഗത്തെ സ്വകാര്യ ഏജൻസികളുടെ പങ്കാളിത്തവും ഈ കാലയളവിൽ വർധിച്ചു. വിവിധ സേവനങ്ങൾ നൽകുന്ന ശുചിത്വ മിഷന്റെ അംഗീകാരം നേടിയ കമ്പനികളുടെ എണ്ണം 74ൽ നിന്നും 188 ആയി വർധിച്ചു. സ്വകാര്യ ഏജൻസികളുടെ നേതൃത്വത്തിൽ അജൈവ പാഴ്‌വസ്തു പരിപാലനത്തിനുള്ള അടിസ്ഥാനസൗകര്യങ്ങളും വിപുലപ്പെട്ടു. 53 ഏജൻസികൾക്കായി 83 ഗോഡൗണുകൾക്കായി 612 128 ചതു അടി സംഭരണശേഷിയുണ്ട്. ഇതിന് 306 ടൺ അജൈവ പാഴ് വസ്തു പ്രതിദിനം തരംതിരിക്കാനുള്ള സൗകര്യവും ഉണ്ട്. 35 റെൻഡറിംഗ് പ്ലാന്റുകൾ ചിക്കൻ വേസ്റ്റ് സംസ്കരിക്കുന്നതിനും മുടി മാലിന്യ സംസ്കരണത്തിന് ഒരു പ്ലാന്റും സ്വകാര്യസംരംഭകരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. കൂടുതൽ സ്വകാര്യ ഏജൻസികൾ സംസ്ക്കരണ സംവിധാനങ്ങൾ സജ്ജമാക്കുന്നതിന് മുന്നോട്ടു വരുന്നുണ്ട്.

സംസ്ഥാനത്ത് 59 സ്ഥലങ്ങളിലായി ആരംഭിച്ച ബയോ മൈനിങ് പ്രവർത്തനങ്ങളിൽ 345793.15 ടൺ മാലിന്യം സംസ്കരിക്കപ്പെട്ടു. 24 സ്ഥലങ്ങളിലെ പ്രവർത്തനങ്ങൾ പൂർത്തിയായി. 2024-25 സാമ്പത്തിക വർഷത്തിൽ 37615



**2023ൽ 47% ആയിരുന്ന അജൈവ പാഴ്‌വസ്തുക്കളുടെ വാതിൽപ്പടി ശേഖരണത്തിന്റെ തോത് 2025 ആയപ്പോൾ 89%ത്തിലേക്ക് ഉയർന്നു. 35% ഉണ്ടായിരുന്ന യൂസർഫീ കളക്ഷൻ 72%മായി.**

പ്രോജക്ടുകളാണ് ഉള്ളത്. 3326.5 കോടി രൂപയാണ് ഈ പ്രോജക്ടുകൾക്കായി വകയിരുത്തിയിരിക്കുന്നത്. 54 സാനിറ്ററി മാലിന്യ സംസ്കരണം, 19 ആർ.ഡി.എഫ് പ്ലാന്റ്, 42എഫ്.എസ്.റ്റി.പി, 290 എസ്.ടി.പി, 486എം.സി.എഫ്, 19 ഭൂഗർഭ എസ്.റ്റി.പി, 260 കണ്ടൈനർ എം.സി.എഫ്, 25 എം.റ്റി.യു എന്നിവയാണ് മുൻഗണന നൽകിയിരിക്കുന്ന മറ്റു പ്രോജക്ടുകൾ

മാലിന്യ പരിപാലനം സുസ്ഥിരവും സമ്പൂർണ്ണവുമാക്കുന്നതിന് അനിവാര്യമായ നയങ്ങൾ, നിയമങ്ങൾ, പ്രവർത്തന മാർഗരേഖകൾ തുടങ്ങി നിരവധി നടപടികളും ഇതിനകം സ്വീകരിച്ചിട്ടുണ്ട് . ഇതിന്റെ ഭാഗമായി സ്ക്രാപ്പ്, ഇ.പി.ആർ, പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ്, ഗ്രീൻ എന്റർപ്രൈസ് തുടങ്ങിയവക്കായി നയങ്ങൾ കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. എം.സി.എഫ് / ആർ.ആർ.എഫ് / തുമ്പൂർമുഴി യൂണിറ്റുകൾ, അറവുശാലകൾ, ആപത്കരമായ ഗാർഹിക മാലിന്യം-സാനിറ്ററി മാലിന്യം-മുടിമാലിന്യം, മത്സ്യമാലിന്യത്തിന്റെ ശേഖരണം, ഗതാഗതം, ഇലക്ട്രോണിക് മാലിന്യം തുടങ്ങിയവയ്ക്കുള്ള സ്റ്റാന്റേഡ് ഓഫ് ഓപ്പറേറ്റിങ്ങ് പ്രൊസീജിയറും തയ്യാറായിക്കഴിഞ്ഞു.

## മാലിന്യം സംരംഭസാധ്യതകളുടേതുമാണ്

ഇറച്ചിമാലിന്യം, മത്സ്യമാലിന്യം, മുടിമാലിന്യം, ഇ-വേസ്റ്റ്, മെഡിക്കൽ മാലിന്യം തുടങ്ങിയ മേഖലകളിൽ പൂർണ്ണമായും സ്വകാര്യസംരംഭകരാണ് സംസ്ക്കരണ രംഗത്തുള്ളത്. ബിൽഡിംഗ് വേസ്റ്റ്, സാനിട്ടറി മാലിന്യം, തുടങ്ങിയതിനും സംസ്കരണ സംവിധാനം ഒരുക്കാൻ സ്വകാര്യസംരംഭകരുണ്ട്. പുനഃചക്രമണവ്യവസായത്തിലും ബദൽ ഉൽപന്ന സംരംഭരംഗത്തും പ്രത്യേക മാലിന്യങ്ങളുടെ സംസ്കരണ രംഗത്തും പുതിയ സംരംഭകരും സ്റ്റാർട്ടപ്പുകളും വന്നുതുടങ്ങി. ഓരോ സർക്കാർ വകുപ്പും വകുപ്പിന്റെ സ്ഥാപനങ്ങളും പ്രവർത്തനങ്ങൾ/ സേവനങ്ങളുടെ ഭാഗമായി ഉണ്ടാകാവുന്ന മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ശുചിത്വ മിഷന്റെ സാങ്കേതിക സഹായത്തോടെ തുടങ്ങി എന്നതും ശ്രദ്ധേയമായ നടപടിയാണ്.

പുനഃചംക്രമണ വ്യവസായം വിപുലമാക്കുന്നതിനുള്ള നടപടികളും ഈ കാലയളവിൽ സജീവമായി. ഇതിന്റെ ഫലമായി വിവിധ തരം പാഴ്‌വസ്തുക്കളിൽ നിന്നും മൂല്യവർധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിനും അവയുടെ വിപണി വികസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ലീൻ കേരള കമ്പനിയും ഈ രംഗത്തേക്ക് പ്രവേശിച്ചു കഴിഞ്ഞു. നിലവിൽ 75 സ്വകാര്യ സംരംഭകരാണ് ഈ രംഗത്ത് സജീവമായിട്ടുള്ളത്. കൂടുതൽ പേരെ ഈ രംഗത്ത്

# ജൈവമാലിന്യ സംസ്കരണത്തിലെ നേട്ടങ്ങൾ

271 പൊതു ബയോഗ്യാസ് പ്ലാന്റുകളിൽ 142.26 ടൺ ജൈവമാലിന്യം പ്രതിദിനം സംസ്ക്കരിക്കപ്പെടുന്നു. 1303 പൊതു കമ്പോസ്റ്റിങ് സംവിധാനങ്ങളിലായി 149.36 ടൺ മാലിന്യവും പ്രതിദിനം കൈകാര്യം ചെയ്യുന്നു. 100 ടൺ ജൈവമാലിന്യം പ്രതിദിനം രണ്ട് ബ്ലാക്ക് സോൾജിയർ ഫ്ലൈ യൂണിറ്റുകൾ സംസ്കരിക്കുന്നു. 1,59,1563 ഗാർഹികതല ജൈവ മാലിന്യസംസ്കരണ സംവിധാനത്തിൽ 4016.39 ടൺ മാലിന്യവും 42,290 സ്ഥാപനതല ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളാൽ 143.70 ടൺ മാലിന്യവും 1288182 കമ്പോസ്റ്റിംഗ് പിറ്റുകളിൽ 1293.38ടൺ ജൈവ മാലിന്യവും 34 വലിയ കമ്പോസ്റ്റിങ്ങ് സംവിധാനങ്ങളിലൂടെ 306.66 ടൺ ജൈവ മാലിന്യവും പ്രതിദിനം കൈകാര്യം ചെയ്യപ്പെടുന്നു. ഈ പ്രവർത്തനങ്ങൾ ഫലപ്രദമായി മോണിട്ടർ ചെയ്യുന്നതിന് ഹരിതമിത്രം, വാർറൂം പോർട്ടൽ, നിയമ ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യാനുള്ള സിംഗിൾ വാട്ട്സ്ആപ്പ് നമ്പർ തുടങ്ങിയ സംവിധാനങ്ങളിലൂടെ ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഉപയോഗം മാലിന്യസംസ്കരണപ്രവത്തനങ്ങളിൽ ഉപയോഗപ്പെടുത്തി.

കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ബദൽ ഉൽപന്ന സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു. പുനഃചക്രമണ ഉൽപന്നങ്ങളുടേയും ബദൽ ഉൽപന്നങ്ങളുടേയും വിപണിവികസനത്തിനും പ്രത്യേക പരിഗണന നൽകിയാണ് മുന്നോട്ടു നീങ്ങുന്നത്.

## നിരീക്ഷണവും നിയമനടപടിയും

മാലിന്യ പരിപാലന സംവിധാനങ്ങൾ സജ്ജമാക്കുന്നതിനോടൊപ്പം സുസ്ഥിരതയും സമ്പൂർണ്ണതയും ഉറപ്പാക്കാനുള്ള നടപടികളും പ്രധാനമാണ്. പൊതുബോധം ഉയർത്തുന്നതിനും ഉറപ്പാക്കുന്നതിനും വേണ്ട ബഹുജന വിദ്യാഭ്യാസ പരിപാടിക്ക് ഒപ്പം നിയമനടപടി കർശനമാക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി പഞ്ചായത്ത് - നഗരപാലിക നിയമത്തിൽ കാര്യമായ മാറ്റം നിലവിൽ വന്നു കഴിഞ്ഞു . കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ജില്ലാതലത്തിലും പ്രത്യേക എൻഫോഴ്സ്മെന്റ് ടീമുകൾക്ക് രൂപം നൽകി പ്രവർത്തിച്ചുവരുന്നു. ഇതിന്റെ ഭാഗമായി നിയമനടപടികളുടെ കാര്യത്തിലും വളരെ വലിയ വർധന ഉണ്ടായിട്ടുണ്ട്. 1138 പരിശോധനകളാണ് 2023ൽ നടത്തിയത് എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ ഇത് 50,559 ആയി ഉയർന്നു. ഈടാക്കിയ പിഴത്തുക മൂന്ന് ലക്ഷത്തിൽ നിന്നും 5.5 കോടിയിലേക്കും ഉയർന്നു. നിരീക്ഷണവും നിയമനടപടിയും കർശനമാക്കുന്നതിന്റെ ഭാഗമായി 3557 ഇടങ്ങളിൽ ക്യാമറ നിരീക്ഷണ സംവിധാനം നിലവിൽ വന്നു.

ശാസ്ത്രീയ മാലിന്യ പരിപാലനം ഉറപ്പാക്കൽ സങ്കീർണ്ണമായ പ്രശ്നമാണ്.. ഉപഭോഗം, ജീവിത ശൈലി , യാത്ര - പുറം ജീവിത സമയത്തിലെ മാറ്റം, ഉൽപന്നങ്ങളുടെ പാക്കിങ്ങിലെ മാറ്റം, തുടങ്ങി വിവിധ ഘടകങ്ങൾ മാലിന്യത്തിന്റെ സ്വഭാവവും അളവും നിരന്തരം മാറ്റികൊണ്ടിരിക്കുന്നു. ഓരോ പ്രദേശത്തിന്റേയും ജീവിത രീതി, തൊഴിൽ, തൊഴിൽ സ്വഭാവം , ഭൂപ്രകൃതി തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി മാലിന്യ പരിപാലനരീതി വികസിപ്പിക്കേണ്ടതുണ്ട്. അതിനാണ് കേരളം ഇത്തരം സങ്കീർണമായ പ്രശ്നങ്ങൾക്ക് ശാസ്ത്രീയമായ പരിഹാരം കാണാൻ കഴിയൂ. മാലിന്യപരിപാലന ഉപാധികൾ, ശേഖരണ രീതി, സംസ്കരണ രീതി, ബഹുജനവിദ്യാഭ്യാസം, സംവിധാനങ്ങളുടെ നടത്തിപ്പും മോണിട്ടറിങ്ങും തുടങ്ങി ഓരോ ഘടകത്തിലും പ്രാദേശികമായ മാതൃകകൾ സൃഷ്ടിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രമിക്കുന്നു.



ശ്രമിച്ചിട്ടുള്ളത്. ഇതിന്റെഫലമായിമാലിന്യ പരിപാലന രീതി, ഉപാധികൾ, ശേഖരണ സംവിധാനങ്ങൾ തുടങ്ങി ഓരോന്നിലും പ്രാദേശിക പ്രത്യേകതകൾ ഉൾക്കൊണ്ട് വേണ്ട മാറ്റം വരുത്താൻ കഴിയണം. ഇക്കാര്യത്തിൽ നിരവധി സംഭാവനകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെയ്തിട്ടുണ്ട്. പ്രാദേശിക സർഗാത്മകത ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്നതിലൂടെ മാത്രമേ കേരളം പിന്തുടരുന്ന മാലിന്യപരിപാലന രീതി ക്ലൈമറ്റ് റെസിലിയന്റ് ഇടപെടൽ കൂടിയാണ്. ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനം പരമാവധി കുറച്ചും ചാക്രിക സമ്പദ്ഘടനാതത്ത്വങ്ങൾ ഉൾക്കൊണ്ടും മണ്ണിന്റെ ഫലപുഷ്ടി സംരക്ഷിക്കാനും കഴിയുന്ന രീതിയിലാണ് നമ്മൾ മുന്നോട്ടു നീങ്ങുന്നത്. അതുകൊണ്ടു തന്നെ അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിന സന്ദേശം നൽകാൻ കേരളത്തിന്റെ പ്രവർത്തനം മാതൃകാപരമാണ്.■

ആര്യ രാജേന്ദ്രൻ
മേയർ, തിരുവനന്തപുരം കോർപ്പറേഷൻ



> ആമയിഴഞ്ചാൻ തോടുൾപ്പെടെ നഗരത്തിലെ തോടുകളും ജലാശയങ്ങളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനായി നിരവധി പ്രവൃത്തികളാണ് തിരുവനന്തപുരം നഗരസഭ നടപ്പിലാക്കിവരുന്നത്. അനധികൃതമായി മാലിന്യം ശേഖരിച്ച് പൊതുവഴികളിലും ജലാശയങ്ങളിലും നിക്ഷേപിക്കുന്നതിനെതിരെ കർശനവും നിരന്തരവുമായ നടപടികൾ സ്വീകരിച്ചുവരുന്നു



# മാലിന്യമുക്തമായ തലസ്ഥാനനഗരിക്ക്

തിരുവനന്തപുരം നഗരത്തിന്റെ ജീവധമനിയായ നീരൊഴുക്കുകളുടെ സുഗമമായ സഞ്ചാരത്തിനും അവ മാലിന്യമുക്തമാക്കുന്നതിനും കോർപ്പറേഷൻ പ്രതിജ്ഞാബദ്ധമാണ്. അവയിൽ പ്രധാനം ഉദ്ദേശ്യം 6.8 കിലോമീറ്റർ ദൂരമുള്ള ആമയിഴഞ്ചാൻ തോടാണ്. കനകക്കുന്ന് ഒബ്സർവേറ്ററി കുന്ന് പരിസരത്ത് നിന്ന് തുടങ്ങി പാളയം ബേക്കറി ജംഗ്ഷൻ, കെ.എസ്.ആർ.ടി ബസ് സ്റ്റാന്റ് പരിസരം ചേർന്ന് തമ്പാനൂർ റെയിൽവെ സ്റ്റേഷൻ പാലത്തിന് അടിയിൽക്കൂടിയും പിന്നീട് പഴവങ്ങാടി വഴി കൈതമുക്ക് ഉപ്പിലാംമൂട് പാലം മുതൽ പാറ്റൂർ വഴി ഉള്ളൂർ തോട്ടിൽ ചേരുന്നു. ഈ ഭാഗങ്ങളിൽ ഫ്ളോട്ടിംഗ് വേസ്റ്റ് ശേഖരിക്കുന്നതിന് അഞ്ച് ട്രാഷ്ബൂമുകളും രണ്ട് മെറ്റൽ മെഷുകളും സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ മാലിന്യം ശേഖരിച്ച് മാറ്റുന്നതിനായി നഗരസഭ ജീവനക്കാർക്ക് പുറമെ പ്ലാസ്റ്റിക് ഫിഷറിന്റെ 22 മുഴുവൻ സമയ ജീവനക്കാരെയും നിയോഗിച്ചിട്ടുണ്ട്. ആമയിഴഞ്ചാൻ തോടിന്റെ കെ.എസ്.ആർ.ടി.സി, തകരപ്പറമ്പ്, പാറ്റൂർ, വഞ്ചിയൂർ ജനശക്തി നഗർ, കണ്ണമ്മൂല ഭാഗങ്ങളിൽ നഗരസഭ ട്രാഷ് ബൂം സ്ഥാപിച്ചിട്ടുണ്ട്. റെയിൽവെ ഭാഗത്തിന് തൊട്ടുമുമ്പ് കെ.എസ്.ആർ.ടി.സി വർക്ക് ഷോപ്പിന് സമീപവും മെറ്റൽ മെഷുകൾ സ്ഥാപിച്ചിട്ടുണ്ട്.

ആമയിഴഞ്ചാൻ തോടിലൂടെ ഒഴുകിയെത്തുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ സമുദ്രത്തിൽ എത്തുന്നത് തടയാൻ 2022ലാണ് നഗരസഭയും പ്ലാസ്റ്റിക് ഫിഷർ എന്ന ഏജൻസിയും ചേർന്ന് ട്രാഷ് ബൂം സ്ഥാപിച്ചത്. നാളിതുവരെ 176.3 ടൺ റീസൈക്കിൾ ചെയ്യാൻ ആവാത്തതും പുനരുപയോഗിക്കാവുന്നതുമായ അജൈവമാലിന്യം ശേഖരിച്ച് സംസ്കരിച്ചു. 2024 ജനുവരി മുതൽ മാത്രം ഇതുവരെ പ്രതിദിനം 23 ജീവനക്കാരെ മുഴുവൻ സമയം ഉപയോഗിച്ച് ശേഖരിച്ച് സംസ്കരിച്ചത് 72 ടൺ മാലിന്യമാണ്. ആമയിഴഞ്ചാൻ തോട് കടന്നുപോകുന്ന വാർഡുകളിൽ വിവിധ ലൊക്കേഷനുകളിലായി മാലിന്യസംസ്കരണത്തിനായി മിനി എം.സി.എഫുകൾ, കണ്ടെയ്നർ മിനി എം.സി.എഫുകൾ, എം.സി.എഫുകൾ, തുമ്പൂർമുഴി യൂണിറ്റുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. പ്രദേശങ്ങളിലെ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മ

സേന പ്രവർത്തകർ കൃത്യമായി മാലിന്യം ശേഖരിക്കുന്നുമുണ്ട്.

ഇതിനിടെ 2024 ജൂലൈ 13ന് ആമയിഴഞ്ചാൻ തോടിലെ റെയിൽവെയുടെ ഭാഗം വൃത്തിയാക്കുന്നതിനിടെ റെയിൽവെയുടെ കരാർ ശുചീകരണത്തൊഴിലാളി ജോയി ഒഴുക്കിൽപെട്ട് മരണമടഞ്ഞ സംഭവം ഉണ്ടായി. റെയിൽവെയുടെ ഭാഗം ശുചീകരിക്കുന്നതിനായി പലതവണ റെയിൽവെക്ക് കത്ത് നൽകിയിരുന്നതാണ്. റെയിൽവെയുടെ അധീനതയിലുള്ള ടണലിലെ മാലിന്യം നീക്കം ചെയ്യേണ്ട ഉത്തരവാദിത്വം റെയിൽവെയ്ക്കാണ്. എന്നാൽ റെയിൽവെയുടെ ഭാഗം എത്തുന്നതിന് മുമ്പും അത് കഴിഞ്ഞുമുള്ള ഭാഗങ്ങളിൽ നഗരസഭയുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനം കൃത്യമായി തന്നെ നടന്നിരുന്നു. അപകടമരണത്തിന് ശേഷവും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നിരവധിയായ പ്രവർത്തനങ്ങളാണ് നഗരസഭയുടെ നേതൃത്വത്തിൽ നടത്തിയത്.

## രാജാജിനഗറിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

രാജാജിനഗർ പാലത്തിന് മധ്യഭാഗത്തിന് സമീപവും രാജാജിനഗർ അവസാനിക്കുന്ന ഭാഗത്തും പുതുതായി ട്രാഷ്ബൂം സ്ഥാപിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. രാജാജി നഗർ കോംപാക്ട് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി നടപ്പാകുന്നതോടെ രാജാജിനഗറിലെ 856 വീട്ടുകൾക്കും 71 സ്ഥാപനങ്ങൾക്കും പ്ലാന്റിന്റെ പ്രയോജനം ലഭിക്കും. അപകടകരമായ സാഹചര്യങ്ങളിൽ മാലിന്യം നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായി ആരോഗ്യ പ്രവർത്തകർക്കും ശുചീകരണത്തൊഴിലാളികൾക്കും ഫയർ ആന്റ് സേഫ്റ്റിയുടെ സഹായത്തോടുകൂടി പരിശീലനം നൽകി. രാജാജിനഗറിൽ എല്ലാ സംവിധാനങ്ങളോടും കൂടിയ 1470 ചതുരശ്രയടി ഉള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിനുള്ള ടെൻഡറും രണ്ടെണ്ണത്തിന് ഭരണാനുമതിയും ആയിട്ടുണ്ട്.



ആമയിഴഞ്ചാൻ തോടിലെ ശുചീകരണ പ്രവർത്തനങ്ങൾ മന്ത്രി എം.ബി. രാജേഷ് വിലയിരുത്തുന്നു.

25 ഫേസ് ഡിറ്റെക്ഷൻ എ ഐ ക്യാമറകൾ സ്മാർട്ട് സിറ്റിയുടെ സഹായത്തോടെ ആമയിഴഞ്ചാൻ തോട് കടന്നുപോകുന്ന വിവിധ ഭാഗങ്ങളിലായി സ്ഥാപിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി ഗ്യാരേജിൽ നിന്നുമുള്ള മാലിന്യം, കടകളിൽ നിന്നുമുള്ള മാലിന്യം എന്നിവ ജൈവ, അജൈവ മാലിന്യങ്ങളായി തരംതിരിക്കുന്നതിനും സംസ്കരിക്കുന്നതിനും സൗകര്യം ഒരുക്കുന്നതിനും ദ്രവമാലിന്യം സംസ്കരിക്കുന്നതിനും കെ.എസ്.ആർ. ടി.സിക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി ഗ്യാരേജ് പരിസരങ്ങളിലെ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ബിന്നുകൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള മാലിന്യസംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്നതിന് നിർദേശം നൽകി തുടർനടപടി സ്വീകരിച്ചിട്ടുണ്ട്.

## അനധികൃത മാലിന്യശേഖരണം തടയും

മുഴുവൻ വീടുകളുടെയും, വാണിജ്യസ്ഥാപനങ്ങളുടേയും അജൈവ മാലിന്യം ഹരിതകർമ്മസേന മുഖേന ശേഖരിക്കുന്നതിനുള്ള നടപടികൾ നടപ്പാക്കി. അനധികൃതമായി മാലിന്യം ശേഖരിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുകയും അവരെ ഹരിതകർമ്മസേനയിലേക്ക് കൊണ്ട് വരുന്നതിനും നടപടി സ്വീകരിച്ചു. മാലിന്യം അനധികൃതമായി ശേഖരിച്ച/ നിക്ഷേപിച്ച വ്യക്തികൾക്കെതിരെ എഫ് ഐ ആർ രജിസ്റ്റർ ചെയ്യുന്നതിന് വിവിധ പോലീസ് സ്റ്റേഷനുകളിൽ ജൂലൈ 17 മുതൽ നാളിതുവരെ 28 കേസുകൾ രജിസ്റ്റർ ചെയ്തു.

കൂടാതെ 31 വാഹനങ്ങളും പിടികൂടിയിരുന്നു. 2024 ജൂലൈ മുതൽ ഒക്ടോബർ വരെ 2160 എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ 41,41,580 രൂപ ഫൈൻ ഈടാക്കിയിട്ടുണ്ട്. ഡേ സ്ക്വാഡ് മുഖാന്തരം നിരോധിത പ്ലാസ്റ്റിക് ക്യാരിബാഗുകളുടെയും മറ്റ് നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെയും ഉപയോഗം, വിതരണം, സംഭരണം, വിൽപന എന്നിവ തടഞ്ഞുവരുന്നു. 2024 ജൂലൈ മുതൽ നാളിതുവരെ 372 സ്ഥാപനങ്ങളിൽ നിന്നും 886 കിലോ നിരോധിത പ്ലാസ്റ്റിക് പിടിച്ചെടുത്ത് നോട്ടീസ് നൽകുകയും 106 പേരിൽ നിന്നും 5,56,560 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

## ജനകീയ സമിതികൾ

ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായും, ജലാശയ ശുദ്ധീകരണത്തിന്റെ ഭാഗമായും ആമയിഴഞ്ചാൻ തോട് കടന്നുപോകുന്ന വിവിധ വാർഡുകളിൽ ജനകീയ സമിതികൾ രൂപീകരിച്ചു. കനാൽ സംരക്ഷണ സെല്ലും രൂപീകരിച്ചു. കനാൽ കടന്നുപോകുന്ന വാർഡുകളിലെ ഹെൽത്ത് ഇൻസ്പെക്ടർമാരാണ് സെല്ലിലുള്ളത്. പുതിയതായി പാളയം മാർക്കറ്റിലും മൂന്ന് സ്കൂളുകളിലുമായി നാല് ഓർഗാനിക് വേസ്റ്റ് കൺവേർട്ടറും ചാല, ചെന്തിട്ട എന്നിവിടങ്ങളിൽ രണ്ട് ആർഡിഎഫുകളും സ്ഥാപിച്ചു. പുതിയതായി 10 തുമ്പൂർമൂഴി യൂണിറ്റുകൾ (100 ബിന്നുകൾ) സ്ഥാപിക്കുന്നതിനും 13 എം സി എഫ് സ്ഥാപിക്കുന്നതിനും നടപടി തുടരുന്നു. അതിൽ അഞ്ച് തുമ്പൂർമൂഴികളും (50 ബിൻ), മൂന്ന് എം സി എഫുകളും നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. രാജാജി നഗറിൽ നാല് സ്ഥലങ്ങളിലായി ഒരു ടൺ ശേഷിയുള്ള 14 മൊബൈൽ പോർട്ടബിൾ തുമ്പൂർമൂഴി സ്ഥാപിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ പകൽ, രാത്രികാല ഡ്യൂട്ടിക്കായി ശുചീകരണ തൊഴിലാളികളെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ആഴ്ചയും പ്രത്യേക കളക്ഷൻ ഡ്രൈവ് നടത്തി അജൈവ മാലിന്യങ്ങൾ ശേഖരിക്കുകയും ചെയ്യുന്നു.

തിരുവനന്തപുരം കോർപ്പറേഷൻ പ്രദേശത്ത് നിലവിലുള്ള തുമ്പൂർമൂഴി യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടപ്പിലാക്കി യൂണിറ്റുകളുടെ കാര്യക്ഷമത വീണ്ടെടുത്തിട്ടുണ്ട്. ഇനോക്കുലത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഐ.ആർ.റ്റി.സിയുമായി കരാർ ഉണ്ടാക്കി. തുമ്പൂർമൂഴിയിൽ നിന്നും ലഭിക്കുന്ന വളം പ്രാദേശിക കർഷകർക്ക് നൽകിവരുന്നു.

12 കണ്ടെയ്നർ എം സി എഫ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പുതിയതായി 25 കണ്ടെയ്നർ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചു. ■

അഡ്വ. എം അനിൽ കുമാർ
കൊച്ചി മേയർ, നഗരനയ കമ്മിഷൻ സഹാധ്യക്ഷൻ



നഗരനയ കമ്മിഷൻ സ്ഥാപിച്ചു നഗരനയം തയ്യാറാക്കുന്ന ആദ്യത്തെ സംസ്ഥാനമാകുകയാണ് കേരളം. അതിവേഗം നഗരവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന കേരളത്തിന് അടുത്ത 25 വർഷത്തിനുള്ളിൽ സന്തുലിതമായ പുരോഗതി കൈവരിക്കുന്നതിനുള്ള വ്യക്തമായ ശിപാർശകളടങ്ങുന്നതാണ് കേരള നഗരനയ കമ്മിഷന്റെ ഇടക്കാല റിപ്പോർട്ട്

# നഗരവൽക്കരിക്കപ്പെടുന്ന കേരളം

ഏതൊരു വികസ്വര രാജ്യത്തിന്റേയും സവിശേഷതയാണ് അതിവേഗത്തിലുള്ള നഗരവൽക്കരണം, പ്രത്യേകിച്ച് അതിവേഗം-വളരുന്ന സമ്പദ്‌വ്യവസ്ഥകളിൽ ഇതൊരു പരിവർത്തന പ്രക്രിയയാണ്. അതിലൂടെയാണ് ജനസംഖ്യാവർധിതമായ സമൂഹം പരമ്പരാഗത ഗ്രാമമേഖലയിൽ നിന്നും കൂടുതൽ ആധുനികമായ നഗരകേന്ദ്രങ്ങളായി മാറുന്നത്. നിലവിൽ, ആഗോള ജനസംഖ്യയുടെ പകുതിയിലധികവും നഗരപ്രദേശങ്ങളിലാണ് വസിക്കുന്നത്. സാമ്പത്തിക വികസനത്തിനും തുടർ വികസനങ്ങൾക്കുമുള്ള അവസരം നഗരവൽക്കരണം നൽകുന്നു. എന്നാൽ അതിനൊപ്പമെത്തുന്ന സവിശേഷ വെല്ലുവിളികളെ കൃത്യമായി അഭിസംബോധന ചെയ്യേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ, കേരളത്തിന്റെ നിശ്ചിത നഗരവൽക്കരണ രീതികളേയും സംസ്ഥാനത്തിനായുള്ള ഒരു സമഗ്രമായ നഗര നയത്തിന്റെ ആവശ്യകതയെക്കുറിച്ചും പരിശോധിക്കേണ്ടതുണ്ട്.

2011ലെ സെൻസസ് അനുസരിച്ച്, കേരളത്തിലെ ജനസംഖ്യയുടെ 47.7% പേർ നഗരപ്രദേശങ്ങളിൽ വസിക്കുന്നു, ഇത് ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. വ്യത്യസ്തമായ നഗരവൽക്കരണ സ്വഭാവമാണ് കേരളം പ്രദർശിപ്പിക്കുന്നത്. വലിയ മെട്രോപൊളിറ്റൻ നഗരങ്ങളെ കേന്ദ്രീകരിച്ച് നഗരവളർച്ചയുള്ള മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളത്തിൽ ചെറുതും മധ്യവലിപ്പമുള്ള പട്ടണങ്ങളിലുമായി നഗരവൽക്കരണം വ്യാപിച്ചു കിടക്കുന്നു. ഇത് വ്യത്യസ്തങ്ങളായ വാസസ്ഥല രീതികളെ കാണിക്കുന്നു. ഈ സവിശേഷ പ്രവണതയെ ഗ്രാമ-നഗര തുടർച്ചയെന്നാണ് പൊതുവിൽ വിശേഷിപ്പിക്കുന്നത്. സംസ്ഥാനത്തുനിന്നും യുവാക്കൾ പുറത്തേക്ക് കുടിയേറുന്നതും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും അവിദഗ്ധ







**ദി ഇക്കണോമിക് ഇന്റലിജൻസ് യൂണിറ്റിന്റെ സർവേ അനുസരിച്ച് ലോകത്തിലെ അതിവേഗം വളരുന്ന പത്ത് നഗരപ്രദേശങ്ങളിൽ ഉൾപ്പെടുന്നവയാണ് മലപ്പുറം, കൊല്ലം, കോഴിക്കോട് എന്നീ ജില്ലകൾ**

തൊഴിലാളികൾ കേരളത്തിലേക്ക് വരുന്നതും നഗരവൽക്കരണ പ്രവണതയെ ബാധിക്കുന്ന നിലയിൽ വളർന്നു കൊണ്ടിരിക്കുന്നു.

കേരളത്തിലെ ജനസംഖ്യയിൽ 92.8% പേർ 2023 ഓടെ നഗരകേന്ദ്രങ്ങളിൽ വസിക്കുമെന്ന് ദേശീയ ജനസംഖ്യ കമ്മീഷൻ വിലയിരുത്തുന്നു. ഇത് നൽകുന്ന അവസരങ്ങളെ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനൊപ്പം, അവസരത്തിനൊത്ത് ഉയരാനും അത് ഉൾക്കൊള്ളുന്ന സങ്കീർണ്ണതകളെ അഭിസംബോധന ചെയ്യാനുമുള്ള തയ്യാറെടുപ്പ് ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക, സാമൂഹിക, പാരിസ്ഥിതിക ഘടനയിൽ നഗരവൽക്കരണത്തിന്റെ സ്വാധീനം അനിഷേധ്യമാണ്. കേരളം പോലുള്ള പരിസ്ഥിതിലോല പ്രദേശങ്ങളിൽ നഗരത്തിനുള്ളിലെ ആളുകളുടെയും സാധനങ്ങളുടെയും അർബൻ മൊബിലിറ്റി, കാലാവസ്ഥാവ്യതിയാനം, പരിസ്ഥിതി സംവേദനക്ഷമത തുടങ്ങിയവ പ്രധാനപ്രശ്നങ്ങളാണ്. ദുരന്ത പ്രതികരണ തയ്യാറെടുപ്പ്, അടിസ്ഥാന സൗകര്യവും സ്ഥലപരവുമായ വികസന ആശങ്കകൾ, മലിനീകരണം, ജലവിതരണം, മാലിന്യസംസ്കരണം, പാർപ്പിടം, ഗതാഗതക്കുരുക്ക്, ശുചിത്വം, പാർക്കുകൾ പോലെ പൊതുജനപ്രവേശനം ലഭ്യമായ വിനോദത്തിനും വിശ്രമത്തിനും സഹായകമായ പ്രകൃതിദത്ത പ്രദേശങ്ങൾ അഥവാ തുറന്ന ഹരിതയിടങ്ങൾ, ചുറ്റുമുള്ള ഗ്രാമപ്രദേശങ്ങളെ അപേക്ഷിച്ച് ജനസാന്ദ്രത, റോഡ്, നിർമ്മാണങ്ങൾ എന്നിവ മൂലം ചൂട് കൂടുതലുള്ള പ്രദേശങ്ങൾ (അർബൻ ഹീറ്റ് ഐലൻഡ്സ്) ,നഗര മേഖലയിലെ വെള്ളപ്പൊക്കം തുടങ്ങിയ പ്രതിഭാസങ്ങൾ നഗര തദ്ദേശ സ്ഥാപനങ്ങളുടെ മേലുള്ള സാമ്പത്തിക ഞെരുക്കം കൂടുതൽ രൂക്ഷമാക്കും. വർധിച്ചുവരുന്ന നഗരവൽക്കരണ പ്രവണതകൾക്കും സുസ്ഥിരവളർച്ചയ്ക്കും ഇടയിൽ സന്തുലിതാവസ്ഥ കൈവരിക്കുന്നതിന്, നഗരാസൂത്രണത്തിന്റെ എല്ലാ വശങ്ങളും ഉൾക്കൊള്ളുന്ന ഒരു ബഹുമുഖ സമീപനം ആവശ്യമാണ്. നഗരവൽക്കരണത്തിന്റെ പ്രതിസന്ധികൾ കുറഞ്ഞ രീതിയിലുള്ള നഗരനയത്തിലേക്ക്, സംസ്ഥാനത്തെ നയിക്കാൻ കഴിയുന്ന, സമഗ്രമായ വിശകലനത്തിന്റെ ആവശ്യകത ഇത് വ്യക്തമാക്കുന്നു.

ചെറിയ കാലയളവിനുള്ളിൽ ത്വരിത ഗതിയിലുള്ള നഗരവൽക്കരണത്തിന് വിധേയമാവുകയും നഗരവൽക്കരണം സംബന്ധിച്ച് മാർഗരേഖയുമില്ലാത്തതിനാൽ അടിസ്ഥാനസൗകര്യ, സ്ഥലപര, പാരിസ്ഥിതിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന നഗരത്തിന് ഉദാഹരണമാണ് കൊച്ചി. ഒരു തീരദേശ നഗരമെന്ന നിലയിൽ, കാലാവസ്ഥാമാറ്റത്തിന്റെ പ്രഭാവങ്ങൾ അത്യന്തം അനുഭവിക്കുന്നു. സുസ്ഥിരമല്ലാത്ത വളർച്ച പ്രശ്നത്തെ വഷളാക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തെ ആദ്യം നേരിടേണ്ടിവരുന്നത് പ്രാദേശിക സർക്കാരുകളാണ്. നിലവിലെ പരമ്പരാഗത സംവിധാനത്തിന് പുറത്തുള്ള ഇത്തരം വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതിനുള്ള ക്രിയാത്മക കേന്ദ്രങ്ങൾ ഓരോ ഭരണകൂടങ്ങൾക്കും ആവശ്യമാണ്. സെന്റർ ഫോർ ഹെറിറ്റേജ്, എൻവയൺമെന്റ് ആൻഡ് ഡവലപ്മെന്റ് (സി-ഹെഡ്) അത്തരമൊരു മാതൃകയാണ്. ഇത് നഗരത്തിന്റെ വാസയോഗ്യത മെച്ചപ്പെടുത്തുന്നതിനും വർധിപ്പിക്കുന്നതിനും ഗുരുതരമായ നഗരവെല്ലുവിളികളെ അഭിസംബോധന ചെയ്യാനുള്ള കൊച്ചി മുൻസിപ്പൽ കോർപറേഷന്റെ ഗവേഷണ വികസനവിഭാഗമാണ്.

ദി ഇക്കണോമിക് ഇന്റലിജൻസ് യൂണിറ്റിന്റെ സർവേ അനുസരിച്ച് ലോകത്തിലെ അതിവേഗം വളരുന്ന പത്ത് നഗരപ്രദേശങ്ങളിൽ ഉൾപ്പെടുന്നവയാണ് മലപ്പുറം, കൊല്ലം, കോഴിക്കോട് എന്നിവ. സംസ്ഥാനത്ത് നഗരവൽക്കരണം നടക്കുന്നതിന്റെ നിരക്കും വേഗതയും അത് ചൂണ്ടിക്കാണിക്കുകയും കൃത്യമായും നഗരകേന്ദ്രീകൃത വികസനത്തെ അടിസ്ഥാനമാക്കിയുള്ള നഗരവൽക്കരണത്തേക്കാൾ നഗരത്തിന് പുറത്തുള്ള വളർച്ചയാണ് കേരളത്തിലെ വളർച്ചാപ്രവണതയെന്നും അത് വ്യക്തമാക്കുന്നു.

ചാൾസ് കൊറിയയുടെ അധ്യക്ഷതയി

ലുള്ള നഗരവൽക്കരണത്തിനുള്ള ദേശീയ കമ്മീഷൻ സ്ഥാപിച്ച് 38 വർഷത്തിനു ശേഷം 2024ൽ കേരള നഗരനയ കമ്മീഷൻ സ്ഥാപിച്ചത് സുപ്രധാനമാണ്. ഈ കമ്മീഷൻ സ്ഥാപിച്ച നഗരനയം തയ്യാറാക്കുന്ന ആദ്യത്തെ സംസ്ഥാനമാകുകയാണ് കേരളം. മറ്റ് സംസ്ഥാനങ്ങൾക്ക് പഠിക്കാനും അനുകരിക്കാനുമുള്ള മാതൃകാപരമായ സമഗ്ര നഗരനയം തയ്യാറാക്കാനും ശ്രമിക്കുന്നു.

## സമഗ്ര പുരോഗതിക്കുള്ള ശിപാർശകൾ

കേരളം അതിവേഗമുള്ള നഗരവൽക്കരണ പ്രവണതയ്ക്ക് സാക്ഷ്യം വഹിക്കുന്നുണ്ടെന്ന് കമ്മീഷൻ വ്യക്തമാക്കുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം നഗരങ്ങൾ, എവിടെ തുടങ്ങുന്നുവെന്നോ ഗ്രാമങ്ങൾ എവിടെ അവസാനിക്കുന്നുവെന്നോ വേർതിരിച്ചറിയുക വളരെയേറെ പ്രയാസകരമാണ്. കമ്മിഷൻ വിലയിരുത്തിയ സ്ഥലപര വികസന പ്രവണതകൾ അനുസരിച്ച്, പുതിയ നഗര ക്ലസ്റ്ററുകൾ ഉയർന്നുവരുന്ന ഈ മാറ്റം പ്രധാനമായും കിഴക്ക് പശ്ചിമഘട്ടത്തിന്റെ ദിശയിലേക്കും വടക്ക് വടക്കൻ മലബാറിലുമാണ്. ഈ പ്രവണതകളെ അടിസ്ഥനമാക്കിയാണ് 2050 വരെ വികസന കാഴ്ചപ്പാട് രൂപപ്പെടുത്തിയിട്ടുള്ളത്.

സംയോജിത ആസൂത്രണത്തെ ശക്തിപ്പെടുത്തുന്നതിനായി കമ്മിഷൻ നിരവധി ശിപാർശകൾ മുന്നോട്ടുവച്ചിട്ടുണ്ട്. നഗരവൽക്കരണത്തെ സമഗ്രമായി വീക്ഷിക്കുന്ന സമീപനമാണ് കമ്മീഷൻ സ്വീകരിക്കുന്നത്. കേരളത്തിലെ വികേന്ദ്രീകൃത ജനാധിപത്യസ്ഥാപനങ്ങളെ - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ - ശക്തിപ്പെടുത്തുന്നതിലൂടെ മാത്രമേ നഗരവൽക്കരണത്തിന്റെ പ്രശ്നങ്ങളും അവസരങ്ങളും അഭിസംബോധന ചെയ്യാൻ കഴിയുകയുള്ളൂവെന്ന് കമ്മിഷൻ വിലയിരുത്തുന്നു. മനുഷ്യകേന്ദ്രീകൃതമായി തദ്ദേശ സ്ഥാപനങ്ങളെ അടിസ്ഥാനമാക്കിയുള്ള വികസനം എന്ന നഗരവൽക്കരണ നയം ആഗോളതലത്തിൽ അപൂർവമാണെന്നും കമ്മിഷൻ നിരീക്ഷിക്കുന്നു.

## ഇടക്കാല റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ

നഗര നയ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകളിൽ അടിയന്തര നടപടികൾ, ഹ്രസ്വകാല നടപടികൾ, ദീർഘകാല തന്ത്രങ്ങൾ എന്നിവ ഉൾപ്പെടുന്നു. ഇടക്കാല റിപ്പോർട്ടിനെക്കുറിച്ചുള്ള സർക്കാരിന്റെ അഭിപ്രായം കൂടി പരിഗണിച്ച ശേഷം സമഗ്രമായ അന്തിമറിപ്പോർട്ട് സമർപ്പിക്കും. ധനകാര്യം, വ്യവസായം, റവന്യൂ, ഉന്നത വിദ്യാഭ്യാസ മന്ത്രിമാരുമായി കമ്മിഷൻ ചർച്ച നടത്തിയിട്ടുണ്ട്.

- നഗരഭരണത്തിന്റെ പ്രൊഫഷണലൈസേഷൻ (നഗര മാനേജ്മെന്റ് സിസ്റ്റം - നഗര നിർവഹണ സംവിധാനം)
- പദ്ധതികളുടെ ഫലപ്രദമായ സാമ്പത്തിക നിർവഹണം (ഫിനാൻഷ്യൽ മാനേജ്മെന്റ്) ഉറപ്പാക്കുന്നതിന് പ്രത്യേക പദ്ധതി രൂപരേഖാ (പ്രോജക്ട് ഡിസൈൻ) ടീമുകളുടെ രൂപീകരണം
- കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് തുടങ്ങിയ നഗരങ്ങൾക്കുള്ളങ്ങളെ ബന്ധിപ്പിച്ച് സമഗ്ര ഡേറ്റ വിശകലനത്തിനും നഗരഭരണത്തിനുമായി എല്ലാ നഗരങ്ങളിലും നഗരസ്വഭാവസവിശേഷതളുടെസൂചകങ്ങൾ ശേഖരിക്കുകയും വിശകലനം ചെയ്യുകയും വിതരണം ചെയ്യുകയും ചെയ്യുന്നതിനായുള്ള സംവിധാനമായ നഗര നിരീക്ഷണാലയ (അർബൻ ഒബ്സർവേറ്ററി യൂണിറ്റ്) ങ്ങൾ സ്ഥാപിക്കൽ.
- സൂക്ഷ്മമായ ആസൂത്രണം, നിർവഹണം, സുസ്ഥിര പരിസ്ഥിതി, സൗന്ദര്യശാസ്ത്രപരമായും നിയന്ത്രണങ്ങൾ



മെട്രോ ആസൂത്രണ സമിതി (പ്ലാനിങ് കമ്മിറ്റി), അടുത്ത പത്ത് വർഷത്തിനുള്ളിൽ ഇത് കൊല്ലം, തൃശ്ശൂർ, കണ്ണൂർ എന്നിവിടങ്ങളിലേക്ക് വ്യാപിപ്പിക്കുക.

- നഗരപ്രദേശങ്ങൾക്കായുള്ള ബിസിനസ് വികസനസമിതി (ഡെവലപ്മെന്റ് കൗൺസിൽ).
- യുവ തലമുറയ്ക്ക് 25% സംവരണം.
- വ്യവസായങ്ങളെയും സാങ്കേതിക - വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ബന്ധിപ്പിക്കുന്നതിനുള്ള ജില്ലാതല മാപ്പിങ്
- മുനിസിപ്പാലിറ്റികൾക്ക് കീഴിലുള്ള നിർദിഷ്ട പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രത്യേക ഉപസംവിധാനങ്ങൾ (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ)
- പുതിയ കേരള സ്ഥലപരാസൂത്രണ (സ്പെഷ്യൽ പ്ലാനിങ്)ചട്ടക്കൂട്. എല്ലാ മുനിസിപ്പാലിറ്റികളിലും പങ്കാളിത്ത (സംയുക്ത ) ആസൂത്രണ സമിതികൾ
- നഗര സ്വഭാവസവിശേഷകളുള്ളതും നഗരമായി അംഗീകരിക്കപ്പെടാത്തതായ (സെൻസസ് പട്ടണം) പട്ടണങ്ങളെ സ്റ്റാറ്റ്യൂട്ടറി മുനിസിപ്പാലിറ്റികളാക്കി മാറ്റുക
- കാലടി-കൊച്ചി ഇടനാഴിയിലെ എൻ ഐ ടി (NIT) കാലിക്കറ്റ്, കുസാറ്റ് (CUSAT) തുടങ്ങിയ സ്ഥാപനപാലിച്ചു കൊണ്ടുള്ള ഭൂമി (മികച്ച നിലവാരമുള്ള സൈറ്റ്) വികസന പദ്ധതികൾ
- ഭൂമിയുടെ ശേഷി പരിഗണിച്ച് ഒരു സ്ഥലത്ത്, എത്ര നിർമ്മാണ പ്രവർത്തനങ്ങൾ അനുവദിക്കുന്നതിനായുള്ള അനുപാതമായ വ്യത്യസ്ത തറവിസ്തീർണ സൂചികകൾ (FSI) നിർണ്ണയിക്കുക.
- സംസ്ഥാനത്തെ പൈതൃക കേന്ദ്രങ്ങളെയും പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങളെയും പ്രത്യേകം പട്ടികപ്പെടുത്തൽ
- വിവിധ ദുരന്തങ്ങൾ പ്രവചിക്കുന്നതിന് നിലവിലുള്ള സ്മാർട്ട് കാലാവസ്ഥാ പ്രവചന സംവിധാനം ശക്തിപ്പെടുത്തൽ
- എല്ലാ നഗരങ്ങളിലും എൽ ഐ ഡി എ ആർ (LiDAR), ജി പി ആർ (GPR) മാപ്പിങ്, നഗര ക്ലസ്റ്ററുകളുടെ ഭൂമിശാസ്ത്ര സർവേകൾ
- കാലാവസ്ഥാ പ്രതിരോധശേഷിയുള്ള അടിസ്ഥാന സൗകര്യങ്ങളിലും അതിനായുള്ള സാമ്പത്തിക മുൻകരുതലുകളിലും നിക്ഷേപം വർധിപ്പിക്കുക
- വരൾച്ച സാധ്യതയുള്ള പ്രദേശങ്ങളിൽ സംയോജിത ജലവിഭവ നിർവഹണ (മാനേജ്മെന്റ്) പദ്ധതികൾ നടപ്പിലാക്കൽ

- ഉയർന്ന വെള്ളപ്പൊക്ക സാധ്യതയുള്ള മേഖലകളിൽ താൽക്കാലിക വെള്ളപ്പൊക്ക തടസ്സസംവിധാനങ്ങൾ സ്ഥാപിക്കൽ
- അടിയന്തര വെള്ളപ്പൊക്ക മുന്നറിയിപ്പ് സംവിധാനങ്ങൾ സ്ഥാപിക്കൽ
- പശ്ചിമഘട്ട സംരക്ഷണത്തിനായി അഞ്ച് സംസ്ഥാനങ്ങൾ ഉൾപ്പെടുന്ന സംയുക്ത ശ്രമങ്ങൾ
- ആളുകൾ കാറുകൾ ഉൾപ്പടെയുള്ള നാലുചക്ര വാഹനങ്ങളിലേക്ക് മാറുമ്പോൾ കാർബൺ പുറന്തള്ളൽ അഥവാ കാർബൺ ഉദ്വമനം കുറയ്ക്കുന്നതിനുള്ള (ഡീകാർബണൈസേഷൻ നടത്തുന്നതിന്) സമീപനങ്ങളും നടപടികളും
- മുനിസിപ്പാലിറ്റികളിൽ നിർബന്ധിത കാർബൺ ഓഡിറ്റ് സംവിധാനങ്ങൾ നടപ്പിലാക്കൽ, വിഭവങ്ങളുടെ പുനരുപയോഗം, പുനരുപയോഗം, പുനരുജ്ജീവിപ്പിക്കൽ എന്നിവ പരമാവധിയാക്കി പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിന് ലക്ഷ്യമിടുന്ന (ഹരിത ചാക്രിക -ഗ്രീൻ സർക്കുലർ) സമ്പദ് വ്യവസ്ഥയുടെ സാധ്യതകൾക്കായുള്ള സംവിധാനം
- നഗരങ്ങളിലെ വാഹനങ്ങൾക്ക് വാർഷിക ഹരിതഫീസ് ഈടാക്കുകയും ഒറ്റത്തവണ നിരക്കുകൾ ഏർപ്പെടുത്തുകയും ചെയ്യുക
- എൽഇഡി അധിഷ്ഠിത പദ്ധതികൾ തയ്യാറാക്കുന്നതിൽ തദ്ദേശീയ നഗര സ്ഥാപനങ്ങൾക്ക് പിന്തുണ നൽകുക
- എല്ലാ ജില്ലകളിലും ബിസിനസ് വികസന സമിതികൾ (ഡെവലപ്മെന്റ് കൗൺസിലുകൾ) സ്ഥാപിക്കുക
- തദ്ദേശീയ നഗര സ്ഥാപനങ്ങൾക്കായി സംയോജിത തൊഴിൽ കമ്പോള വിവര സംവിധാന (ലേബർ മാർക്കറ്റ് ഇൻഫർമേഷൻ സിസ്റ്റം) ങ്ങൾ സൃഷ്ടിക്കുക
- പ്രാദേശിക കോളേജുകളുമായും നൈപുണ്യ വികസന സ്ഥാപനങ്ങളുമായും സഹകരണം വളർത്തുക
- ജിയോസ്പേഷ്യൽ ഡാറ്റാ സയന്റിസ്റ്റുകൾ, പരിസ്ഥിതി ആസൂത്രകർ തുടങ്ങിയ ഉയർന്ന വൈദഗ്ധ്യമുള്ള പ്രൊഫഷണലുകളെ ഒരുമിപ്പിക്കുന്നതിനുള്ള പ്രൊഫഷണൽ ചട്ടക്കൂട് നിർദേശിക്കുക
- നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള മുനിസിപ്പാലിറ്റി നിയമത്തിലെ സെക്ഷൻ 299 ഉം 300 ഉം, കേരളാ വായ്പാ നിയമവും (കേരള ലോൺ ആക്ട്) ഭേദഗതി ചെയ്യുക
- ഇവന്റ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന നയം വികസിപ്പിക്കുക.
- വിഭവ ശേഷിയുടെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലെയും മേഖല തിരിച്ചുള്ള നിർദിഷ്ട സാമ്പത്തിക മേഖലകളെ തിരിച്ചറിയുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക
- കമ്മ്യൂണിറ്റി അധിഷ്ഠിത സൂക്ഷ്മ സംരംഭങ്ങളിലൂടെ ധനസഹായം പ്രോത്സാഹിപ്പിക്കുക
- മാസ്റ്റർ, ലോക്കൽ ഏരിയ പ്ലാനുകളിൽ തെരുവ് കച്ചവടക്കാരെ ഉൾപ്പെടുത്തുക
- നഗര പുനരുജ്ജീവനത്തിനായി മുമ്പ് വികസിപ്പിച്ചെങ്കിലും നിലവിൽ ഉപേക്ഷിക്കപ്പെട്ടതോ ഉപയോഗിക്കാത്തതോ ഒരുപക്ഷേ മലിനമാക്കപ്പെട്ടു കിടക്കുന്നതോ ആയതും പുനരുപയോഗത്തിന് മുമ്പ് നവീകരണവും പുനർ വികസനവും ആവശ്യമായേക്കാവുന്നതുമായ. (ബ്രൗൺഫീൽഡ്) പ്രദേശങ്ങൾ വികസിപ്പിക്കുക
- പ്രധാന മുനിസിപ്പൽ കോർപ്പറേഷനുകൾക്കായി കേരള മുനിസിപ്പൽ ബോണ്ടുകൾ അവതരിപ്പിക്കുക
- ആസൂത്രണത്തിൽ നഗര രൂപകല്പന തത്വങ്ങൾക്കുള്ള പ്രാഥമിക മാനദണ്ഡമായി ഭൂമി/ജലം എന്നിവയെ സ്വീകരിക്കുക.
- നഗര അടിസ്ഥാന സൗകര്യങ്ങൾ (ഭൗതികവും സാമൂഹികവും)
- പൊതുസേവനങ്ങളിലേക്കും ഗതാഗതത്തിലേക്കും സാർവത്രികമായ പ്രവേശനക്ഷമത ഉറപ്പാക്കുന്ന നയം വികസിപ്പിക്കുക
- തെരുവുകൾ, പ്രദേശങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, ഗതാഗതം തുടങ്ങിയ പൊതുവിടങ്ങൾക്കായി വിശദമായ പദ്ധതികളോടെ, എല്ലാ പ്രായക്കാർക്കും നഗര, വാർഡ് തലങ്ങളിൽ സമഗ്ര സൗഹൃദ നഗരങ്ങൾ വികസിപ്പിക്കുക. അയൽപക്ക പദ്ധതികളിൽ സഹകരിക്കാൻ പ്രൊഫഷണൽ നഗരാസൂത്രകരെയും സമൂഹങ്ങളെയും പ്രോത്സാഹിപ്പിക്കുക



## വർധിച്ചുവരുന്ന നഗരവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ സുസ്ഥിരത, ഉൾക്കൊള്ളൽ, പ്രതിരോധശേഷി എന്നിവ ഉറപ്പാക്കി കേരളത്തിന്റെ നഗരവികസനത്തിനും ഭരണനിർവഹണത്തിനും ഈ ശിപാർശകൾ റോഡ്മാപ്പ് നൽകുന്നു

- എൽ എസ് ജി ഡി ഐ - എൽ ഇ ഡി (LSGDI-LED) അതോറിറ്റി/ കൗൺസിൽ ആരംഭിക്കുക, എൽ എസ് ജി ഡി ഐ - എൽ ഇ ഡി ഫണ്ട് സ്ഥാപിക്കുക
- ആറ് കോർപ്പറേഷനുകളുടെ ക്രെഡിറ്റ് റേറ്റിങ് പുതുക്കുക.
- റിയൽ എസ്റ്റേറ്റ് വികസനത്തിനുള്ള സംവിധാനമായി ലാൻഡ് പൂളിങ് ഉപയോഗിക്കുക
- വസ്തുക്കരം -വസ്തു നികുതി (പ്രോപ്പർട്ടി ടാക്സ്) പിരിവിൽ നിന്നുള്ള വരുമാനം 50% ൽ നിന്ന് 90% ആയും വ്യക്തിഗത ആദായ നികുതി പിരിവ് 25-30% ൽ നിന്ന് 70% ആയും വർധിപ്പിക്കുക
- ജിഐഎസ് അടിസ്ഥാനമാക്കി ഭൂമിയെക്കുറിച്ചും വിഭവങ്ങളെക്കുറിച്ചും ഉപയോഗങ്ങളെക്കുറിച്ചുമുള്ള ഭൂവിവര പട്ടിക (ലാൻഡ് ഇൻവെന്ററി), കാര്യക്ഷമത വർധിപ്പിക്കുന്നതിനും നഷ്ടം കുറയ്ക്കുന്നതിനുമായുള്ള വസ്തു വകകളുടെയും ഭൗതിക ആസ്തികളുടെയും സ്ഥാനം നിരീക്ഷിക്കുന്ന പ്രോപ്പർട്ടി ട്രാക്കിങ് സംവിധാനങ്ങൾ സൃഷ്ടിക്കുക
- പ്രായമായവർക്കും പകർച്ചവ്യാധികൾ ബാധിച്ചവർക്കും സമഗ്രമായ പരിചരണ സംവിധാനം വികസിപ്പിക്കുക
- അടിസ്ഥാനസൗകര്യ ആസൂത്രണത്തെ മാസ്റ്റർ പ്ലാനുകളുമായും നഗര നിക്ഷേപ പദ്ധതികളുമായും ബന്ധിപ്പിക്കുക
- ഭാവിയിലെ കാലാവസ്ഥാ വെല്ലുവിളികളെ നേരിടാൻ അടിസ്ഥാന സൗകര്യ വികസനത്തെ ശക്തിപ്പെടുത്തുക
- വാണിജ്യപരമായി ലാഭകരമായ അടിസ്ഥാന സൗകര്യ പദ്ധതികൾ വികസിപ്പിക്കുക

വർധിച്ചുവരുന്ന നഗരവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ സുസ്ഥിരത, ഉൾക്കൊള്ളൽ, പ്രതിരോധശേഷി എന്നിവ ഉറപ്പാക്കി കേരളത്തിന്റെ നഗരവികസനത്തിനും ഭരണനിർവഹണത്തിനും ഈ ശിപാർശകൾ റോഡ്മാപ്പ് നൽകുന്നു. ശിപാർശകളെക്കുറിച്ച് എല്ലാ രാഷ്ട്രീയ പാർട്ടികൾ, ജനപ്രതിനിധികൾ, വിവിധ വകുപ്പുകൾ, മറ്റ് ഭാഗഭാക്കാകുന്നവർ (സ്റ്റേക്ക് ഹോൾഡേഴ്സ്) എന്നിവരുമായി തുടർചർച്ചകൾ നടത്തിവരികയാണ്. ■

**അമൽ.കെ.വി**
ഐ പി ആർ ഡി

> നാടിനെയാകെ ഭയാശങ്കയിലാക്കി പുകഞ്ഞുകത്തിയ മാലിന്യമലകൾ ഇന്ന് ബ്രഹ്മപുരത്തില്ല. പകരം പ്രതീക്ഷയുടെ പുൽനാമ്പുകളും കർമ്മശേഷിയുടെ നേർക്കാഴ്ചയുമാണ് നമ്മെ സ്വാഗതം ചെയ്യുന്നത്.

# കൊച്ചി പഴയ കൊച്ചിയല്ല ബ്രഹ്മപുരവും



മാലിന്യം നീക്കംചെയ്ത ബ്രഹ്മപുരത്ത് തയ്യാറാക്കിയ ക്രിക്കറ്റ് പിച്ചിൽ മന്ത്രി എം ബി രാജേഷ് ക്രിക്കറ്റ് കളിക്കുന്നു

നിലയ്ക്കാത്ത ഫയർ എഞ്ചിനുകളുടെ ശബ്ദം, ആളിപ്പടരുന്ന തീ, തീക്കുനയിൽ നിന്ന് ഉയരുന്ന കറുത്ത പുകപടലങ്ങൾ... ബ്രഹ്മപുരമെന്ന് കേൾക്കുമ്പോൾ പലരുടെയും മനസ്സിൽ തെളിയുന്ന ചിത്രങ്ങൾ ഇവയാകും. ശരിയാണ്. 2023 മാർച്ചിൽ ബ്രഹ്മപുരം ഒരു ദുരന്തഭൂമിയായിരുന്നു. എന്നാൽ രണ്ട് വർഷം പിന്നിടുമ്പോൾ ഇന്നവിടം പ്രതീക്ഷയുടെ ഭൂമിയാണ്.

ചില കാര്യങ്ങൾ അങ്ങനെയാണ്, കേൾക്കുമ്പോൾ അസാധ്യമെന്ന് തോന്നും. അസാധ്യമായതിനെ സാധ്യമാക്കുമ്പോഴാണ് ചരിത്രങ്ങൾ സൃഷ്ടിക്കപ്പെടുന്നത്. അത്തരത്തിൽ നോക്കിയാൽ ആധുനിക കേരള ചരിത്രത്തിലെ പ്രധാന സംഭവങ്ങളിൽ ഒന്നാകും ബ്രഹ്മപുരം. അപകടശേഷം സംസ്ഥാനസർക്കാർ ഒരു ഉറപ്പ് കൊച്ചിക്ക് നൽകിയിരുന്നു. അറബിക്കടലിന്റെ റാണിയായ കൊച്ചി നഗരത്തിന്റെ പൂങ്കാവനമായി ബ്രഹ്മപുരത്തെ മാറ്റുമെന്ന്. അക്ഷരാർഥത്തിൽ ആ വാക്ക് പാലിക്കപ്പെടുകയാണ്.

നാടിനെയാകെ ഭയാശങ്കയിലാക്കി പുകഞ്ഞുകത്തിയ മാലിന്യമലകൾ ഇന്ന് അവിടെയില്ല. പകരം പ്രതീക്ഷയുടെ പുൽനാമ്പുകളും കർമ്മശേഷിയുടെ നേർക്കാഴ്ചയുമാണ് നമ്മെ സ്വാഗതം ചെയ്യുന്നത്. വർഷങ്ങളായി കുന്നുകൂടിയ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്ന ബയോമൈനിങ് പ്രവൃത്തി അന്തിമഘട്ടത്തിലേക്ക് നീങ്ങുകയാണ്. ആകെ കണക്കാക്കിയ 8,43,000 മെട്രിക് ടൺ മാലിന്യത്തിൽ 6,08,325 മെട്രിക് ടൺ മാലിന്യം ഇതിനോടകം സംസ്കരിച്ചു. അതായത് 75 ശതമാനത്തിനു മുകളിലാണ് പ്രവർത്തനപുരോഗതി. ഇതിലൂടെ 18 ഏക്കർ സ്ഥലമാണ് വീണ്ടെടുത്തത്. ആകെയുള്ള 39 ഏക്കർ സ്ഥലത്തിന്റെ 46 ശതമാനമാണിത്.

തീപിടിത്തത്തിനുശേഷം നഗരമാലിന്യത്തോട് സന്ധിയില്ലാസമരം പ്രഖ്യാപിച്ച് സംസ്ഥാന സർക്കാരും കൊച്ചി കോർപ്പറേഷനും ജനപ്രതിനിധികളും വിവിധ വകുപ്പുകളും ഏജൻസികളും സ്ഥാപനങ്ങളും ഒറ്റക്കെട്ടായി നിലകൊണ്ടപ്പോൾ വന്ന മാറ്റങ്ങളാണിത്. വീണ്ടെടുത്ത 18 ഏക്കറിന്റെ ഒരു വശത്ത് സി.ബി.ജി (കംപ്രസ്ഡ് ബയോ ഗ്യാസ്) പ്ലാന്റിന്റെ നിർമ്മാണം അതിവേഗം പുരോഗമിക്കുകയാണ്. ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ നേതൃത്വത്തിൽ



നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ മാർച്ചിൽ പൂർത്തിയാകും. പ്ലാന്റ് യാഥാർഥ്യമാകുന്നതോടെ പ്രതിദിനം 150 ടൺ മാലിന്യം സംസ്കരിച്ച് 15 ടൺ ബയോഗ്യാസ് ഉൽപാദിപ്പിക്കാൻ കഴിയും. ഉൽപാദിപ്പിക്കുന്ന ഗ്യാസ് പൈപ്പ് ലൈനിലൂടെ കൊച്ചിൻ റിഫൈനറിയിൽ എത്തിച്ച് ഉപയോഗിക്കും വിധമാണ് പദ്ധതിയുടെ രൂപകല്പന.

വീണ്ടെടുത്ത സ്ഥലത്തിന്റെ മറ്റൊരു ഭാഗത്ത് വിശാലമായ കളിക്കളം ഒരുങ്ങി കഴിഞ്ഞു. വോളിബോൾ കോർട്ടും ക്രിക്കറ്റ് പിച്ചുമാണ് ഇതിനകം പൂർത്തിയായത്. പ്ലാന്റിലെ പ്രവർത്തനങ്ങൾ വിലയിരുത്താൻ എത്തിയ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷിന്റെ നേതൃത്വത്തിൽ അവിടെ ക്രിക്കറ്റ് കളിക്കുന്ന ചിത്രങ്ങളും വീഡിയോകളും സമൂഹമാധ്യമങ്ങളിൽ വൈറലായിരുന്നു. കളിക്കളത്തിന് തൊട്ടടുത്തായി മനോഹരമായ ഉദ്യാനവും ക്രമീകരിച്ചിട്ടുണ്ട്.

> **കേരളത്തിലെ 59 മാലിന്യക്കൂനകളിൽ 24 എണ്ണവും പൂർണമായി വൃത്തിയാക്കി ആ സ്ഥലം വീണ്ടെടുക്കാൻ കഴിഞ്ഞു**

## ബ്രഹ്മപുരം മാസ്റ്റർ പ്ലാന്റ്

സംസ്ഥാന സർക്കാരിന്റെ നിർദേശപ്രകാരം കേരള ഖരമാലിന്യ പരിപാലന പദ്ധതിയും ശുചിത്വമിഷനും ചേർന്ന് തയ്യാറാക്കിയ 706.55 കോടിയുടെ ബ്രഹ്മപുരം മാസ്റ്റർ പ്ലാനിന് കൊച്ചി കോർപറേഷൻ കൗൺസിൽ കഴിഞ്ഞ ദിവസം അംഗീകാരം നൽകിയിരുന്നു. ബയോമൈനിങ്ങിലൂടെ വീണ്ടെടുത്ത പ്രദേശത്ത് നടപ്പിലാക്കുന്ന പ്ലാനിൽ ആർഡി.എഫ് പ്ലാന്റ്, മാലിന്യ ഊർജോൽപാദന പ്ലാന്റ്, വിൻഡ്റോ കമ്പോസ്റ്റ് പ്ലാന്റ്, കെട്ടിട നിർമ്മാണ പൊളിക്കൽ മാലിന്യ പുനരുപയോഗ പ്ലാന്റ്, വിജ്ഞാന കേന്ദ്രം, വെയ്ബ്രിഡ്ജും സുരക്ഷാ പ്ലാനുകളും, വാഹന പരിപാലന സൗകര്യം, ഉൾറോഡുകൾ, പെരിഫറൽ/റിങ് റോഡ്, ഗ്രീൻ ബെൽറ്റ്, പൊതുസൗകര്യങ്ങൾ, വിശ്രമമുറി, പൊതു വിനോദസ്ഥലം, തെരുവുവിളക്കുകളും വൈദ്യുതി അടിസ്ഥാന സൗകര്യങ്ങളും, ജലവിതരണ സംവിധാനങ്ങൾ, മാലിന്യ സംസ്കരണ പ്ലാന്റ്, ലീച്ചെറ്റ് സംസ്കരണ പ്ലാന്റ് , സോളാർ പ്ലാന്റ് തുടങ്ങിയ അതിവിപുലമായ സൗകര്യങ്ങളാണ് മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. മാസ്റ്റർ പ്ലാൻ പരിശോധിച്ച് ഘട്ടംഘട്ടമായി നടപ്പാക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്.

അതെ, ബ്രഹ്മപുരത്തെ ഒരവസരമായാണ് സർക്കാർ കണ്ടത്. മാലിന്യമുക്ത നവകേരളം എന്ന വലിയ ലക്ഷ്യം സാക്ഷാത്കരിക്കാനുള്ള അവസരമായി. ബ്രഹ്മപുരത്ത് മാത്രമല്ല മാലിന്യക്കൂനകൾ ഇല്ലാതാവുന്നത്, കേരളമാകെ ഇത്തരമൊരു വലിയ കാമ്പയിന്റെ ഭാഗമാവുകയാണ്. തൃശ്ശൂരിലെ ലാലൂർ, കോഴിക്കോട്ടെ ഞെളിയൻപറമ്പ്, കൊല്ലത്തെ കുരീപ്പുഴ ചണ്ടിഡിപ്പോ, ഗുരുവായൂരിലെ ശവക്കോട്ട തുടങ്ങി മാലിന്യക്കൂനകളായി അറിയപ്പെട്ടിരുന്ന സ്ഥലങ്ങൾക്ക് പുതിയ മുഖം നൽകാൻ സർക്കാരിന് കഴിഞ്ഞു. കേരളത്തിലെ 59 മാലിന്യക്കൂനകളിൽ 24 എണ്ണവും പൂർണ്ണമായി വൃത്തിയാക്കി ആ സ്ഥലം വീണ്ടെടുക്കാൻ കഴിഞ്ഞു. ബ്രഹ്മപുരം ഉൾപ്പെടെ 10 സ്ഥലങ്ങളിൽ ഈ പ്രവൃത്തി അവസാനഘട്ടത്തിലേക്ക് കടക്കുകയാണ്. 25 സ്ഥലങ്ങളിൽ പ്രവൃത്തി ആരംഭിച്ചു. ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ മാലിന്യക്കൂനകളില്ലാത്ത കേരളമെന്ന ലക്ഷ്യം കൈവരിക്കാൻ നമുക്കാകും.

സംസ്ഥാനത്തെ ആകെ മുന്നേറ്റത്തിനൊപ്പം കൊച്ചിയിലും വലിയ പുരോഗതിയാണ് കൈവരിക്കാൻ കഴിഞ്ഞത്. മാലിന്യം വലിച്ചെറിയുക, ബ്രഹ്മപുരത്ത് തള്ളുക എന്ന മനോഭാവത്തിൽ നിന്ന് ശാസ്ത്രീയ മാലിന്യസംസ്കരണത്തിലേക്ക് കൊച്ചി മാറിവരുകയാണ്. ഡോർ ടു ഡോർ കളക്ഷൻ 93.62 ശതമാനത്തിലേക്ക് ഉയർന്നു. 2023 മാർച്ചിൽ വെറും രണ്ട് മെറ്റീയൽ കളക്ഷൻ ഫെസിലിറ്റികൾ ഉണ്ടായിരുന്നത് 2025 ൽ 60 എണ്ണമായി ഉയർന്നു. 2120 പരിശോധനകൾ നടത്തുകയും 1,39,62941 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ■

അജിത കെ ജി
ഐ പി ആർ ഡി

മാലിന്യസംസ്‌കരണത്തിൽ രാജ്യത്തിനു മാതൃകയായി ഇരട്ടയാർ ഗ്രാമപഞ്ചായത്ത്

# മാലിന്യമല്ലിത്, ഇരട്ടയാർ മാണിക്യം

മാലിന്യത്തിൽ നിന്നും പണമുണ്ടാക്കുന്ന മാന്ത്രിക വിദ്യ - കഷ്ടപ്പാടുകളെ അതിജീവിച്ച് ഇരട്ടയാർ ഗ്രാമപഞ്ചായത്ത് നേടിയെടുത്ത ഈ വിജയമാണ് ഇപ്പോൾ ദേശീയതലത്തിൽ അംഗീകരിക്കപ്പെട്ടത്. മാലിന്യ സംസ്‌കരണത്തിൽ രാജ്യത്തിനു തന്നെ മാതൃകയായിരിക്കുകയാണ് ഇരട്ടയാർ പഞ്ചായത്ത്. പാർലമെന്റിൽ അവതരിപ്പിച്ച സാമ്പത്തിക സർവേയിൽ ധനമന്ത്രി നിർമല സീതാരാമൻ പഞ്ചായത്തിനെ പരാമർശിച്ചതോടെയാണ് ഇരട്ടയാർ ദേശീയതലത്തിൽ തിളങ്ങിയത്.

പെട്ടെന്നുണ്ടായ വിജയമല്ല ഇത്. 2017 ൽ മാലിന്യസംസ്‌കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ദേശീയ ഹരിതട്രൈബ്യൂണലിന്റെ താക്കീത് ലഭിച്ച പഞ്ചായത്ത് ഇന്നിപ്പോൾ അതേ വിഷയത്തിൽ ദേശീയ പ്രശംസ നേടിയെന്നത് ചെറിയ കാര്യമല്ല. ഇരട്ടയാറിന്റെ ഹരിതസൈന്യമായ ഹരിതകർമ്മസേനയും ഗ്രാമപഞ്ചായത്തും പൊതുസമൂഹവും ഉൾപ്പെടെ ഒരു നാടിന്റെയാകെ വർഷങ്ങളുടെ പ്രയത്നം ഈ വിജയത്തിനു പിന്നിലുണ്ട്.

ഇന്നിപ്പോൾ മികച്ച രീതിയിലാണ് പഞ്ചായത്തിലെ മാലിന്യസംസ്‌കരണം. 5030 വീടുകളിൽ നിന്നും 495 സ്ഥാപനങ്ങളിൽ നിന്നുമാണ് ഹരിതകർമ്മസേനയുടെ നേതൃത്വത്തിൽ മാലിന്യശേഖരണം. ഓരോ മാസവും നാലര മുതൽ ആറ് ടൺ വരെ പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കും. ഹരിത കലണ്ടർ പ്രകാരം യഥാസമയം തുണി, ചില്ല്, ഇലക്ട്രോണിക് മാലിന്യം, ചെരിപ്പ്, ബാഗ്, തെർമോക്കോൾ തുടങ്ങി അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നു.



റിസോഴ്സ് പേഴ്സൺ എബി വർഗീസിന്റെ മേൽനോട്ടത്തിൽ 14 വാർഡുകളിലായി 26 ഹരിതകർമ്മസേനാംഗങ്ങളാണ് ഒരേ മനസ്സോടെ കർമ്മനിരതരായിരിക്കുന്നത്. മാലിന്യ ശേഖരണം അടക്കമുള്ളവയിലൂടെ ഓരോ മാസവും ഇവർക്ക് 10,000 മുതൽ 25,000 രൂപവരെ വരുമാനം കണ്ടെത്താനും സാധിക്കുന്നുണ്ട്. 2021മുതൽ 2024 ഡിസംബർ വരെ ഇരട്ടയാർ ഹരിത കർമ്മ സേന ശേഖരിച്ചത് 210 ടൺ പ്ലാസ്റ്റിക് ഉൾപ്പെടെ 406 ടൺ അജൈവ പാഴ്വസ്തുക്കളാണ്.

ഹരിതകേരളമിഷന്റെ നിർദേശപ്രകാരം പ്രാരംഭത്തിലെ പോരായ്മകൾ പരിഹരിച്ച് 2020ലാണ് ഹരിതകർമ്മസേന കൺസോർഷ്യം രൂപീകരിച്ച് അംഗങ്ങൾക്ക് പരിശീലനം നല്കി ചിട്ടയായ പ്രവർത്തനം ആരംഭിക്കുന്നത്. ഇരട്ടയാർ ഗ്രാമപഞ്ചാ





ഇരട്ടയാറിലെ ഹരിതകർമ്മ സേനാംഗങ്ങൾ



യത്തിലെ 100% വീടുകളിലും സ്ഥാപനങ്ങളിലും ഹരിതകർമ്മസേന വാതിൽപ്പടി സേവനം നൽകുന്നു. യൂസർ ഫീ ഇനത്തിലും പാഴ്വസ്തുക്കൾ കയറ്റി അയക്കുകയും ചെയ്തു ലഭിക്കുന്ന തുകയിൽ 90% വീതിച്ചു നൽകുന്നു. 10% തുക കോർപ്പസ് ഫണ്ട് ആയി കൺസോർഷ്യം അക്കൗണ്ടിൽ സൂക്ഷിച്ച് ഇത് ഓണം തുടങ്ങിയ വിശേഷാവസരങ്ങളിൽ ബോണസ്സായും സേനാംഗങ്ങൾക്ക് ഉണ്ടാകുന്ന അപകടങ്ങളിൽ പ്രാഥമിക ചെലവുകൾക്കായി വിനിയോഗിക്കുകയും ചെയ്യുന്നു. അംഗങ്ങളെ ഒരു ലക്ഷം രൂപയുടെ അപകട ഇൻഷുറൻസ് പോളിസിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഏറ്റവും മികച്ച നിലവാരത്തിൽ അജൈവ പാഴ്വസ്തുക്കൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്ന ആർആർഎഫ് ഫെസിലിറ്റിയാണ് ഇരട്ടയാറിലുള്ളത്. ക്ലീൻ കേരള കമ്പനിക്ക് ബദൽ സംവിധാനമായാണ് യൂണിറ്റ് പ്രവർത്തിക്കുന്നത്. സമീപ പഞ്ചായത്തുകളിൽ നിന്നും തരംതിരിച്ച പാഴ്വസ്തുക്കൾ വില നല്കി സ്വീകരിച്ച് ആർആർഎഫിൽ എത്തിച്ചുവീണ്ടും തരംതിരിച്ച് റീസൈക്കിളിങ്ങിന് വിവിധ കമ്പനികൾക്ക് കൈമാറി, അധിക വരുമാനം നേടുന്നുമുണ്ട്. അധികവരുമാനം ലഭിക്കുന്നതിന് കുടുംബശ്രീയുടെ സഹകരണത്തോടെ തൊഴിലുറപ്പ് ബോർഡ് നിർമാണ സംരംഭ യൂണിറ്റും സൂക്ഷ്മസംരംഭമായി രജിസ്റ്റർ ചെയ്താണ് പ്രവർത്തനം.

## ഇരട്ടയാർ ബ്രാൻഡ് ജൈവവളവും

വീടുകളിൽനിന്നും വിവിധ സ്ഥാപനങ്ങളിൽ നിന്നും മറ്റും ജൈവമാലിന്യവും ഇപ്പോൾ ശേഖരിച്ചു വരുന്നുണ്ട്. ഇവ ഏഴ് പ്ലാന്റുകളുള്ള തുമ്പൂർമുഴി യൂണിറ്റിലും ഒപ്പം വിൻഡ്രോകമ്പോസ്റ്റിങ്ങിലും എത്തിച്ച് ശാസ്ത്രീയ രീതിയിൽ സംസ്കരിച്ച് ജൈവവളമാക്കി മാറ്റുന്നു. ഈ ജൈവവളം ഇരട്ടയാറിന്റെ സ്വന്തം ബ്രാൻഡിൽ പുറത്തിറക്കാനുള്ള നടപടികളാരംഭിച്ചിരിക്കുകയാണ് പഞ്ചായത്ത്. ഹരിത കേരളം മിഷൻ സാങ്കേതിക പിന്തുണയോടെ ശുചിത്വ മിഷന്റെ അഞ്ച് ലക്ഷം രൂപ ധനസഹായത്തോടെയാണ് കമ്പോസ്റ്റിങ്ങ് യൂണിറ്റ് ആരംഭിച്ചത്. പ്രതിദിനം 150 മുതൽ 300 കിലോ ജൈവമാലിന്യം സംസ്കരണം നടത്തുന്നു.

അശാസ്ത്രീയ മാലിന്യ സംസ്കരണത്തിനും മാലിന്യം വലിച്ചെറിയലിനുമെതിരെ ഗ്രാമപഞ്ചായത്ത് കർക്കശമായി നിയമനടപടികൾ നടപ്പാക്കുന്നു. ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെ എല്ലാ വിഭാഗവും മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ഇതിനായി കൈകോർക്കുന്നു. ഇന്നിപ്പോൾ നിരവധി തദ്ദേശസ്ഥാപന പ്രതിനിധികൾ ഇരട്ടയാറിന്റെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കണ്ടു മനസിലാക്കാൻ ഇവിടെയെത്തുന്നുണ്ട്. ഇരട്ടയാറിന്റെ ഹരിതകർമ സേന പരിശീലകരായി മറ്റു തദ്ദേശസ്ഥാപനങ്ങളിൽ എത്തി മൂല്യവർധിത തരം തിരിക്കൽ പരിശീലനം നൽകുന്നുമുണ്ട്. മാലിന്യസംസ്കരണ പ്രവർത്തനങ്ങളിൽ നിരവധി പുരസ്കാരങ്ങളും ഇരട്ടയാറിന് ലഭിച്ചിട്ടുണ്ട്. ■

ഐശ്വര്യ പി.എസ്
ഐ പി ആർ ഡി

സാംസ്കാരിക നഗരിയായ തൃശൂരിന്റെ പൈതൃക കേന്ദ്രങ്ങളാണ് ഗുരുവായൂരും കുന്നംകുളവും. രൂക്ഷമായ മാലിന്യപ്രശ്നം അനുഭവിച്ചിരുന്ന ജനനിബിഡമായ ഈ നഗരസഭകൾ മാലിന്യത്തിന് ശാശ്വതപരിഹാരവും സുസ്ഥിര പദ്ധതികളുണ്ടെന്ന് കാട്ടിത്തരുന്നു




# തീർഥാടനനഗരിയും വാണിജ്യനഗരിയും

നാട്ടുവാഴിക്കാലം തൊട്ട് വാണിജ്യകേന്ദ്രമായി നിലനിന്ന കുന്നംകുളത്തിന് മാലിന്യം എല്ലാക്കാലത്തും വലിയ പ്രതിസന്ധിയായിരുന്നു. മാലിന്യക്കൂമ്പാരം മൂലം കുറുക്കന്മാരുടെ വാസസ്ഥലമായി മാറിയ കുറുക്കൻപാറ എന്ന പ്രദേശത്ത് ഇന്ന് ലോകോത്തര മാതൃകയിലുള്ള മാലിന്യ സംസ്കരണ പ്ലാന്റാണ്. വികേന്ദ്രീകൃത മാലിന്യസംസ്കരണത്തിൽ ഊന്നി സാധ്യമാകുന്നത്ര മാലിന്യത്തെ ഉറവിടത്തിൽ തന്നെ സംസ്കരിച്ച്, ശേഷിക്കുന്നവയെ ഉറവിടത്തിൽ തന്നെ വേർതിരിച്ച്, കുറുക്കൻപാറയിലെ കേന്ദ്രീകൃത സംവിധാനം വഴി സംരംഭകത്വ മാതൃകയിൽ പുനഃ ചംക്രമണത്തിന് വിധേയമാക്കിയാണ് കുന്നംകുളം നഗരസഭ ഈ പ്രതിസന്ധിക്ക് പരിഹാരം കണ്ടത്. 2008ൽ പ്രാരംഭനടപടികൾ ആരംഭിച്ചു. 2016 ഒക്ടോബർ 6 മുതൽ മാലിന്യത്തിൽ നിന്നും ജൈവവളം നിർമ്മിക്കുന്ന സംസ്കരണകേന്ദ്രമായി കുറുക്കൻപാറയെ മാറ്റി. പ്രാദേശികമായി നിരവധി സ്ത്രീകൾക്ക് തൊഴിൽ നൽകാനും പദ്ധതി വഴി കഴിഞ്ഞു.

ഐആർടിസി വികസിപ്പിച്ച മൈക്രോബിയൽ എൻറിച്ഡ് കൊയർപിത്ത് ബേസ്ഡ് എയ്റോ കമ്പോസ്റ്റിംഗ് സാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രതിദിനം എട്ട് ടണ്ണോളം മാർക്കറ്റ് മാലിന്യം ശേഖരിച്ച് ശാസ്ത്രീയമായും ശല്യരഹി

തമായും സംസ്കരിക്കാൻ കഴിയുന്ന കേരളത്തിലെ ആദ്യ ആധുനിക മാലിന്യ സംസ്കരണ സംവിധാനമാണ് നഗരസഭയുടെ ഗ്രീൻ പാർക്കിലുള്ളത്.

ജൈവമാലിന്യങ്ങളിലെ ഈർപ്പം നിയന്ത്രിക്കുന്നതിനായി ചകിരിച്ചോറിനെ ഉപയോഗപ്പെടുത്തിയും ഇനോക്കുലത്തിന്റെ ഉപയോഗം വഴി കമ്പോസ്റ്റിങ്ങിനെ നിയന്ത്രിച്ചും യന്ത്രവൽക്കരണത്തെ ഈ പ്രവർത്തനങ്ങളോട് വേണ്ടവിധം കണ്ണിചേർത്തുമാണ് കുന്നംകുളത്തെ മാലിന്യസംസ്കരണ രീതി.

മാലിന്യത്തെ അറിഞ്ഞ് സംസ്കരിക്കുക എന്ന വിദ്യയാണ് നഗരസഭ പ്രായോഗിക തലത്തിൽ ഉപയോഗിച്ചത്. മാലിന്യത്തെ ജൈവ-അജൈവമായി തരംതിരിച്ച് ഗാർഹിക തലം മുതൽ മാലിന്യ സംസ്കരണം എന്ന ആശയം ഉയർത്തി. അതിന് ആവശ്യമായ ബോധവൽക്കരണവും നടത്തി. മാലിന്യ സംസ്കരണത്തെ കുറിച്ച് പഠിക്കാൻ ഗ്രീൻ ടെക്നോളജി സെന്ററും ഇവിടെ യാഥാർഥ്യമാക്കിയിട്ടുണ്ട്.

## നല്ല വീട് നല്ല നഗരം പദ്ധതി

ഓരോ വാർഡും ശുചിത്വപദവി കൈവരിച്ച് നഗരസഭയുടെ സമ്പൂർണ്ണ ശുചിത്വ പ്രഖ്യാപനം നടത്തുന്ന കേരളത്തിലെ ആദ്യ നഗരസഭയാണ് കുന്നംകുളം നഗരസഭ. നല്ല വീട് നല്ല നല്ല നഗരം പദ്ധതി ആവിഷ്കരിച്ചും അത് പൂർണ്ണമായി നടപ്പാക്കിയുമാണ് നഗരസഭ ഈ നേട്ടം കൈവരിച്ചത്. മൂന്നുമാസം നീണ്ടുനിന്ന വിപുലമായ ബഹുജന ക്യാമ്പയിനിലൂടെ നഗരത്തിലെ 13,195 വീടുകളിലും ഉറവിട ജൈവമാലിന്യ സംസ്കരണ ഉപകരണങ്ങളും അത്രയും വീടുകളിൽ ഹരിത കർമ്മസേന രജിസ്ട്രേഷനും ഉറപ്പാക്കി. നഗരത്തിലെ കച്ചവട കച്ചവടേതര സ്ഥാപനങ്ങളും ഓഫീസുകളിലും വേർതിരിച്ച ജൈവ അജൈവ മാലിന്യങ്ങൾ കൈമാറുന്നതിനുള്ള രജിസ്ട്രേഷൻ പൂർത്തീകരിച്ചു. 1800 രൂപ വിലയുള്ള ബയോബിന്നും 13,500 രൂപ വിലയുള്ള ബയോഗ്യാസ് പ്ലാന്റും 90 ശതമാനം സബ്സിഡിയോടെയാണ് ഉപഭോക്താക്കൾക്ക് നൽകിയത്.

## ശ്മശാനഭൂമിയെ പൂങ്കാവനമാക്കി ഗുരുവായൂർ നഗരസഭ

മൂന്നര ഏക്കറിൽ മുഴവൻ മാലിന്യങ്ങൾ. അജ്ഞാത മൃതദേഹങ്ങൾ സംസ്കരിച്ചിരുന്ന സ്ഥലം. അങ്ങനെ ഒരു കാലത്ത് ശവക്കോട്ടയായും മാലിന്യക്കൂമ്പാരം നിറഞ്ഞും ദുർഗന്ധം പരത്തിയ സ്ഥലം ഇന്ന് പൂങ്കാവനവും കുട്ടികളുടെ കളിയിടങ്ങളുമാണ്. മാലിന്യ നിക്ഷേപത്തിനെതിരെ നിരവധി സമര പരമ്പരകൾ അരങ്ങേറിയ കേന്ദ്രം



കൂടിയായിരുന്നു ഗുരുവായൂരിലെ ചൂൽപ്പുറത്തെ ശവക്കോട്ട. മഴക്കാലത്ത് ഇവിടെ നിന്നും വരുന്ന ദുർഗന്ധവും മലിനജലവും കാരണം സമീപവാസികൾക്കും യാത്രക്കാർക്കും നിരവധി പ്രതിസന്ധികൾ സൃഷ്ടിച്ചിരുന്നു.മൂക്ക് പൊത്താതെ ഇതുവഴി കടന്നുപോകാൻ കഴിയുമായിരുന്നില്ല.

വിവാഹം, ക്ഷേത്രദർശനം, തീർഥാടന ടൂറിസം എന്നിങ്ങനെയായി പ്രതിവർഷം മൂന്നുകോടിയിലധികം ജനങ്ങൾ വന്നുപോകുന്ന ഗുരുവായൂരിൽ മാലിന്യ നിക്ഷേപ കേന്ദ്രമായ ചൂൽപ്പുറത്ത് ശാസ്ത്രീയ മാലിന്യസംസ്കരണം വഴി സ്വപ്നതുല്യമായ മാറ്റങ്ങളാണ് സംഭവിച്ചത്. 2009ൽ ഗ്യാസ് ക്രിമറ്റോറിയം ആരംഭിച്ചാണ് ഈ വിപ്ലവമാറ്റത്തിന് തുടക്കം കുറിച്ചത്. പിന്നീട് 3500 സ്ക്വയർഫീറ്റ് വിസ്തീർണ്ണത്തിൽ മാലിന്യം വേർതിരിക്കാൻ വിപുലമായ എംസിഎഫ് സംവിധാനം ഏർപ്പെടുത്തി. വഴിയോര വിശ്രമകേന്ദ്രം, കുട്ടികൾക്കായി കളിയിടം എന്നിവയും സജ്ജീകരിച്ചു. കല്യാണമണ്ഡപങ്ങൾ, ഹോട്ടലുകൾ എന്നിവിടങ്ങളിലെ ജൈവമാലിന്യത്തെ വളമാക്കി വിൽപന നടത്താനും ഇതു വഴി കഴിഞ്ഞു. പ്ലാസ്റ്റിക് ഉപയോഗം പൂർണ്ണമായും ഒഴിവാക്കി. യൂസർ ഫീ കളക്ഷൻ, ബയോബിൻ വിതരണം എന്നിവ കാര്യക്ഷമമാക്കി.

**പ്രതിവർഷം മൂന്നു കോടിയിലധികം ജനങ്ങൾ വന്നുപോകുന്ന ഗുരുവായൂരിൽ മാലിന്യ നിക്ഷേപ കേന്ദ്രമായ ചൂൽപ്പുറത്ത് ശാസ്ത്രീയ മാലിന്യസംസ്കരണം വഴി സ്വപ്ന തുല്യമായ മാറ്റങ്ങളാണ് സംഭവിച്ചത്**

## ഗുരുവായൂർ അഴുക്കുചാൽ പദ്ധതി

അരനൂറ്റാണ്ടിന്റെ കാത്തിരിപ്പിനൊടുവിൽ തൃശൂർ ജില്ലയിലെ ആദ്യ മാലിന്യ സംസ്കരണ പ്ലാന്റ് ഗുരുവായൂരിൽ യാഥാർഥ്യമായി. മലിനജലം സംസ്കരിച്ച ശേഷം പുനരുപയോഗത്തിനുള്ള ജലമായി മാറ്റിയെടുക്കുന്ന ചക്കംകണ്ടത്തുള്ള മാലിന്യസംസ്കരണ പ്ലാന്റ് കമ്മീഷൻ ചെയ്തതോടെ പ്രദേശവാസികൾക്കും ക്ഷേത്ര നഗരിയിൽ എത്തുന്ന തീർഥാടകർക്കും ഒരുപോലെ ആശ്വാസമായി. ചക്കംകണ്ടത്ത് സ്ഥാപിച്ചിരിക്കുന്ന മൂന്ന് ദശലക്ഷം ലിറ്റർ ശേഷിയുള്ള മാലിന്യസംസ്കരണശാല, മൂന്ന് സംഭരണ കിണറുകൾ, മൂന്ന് പമ്പ് ഹൗസുകൾ, 7.34 കിലോമീറ്റർ നീളമുള്ള സ്വീവറേജ് സംഭരണ ശൃംഖല, പമ്പുസെറ്റുകൾ, ജനറേറ്ററുകൾ, 256 മാൻഹോളുകൾ എന്നിവയാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. 1973ൽ തുടക്കം കുറിച്ച പദ്ധതിയാണിത്.

മൂന്ന് സോണുകളിൽ നിന്നുള്ള മാലിന്യങ്ങൾ ഏറ്റവുമൊടുവിൽ സംഭരിക്കുന്നത് ഒന്നാമത്തെ പമ്പ്ഹൗസിലാണ്. അവിടെ നിന്ന് മാലിന്യങ്ങൾ പൈപ്പ് വഴി ചക്കംകണ്ടം പ്ലാന്റിനു മുന്നിലെ വലിയ ടാങ്കിലേക്ക്. ടാങ്കിലെ മാലിന്യങ്ങൾ പ്രത്യേക ചാനൽ വഴി പ്ലാന്റിലെ ഗ്രിഡ് ചേംബറിലേക്ക്. ചാനലിൽ വെച്ച് സാന്ദ്രതയുള്ള മാലിന്യങ്ങൾ വേർതിരിക്കപ്പെടും. ഗ്രിഡ് ചേംബറിൽനിന്ന് പ്ലാന്റിലെ ടാങ്കിലേക്കും അവിടെനിന്ന് പമ്പ് ചെയ്ത് ബയോളജിക്കൽ റിയാക്ടറിലേക്കും. ബാക്ടീരിയ ഉപയോഗിച്ച് സംസ്കരണപ്രക്രിയ നടക്കുന്ന ഘട്ടമാണിത്. ഒടുവിൽ, കാർബൺ ഫിൽട്ടർ ചേമ്പറിലൂടെ മാലിന്യം കടത്തിവിട്ട് വെള്ളത്തിലെ കോളിഫോമിന്റെ അംശങ്ങൾ വേർതിരിച്ചശേഷം ശുദ്ധീകരിച്ച് പുറത്തേക്കു വിടും. ■

അഖിൽ സദാശിവൻ
മാധ്യമപ്രവർത്തകൻ

> സംസ്ഥാനത്തെ ആദ്യ സമ്പൂർണ്ണ സംയോജിത ബയോമൈനിങ്ങ് പദ്ധതിയും റംസാർ സൈറ്റിൽ നടപ്പാക്കുന്ന ലോകത്തിലെ ആദ്യപദ്ധതിയുമായ ചണ്ടി ഡിപ്പോയിലെ ബയോമൈനിങ്ങിനെക്കുറിച്ച് പഠിക്കാൻ ലോകബാങ്ക് സംഘം ഉൾപ്പെടെ നേരിട്ടെത്തിയിരുന്നു

## കൊല്ലം കുരീപ്പുഴ



# മാലിന്യമലയിൽ നിന്നൊരു പൂപ്പാടം

ബ്രഹ്മപുരത്തിന് മുമ്പേ മാലിന്യമല ക്ലീനാക്കി സിക്സ്സറടിച്ച സ്ഥലം കൊല്ലത്തുണ്ട്. പൂന്തോട്ടവും മലിനജല സംസ്കരണപ്ലാന്റുമൊരുക്കി മാതൃക കാണിച്ച കുരീപ്പുഴ. രണ്ട് വർഷം മുമ്പാണ് മാലിന്യ സംസ്കരണപ്ലാന്റ് നിർമിച്ച് ബയോമൈനിങ്ങിലൂടെ ഇവിടെനിന്ന് മാലിന്യം വേർതിരിച്ചത്.

ദശാബ്ദങ്ങളായി കൊല്ലം ജനതയെ, നഗരസഭയെ ഏറെ പ്രതിസന്ധിയിലാക്കിയിരുന്ന വിഷയമായിരുന്നു കുരീപ്പുഴ ചണ്ടിഡിപ്പോയിലെ മാലിന്യം (ലെഗസി വേസ്റ്റ്). ബയോമൈനിങ്ങിലൂടെ വേർതിരിച്ചാണ് കുരീപ്പുഴയിലെ മാലിന്യപ്രശ്നത്തിന് പരിഹാരമായത്. സംസ്ഥാനത്തെ ആദ്യ സമ്പൂർണ്ണ സംയോജിത ബയോമൈനിങ്ങ് പദ്ധതിയും റംസാർ സൈറ്റിൽ നടപ്പാക്കുന്ന ലോകത്തിലെ ആദ്യപദ്ധതിയുമായ ചണ്ടി ഡിപ്പോയിലെ ബയോമൈനിങ്ങിനെക്കുറിച്ച് പഠിക്കാൻ ലോകബാങ്ക് സംഘം ഉൾപ്പെടെ നേരിട്ടെത്തിയിരുന്നു. പരിസ്ഥിതിക്ക് കോട്ടമുണ്ടാക്കാതെ മാലിന്യം നീക്കം ചെയ്യുന്ന സമ്പൂർണ്ണ ബയോമൈനിങ്ങ് രീതിയിലൂടെയാണ് മാലിന്യം വേർതിരിച്ചത്. 16 ലക്ഷം ഘന മീറ്റർ മാലിന്യം തറനിരപ്പിൽനിന്ന് താഴേക്ക് ഉണ്ടായിരുന്നു. 5.47 ഏക്കറിലായി 1,04,906 മീറ്റർ ക്യൂബ് മാലിന്യമായിരുന്നു കുരീപ്പുഴയിൽ പതിറ്റാണ്ടുകളായി കെട്ടിക്കിടന്നിരുന്നത്. തമിഴ്നാട് ഈറോഡ് ആസ്ഥാനമായ സിഗ്മ ഗ്ലോബൽ എൻവയോൺമെന്റ് സൊല്യൂഷൻസസ് ലിമിറ്റഡ് എന്ന കമ്പനിയാണ് മാലിന്യം നീക്കുന്നതിനായി



കരാറെടുത്തത്. ഒരു ഘനമീറ്റർ മാലിന്യം സംസ്കരിക്കാൻ 1130 രൂപയായിരുന്നു ചെലവ്. നീക്കംചെയ്ത് വേർതിരിക്കുന്ന മാലിന്യം റീസൈക്കിൾചെയ്ത് പുനരുപയോഗിക്കുന്നതിന് മഹാരാഷ്ട്ര ഉൾപ്പെടെയുള്ള ഇതരസംസ്ഥാനങ്ങളിലേക്കാണ് കൊണ്ടുപോയത്. വൻതോതിൽ മണ്ണ്, ചെരുപ്പ്, പ്ലാസ്റ്റിക് തുടങ്ങിയവയാണ് കുരീപ്പുഴയിലെ കൂമ്പാരത്തിൽനിന്ന് വേർതിരിച്ചത്. പാറക്കല്ല്, തടി, ലോഹവസ്തുക്കൾ, കുപ്പിച്ചില്ല് എന്നിങ്ങനെ പന്ത്രണ്ട് വിവിധ ഘടകങ്ങളായി വേർതിരിച്ച് പുനരുപയോഗത്തിനായി കൈമാറുകയായിരുന്നു. ഇരുമ്പ് ഉൾപ്പെടെയുള്ള ലോഹങ്ങൾ, കുപ്പിച്ചില്ലുകൾ, ടയറിന്റെ അവശിഷ്ടം, പാദരക്ഷയുടെ സോൾ തുടങ്ങിയവ പുനരുപയോഗിക്കുന്നതിന് ഡൽഹിയിലേക്ക് കൊണ്ടുപോയി. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ നിർദേശങ്ങൾക്കനുസൃതമായിരുന്നു ബയോമൈനിങ്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയോടെ കോർപ്പറേഷൻ എൻജിനിയറിംഗ്, ആരോഗ്യവകുപ്പുകളുടെ മേൽനോട്ടത്തിലാണ് മാലിന്യം സംസ്കരിച്ചത്. ദക്ഷിണ കൊറിയയിൽ നിന്നുള്ള നൂതന സാങ്കേതികവിദ്യയും അത്യാധുനിക ഉപകരണങ്ങളും ഉപയോഗിച്ച് മണ്ണിലെ മൈക്രോ പ്ലാസ്റ്റിക് അടക്കമുള്ള അംശങ്ങൾ പ്രത്യേക രീതിയിൽ വേർതിരിച്ചെടുക്കുന്ന രീതിയാണ് കുരീപ്പുഴയിൽ പ്രാവർത്തികമാക്കിയത്. നീതി ആയോഗ്, ശുചിത്വമിഷൻ, മലിനീകരണനിയന്ത്രണ ബോർഡ്, സിവിൽ സർവീസ് ഉദ്യോഗസ്ഥർ, മന്ത്രിമാർ തുടങ്ങിയവർ കുരീപ്പുഴ പ്ലാന്റ് സന്ദർശിച്ചിരുന്നു.

## ഒരുങ്ങുന്നു മലിനജല സംസ്കരണ പ്ലാന്റ്

മാലിന്യം നീക്കംചെയ്ത സ്ഥലത്ത് 31.92 കോടിരൂപ ചെലവിൽ സ്ഥാപിച്ച സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നിലവിൽ അന്തിമഘട്ടത്തിലാണ്. പ്ലാന്റിന്റെ 90 ശതമാനം പണിയും പൂർത്തിയായി. അമൃത്പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നിർമ്മാണം. നഗരത്തിലെ 16 ഡിവിഷനുകളിലെ വീടുകളിൽനിന്നുള്ള ദ്രവമാലിന്യം പൈപ്പുകൾ വഴി പ്ലാന്റിലേക്കെത്തിക്കുന്ന പണികൾ പുരോഗമിക്കുകയാണ്. ഇതിനുള്ള നെറ്റ് വർക്ക് സംവിധാനം ഉൾപ്പെടെ സ്ഥാപിക്കുന്ന ജോലികളാണ് ബാക്കിയുള്ളത്. പരിസ്ഥിതിക്കും പ്രദേശവാസികൾക്കും ഒരു തരത്തിലുള്ള പ്രതിസന്ധിയും സൃഷ്ടിക്കാത്ത തരത്തിൽ മൂവിങ് ബെഡ് ബയോ റിയാക്ടർ സാങ്കേതികവിദ്യ ഉപയോഗിച്ചാണ് പ്രവർത്തനം. നഗരത്തിലെ ശൗചാലയ മാലിന്യമുൾപ്പെടെ മുഴുവൻ ദ്രവമാലിന്യവും കൈകാര്യം ചെയ്യുമ്പോൾ പ്ലാന്റിൽ പ്രശ്നങ്ങളോ ദുർഗന്ധമോ ഉണ്ടാകില്ലെന്നതാണ് പ്രത്യേകത. പ്ലാന്റിലെത്തുന്ന മാലിന്യത്തിലെ ദ്രാവകഭാഗം വിവിധ ഘട്ടങ്ങളായുള്ള സംസ്കരണത്തിലൂടെ ശുദ്ധജലത്തിനു തുല്യമായ അവസ്ഥയിലും ഖരപദാർഥങ്ങൾ വളമാക്കിയും മാറ്റും. ശുദ്ധജലം അഷ്ടമുടിക്കായലിൽനിന്ന് 50 മീറ്റർ അകലെയായി ഒഴുക്കും. പൈപ്പിടൽ ശൃംഖല വിപുലീകരിക്കുന്നതിനായി അമൃത് ഒന്നും രണ്ട് പദ്ധതികളിലായി 149.04 കോടിയുടെ ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. ഇതിന് പുറമേ ബയോമൈനിങ് നടത്തിയ സ്ഥലത്ത് ബിപിസിഎല്ലിന്റെ നേതൃത്വത്തിൽ സിഎൻജി പ്ലാന്റും റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർആർഎഫ്) സ്ഥാപിക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു.

## മാലിന്യമല ഓണക്കാലത്ത് ബന്ദിപ്പൂപാടം

മാലിന്യത്തിന്റെ ദുർഗന്ധം പേറിയിരുന്ന കുരീപ്പുഴ ചണ്ടിഡിപ്പോ കഴിഞ്ഞ ഓണക്കാലത്ത് ബന്ദിപ്പൂ പാടമായി മാറി. കോർപ്പറേഷനും കൃഷിഭവനും തൊഴിലുറപ്പ് തൊഴിലാളികളും ഒത്തുചേർന്നപ്പോൾ വിരിഞ്ഞത് ഓറഞ്ചും മഞ്ഞയും ബന്ദിപ്പൂക്കൾ. ഓണത്തിന് പൂക്കൾക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് ഒഴിവാക്കുക എന്ന സന്ദേശം ഉയർത്തിയാണ് ബന്ദിപ്പൂക്കൃഷി ഒരുക്കിയത്. പൂപ്പാടം കാണാനും ചിത്രം പകർത്താനും നിരവധി ആളുകളെത്തിയിരുന്നു. ■

> പൊതുവിടങ്ങളിൽ ജനങ്ങൾ മാലിന്യം നിക്ഷേപിക്കാതിരിക്കാനും മാലിന്യം കത്തിക്കാതിരിക്കാനും നിതാന്തജാഗ്രത പുലർത്തുന്ന നഗരസഭയാണ് വടക്കാഞ്ചേരി. അതിനായി വഴിയരികിലും പൊതു സ്ഥാപനങ്ങളിലും ബോട്ടിൽ ബൂത്തും ഇല കമ്പോസ്റ്റ് ബൂത്തും ഒരുക്കിയിട്ടുണ്ട്.

**തൃശൂർ - വടക്കാഞ്ചേരി**

# കൈമാറ്റക്കട മുതൽ ഇ - വേസ്റ്റ് ശേഖരണം വരെ




## അഭിമാനമായി കൈമാറ്റക്കട

വിജയത്തിന്റെ മൂന്നാണ്ടുകൾ പിന്നിട്ട് നഗരസഭയുടെ അഭിമാന പദ്ധതിയായി മാറിയിരിക്കുകയാണ് പട്ടികജാതി വനിതാ സംരംഭമായ കൈമാറ്റക്കട. ഹരിത കർമ്മ സേനാംഗങ്ങൾ എല്ലാ വീടുകളിൽ നിന്നും ശേഖരിക്കുന്ന പഴയ വസ്തുങ്ങളിൽ നിന്ന് ചവിട്ടി നിർമ്മിച്ച സ്ത്രീകൾക്ക് വരുമാനമാർഗം കൂടി കണ്ടെത്താൻ നഗരസഭയ്ക്ക് കഴിഞ്ഞു. പ്ലാസ്റ്റിക് കവറുകൾ ഉപയോഗിക്കാതിരിക്കാൻ തുണിസഞ്ചി നിർമ്മാണവും ഇവിടെ നടത്തിവരുന്നുണ്ട്. സ്ത്രീകളെ സ്വയം പര്യാപ്തരാക്കുന്നതോടൊപ്പം അവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനായി നഗരസഭയുടെ നേതൃത്വത്തിൽ ആരംഭിച്ച കൈമാറ്റക്കടയിൽ ഡ്രൈ ക്ലീനിങ് സംവിധാനവും ടൈലറിങ്ങും കൂടി ഒരുക്കി സംരംഭം വിപുലപ്പെടുത്താനൊരുങ്ങുകയാണ് നഗരസഭ.

## ബയോ മൈനിങ്ങിലൂടെ 2.75 ഏക്കർ വീണ്ടെടുക്കുന്നു

നഗരസഭയിലെ കുമ്പളങ്ങാട് നിവാസികളുടെ പതിറ്റാണ്ടുകൾ നീണ്ട മാലിന്യ പ്രശ്നത്തിന് പരിഹാരം കാണാൻ കുമ്പളങ്ങാട് 2.75 ഏക്കർ സ്ഥലത്ത് ബയോ മൈനിങ് പദ്ധതിക്കും നഗരസഭ തുടക്കം കുറിച്ചു. ലോക ബാങ്കിന്റെ സഹായത്തോടെ കെഎസ്ഡബ്ലിയുഎംപി ഫണ്ടിൽ നിന്നും ഒൻപത് കോടി രൂപ വിനിയോഗിച്ചാണ് പദ്ധതി പ്രാവർത്തികമാക്കുന്നത്. മൂന്നുമാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കാനാകും.

മുപ്പത് വർഷത്തോളം പഴക്കമുള്ള ഏകദേശം 20,000 ടൺ മാലിന്യമാണ് ബയോമൈനിങ് നടത്തുന്നത്. ആധുനിക ട്രോമെൽ യന്ത്രസംവിധാനത്തിന്റെ സഹായത്തോടെ പ്ലാസ്റ്റിക്, റബ്ബർ തുടങ്ങിയ മാലിന്യങ്ങൾ വേർതിരിച്ച് സിമന്റ് നിർമ്മാണ മേഖലയിലേക്ക് കയറ്റുമതി ചെയ്യുകയാണ്. പ്രതിദിനം 400 ടൺ മാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിക്കാനുള്ള ശേഷി ഈ സംവിധാനത്തിനുണ്ട്. കൂടാതെ മണ്ണ് പരിശോധിച്ച ശേഷം അനുയോജ്യമായാൽ പുനരുപയോഗിക്കാനും ഇതുവഴി സാധിക്കും.

നഗരസഭയിലെ പൊതുവിടങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവരെ വിടാതെ പിന്തുടരുന്ന നടപടിയും അധികൃതർ സ്വീകരിച്ചിട്ടുണ്ട്. രാപകലില്ലാതെ ആരോഗ്യ വിഭാഗം അധികൃതരുടെ നേതൃത്വത്തിൽ നടത്തുന്ന പരിശോധനയിൽ നിരവധി പേരാണ് കുടുങ്ങിയത്. അങ്ങനെ നഗരസഭയെ കൂടുതൽ വൃത്തിയും ശുചിത്വവുമുള്ള നാടായി മാറ്റുന്നതിനുള്ള പരിശ്രമം തുടർന്നുകൊണ്ടിരിക്കുകയാണ്. വീടുകളിലെ ഉറവിട മാലിന്യ സംസ്കരണത്തിനായി ബയോ ബിന്നുകളും, ബയോ ഗ്യാസ്, റിങ് കമ്പോസ്റ്റ് തുടങ്ങി ഉപാധികളും നഗരസഭ നൽകിയിട്ടുണ്ട്. ഹരിത കർമ്മ സേന വീടുകളിൽ നിന്നും നൂറ് ശതമാനം മാലിന്യശേഖരണ പ്രവർത്തനവും നടത്തിവരുന്നു.

വീടുകളിൽ കെട്ടിക്കിടക്കുന്ന ഉപയോഗശൂന്യമായ ഇലക്ട്രിക് - ഇലക്ട്രോണിക് മാലിന്യങ്ങൾക്ക് പണം നൽകി ഹരിത കർമ്മ സേന മുഖേന ശേഖരിക്കുന്നതിനും തുടക്കം കുറിക്കുകയാണ് വടക്കാഞ്ചേരിയിൽ. ■

രഞ്ജിത്ത്കുമാർ എൻ വി
ഹെഡ് മാസ്റ്റർ, മാവിലായി യു പി സ്കൂൾ, കണ്ണൂർ



# മാവിലായിയിലെ കുട്ടിപ്പട്ടാളം

കുഞ്ഞിളം കൈകളിൽ പതയുന്ന നന്മ'- മാവിലായി യുപി സ്കൂൾ നിർമ്മിക്കുന്ന സ്വദേശി ഉൽപന്ന മായ കുട്ടിസോപ്പിന്റെ കുട്ടികൾ തന്നെ കണ്ടെത്തിയ പരസ്യവാചകം ഇങ്ങനെയാണ്. ഇതിനെ അന്വർഥമാക്കുന്ന നേട്ടങ്ങളും നന്മയുമാണ് സ്കൂൾ ഹരിതസേനയായ 'കുട്ടിപ്പട്ടാളം' അവരുടെ നാട്ടിലും വീടുകളിലും സ്കൂളിലും പ്രസരിപ്പിക്കുന്നത്. ഒരു സ്കൂളിന്, അവിടെയുള്ള കുഞ്ഞുങ്ങൾക്ക് നാടിന്റെ മാറ്റത്തിന്റെ പതാകാവാഹകരാകാനാകുമെന്നതിന്റെ സാക്ഷ്യമാണ് മാവിലായി യുപി സ്കൂൾ.



അഞ്ച്, ആറ്, ഏഴ് ക്ലാസുകൾ മാത്രമായി പ്രവർത്തിച്ചുവരുന്ന മാവിലായി യുപി സ്കൂളിലെ കുട്ടികൾ നാടിനു നൽകുന്ന വലിയ സന്ദേശങ്ങളാണ് 'എന്റെ ഗ്രാമം എന്റെ അഭിമാനം' എന്ന പദ്ധതിയിൽ വിരിഞ്ഞത്. കുട്ടികൾ സ്വന്തമായി നിർമ്മിക്കുന്ന കുട്ടിസോപ്പ്, കുട്ടി ഹാൻഡ് വാഷ്, കുട്ടി സഞ്ചി, കുട്ടിച്ചൂൽ, ഡി-ബ്രഷ്, ഡി-മാറ്റ് എന്നീ ഉൽപന്നങ്ങൾ സമൂഹം ഏറ്റെടുത്തതിനു പുറമേ കുട്ടികളുടെ വീടുകളിലും സ്കൂളിലും ജൈവപച്ചക്കറി വിളയിച്ചും കുട്ടിപ്പട്ടാളം മാവിലായി മാതൃക സൃഷ്ടിക്കുന്നു.

എല്ലാ കുട്ടികളുടെ വീടുകളിലും പ്ലാസ്റ്റിക് മാലിന്യം, ജൈവമാലിന്യം എന്നിവ തരം തിരിച്ച് നിക്ഷേപിക്കാൻ പ്രത്യേകം ബിന്നുകൾ സ്ഥാപിച്ച് വലിച്ചെറിയൽമുക്ത ഭവനം എന്ന ആശയം നടപ്പിലാക്കിയ കുട്ടികൾ കോമ്പൗണ്ട് ഹരിത ശുചിത്വസുന്ദരമാക്കി സൂക്ഷിക്കുന്നു. ഓടുന്ന വാഹനങ്ങളിൽ നിന്ന് മാലിന്യം വലിച്ചെറിയുന്നത് ഒഴിവാക്കാൻ 2024 നവംബർ 1ന് കേരളപ്പിറവി ദിനം മുതൽ ഒരാഴ്ചക്കാലം സ്കൂൾ റോഡിലൂടെ കടന്നുപോയ വാഹനങ്ങൾക്ക് കുട്ടികൾ സ്വന്തമായി തയ്യാറാക്കിയ കുട്ടി സഞ്ചിയും ലഘുലേഖയും വിതരണം ചെയ്ത് മാലിന്യമുക്ത നവകേരളത്തിന്റെ സന്ദേശം പ്രചരിപ്പിച്ചു. സ്കൂൾ റോഡിലൂടെ പോയ 48 വാഹനങ്ങളിൽ സഞ്ചിയും ബോധവൽക്കരണ നോട്ടീസും കുരുന്നുകൾ നൽകി. വാഹനങ്ങളിൽ വേസ്റ്റ് ബിൻ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് കുട്ടികൾ മുഖ്യമന്ത്രിക്കും വിദ്യാഭ്യാസ മന്ത്രിക്കും നിവേദനം നൽകിയിട്ടുണ്ട്.



സ്ഥലപരിമിതി കാരണം കുട്ടികളിൽ കായിക വിനോദം കുറയുകയും അതുവഴി കുട്ടികളിൽ മാനസികസമ്മർദം ഉൾപ്പെടെയുള്ള പ്രയാസങ്ങൾ കണ്ടുവരുന്നതായി സ്കൂൾ ശാസ്ത്ര ക്ലബ് നടത്തിയ പഠനത്തിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ എല്ലാ കുട്ടികൾക്കും സ്കിപ്പിംഗ് റോപ്പ് നൽകുകയും എല്ലാവരും സ്കിപ്പിംഗ് ബെൽ സമയത്ത് സ്കിപ്പിംഗ് ചെയ്തു വരുന്ന ഹെൽത്ത് ഈസ് വെൽത്ത് പദ്ധതിയായ കുട്ടിച്ചരടും മാവിലായി സ്കൂളിന്റെ പ്രത്യേകതയാണ്. കഴിഞ്ഞ വർഷങ്ങളിൽ സ്കൂൾ നടത്തിയ പദ്ധതി ഈ വർഷവും തുടരുന്നു. ഈ മാതൃക പിൻതുടർന്ന് കണ്ണൂർ ജില്ലാ പഞ്ചായത്ത് ജില്ലയിലെ 12000 ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സ്കിപ്പിംഗ് റോപ്പ് നല്കിയതും സ്കൂളിന് അഭിമാന നേട്ടമാണ്. ഇത്തരത്തിൽ നൂതന ആശയങ്ങളുമായി മാലിന്യ സംസ്കരണ രംഗത്തും പാഠ്യ-പാഠ്യേതര മേഖലകളിലും മുന്നേറുകയാണ് ഈ പൊതുവിദ്യാലയം. എടക്കാട് ബ്ലോക്ക് പഞ്ചായത്ത് ശുചിത്വ ഹരിത വിദ്യാലയ അവാർഡ് ഉൾപ്പെടെ നിരവധി അംഗീകാരം നേടി മാവിലായി മാതൃക എങ്ങും പരത്താനായുള്ള ശ്രമത്തിലാണ് മാവിലായി യുപി സ്കൂളിലെ കുരുന്നുകളും അധ്യാപകരും.. ■



മുഹമ്മദ് ഹുവൈസ് എം
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്



> പൊതുസ്ഥലത്ത് മാലിന്യം നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ 15 ദിവസത്തിനകം നിക്ഷേപിച്ചയാൾ പിഴയൊടുക്കണം. ഇത് ചെയ്യാത്ത പക്ഷം, നിയമനടപടി സ്വീകരിക്കാനുള്ള വ്യവസ്ഥയുണ്ട്.
> നിയമം പാലിക്കാത്തതിന് അഞ്ചുവർഷം വരെ തടവോ ഒരുലക്ഷം രൂപ വരെ പിഴയോ അല്ലെങ്കിൽ രണ്ടും ചേർന്ന ശിക്ഷയോ ലഭിക്കാം.

# മാലിന്യം വലിച്ചെറിയുന്നതും കത്തിക്കുന്നതും കുറ്റകരം

ഭാരതീയ ന്യായ സംഹിത അനുസരിച്ച് പൊതുജനാരോഗ്യത്തിന് ഹാനികരമാകുന്ന പ്രവൃത്തികളെക്കുറിച്ചും അവയിൽ ഏർപ്പെടുന്നവർക്ക് ലഭിക്കാവുന്ന ശിക്ഷയെ സംബന്ധിച്ചും വ്യക്തമായി വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. ഇവ പ്രധാനമായും 271, 272, 279, 280 എന്നീ വകുപ്പുകളിലാണ് ഉൾപ്പെടുന്നത്.

### ഖരമാലിന്യ പരിപാലന ചട്ടങ്ങൾ പ്രകാരം കുറ്റകരമായ പ്രവൃത്തികൾ

- ഖരമാലിന്യം തരംതിരിച്ച് സൂക്ഷിക്കാതെയും തദ്ദേശസ്വയംഭരണ സ്ഥാപനം നിർദേശിക്കുംവിധം അല്ലാതെ ഉപേക്ഷിക്കുകയും ചെയ്യുക.
- വ്യാപാരകേന്ദ്രങ്ങൾ, ആശുപത്രികൾ തുടങ്ങിയ സ്ഥലങ്ങളിലെ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കാതിരിക്കൽ.
- ഖരമാലിന്യം കത്തിക്കൽ, വലിച്ചെറിയൽ.
- ഗേറ്റഡ് കോളനികൾ, സ്ഥാപനങ്ങൾ ഇവയിൽ മാലിന്യസംസ്കരണ സംവിധാനം ഒരുക്കാതിരിക്കൽ.
- ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവയിൽ മാലിന്യസംസ്കരണ സംവിധാനം ഒരുക്കാതിരിക്കൽ.
- മാലിന്യം പൊതുസ്ഥലത്ത് ഇടുന്നത്.
- ജലാശയങ്ങൾ, ജലസ്രോതസ്സുകൾ, ജലവിതരണ സംവിധാനങ്ങൾ മലിനപ്പെടുത്തുന്ന വിധം മാലിന്യം



അലക്ഷ്യമായി മാലിന്യം വലിച്ചെറിയുന്നതുമൂലം അസുഖം പടർന്നുപിടിക്കുന്ന സ്ഥിതിയുണ്ടായാൽ ആറുമാസം വരെ തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ ലഭിക്കാം.




നിക്ഷേപിക്കലോ ഒഴുക്കിക്കളയുകയോ ചെയ്യൽ.

- നിക്ഷേപിക്കാൻ നിശ്ചയിച്ചിട്ടുള്ള സ്ഥലത്തല്ലാതെ ഇറച്ചി മാലിന്യം കുഴിച്ചിടുക, ഒഴുക്കിവിടുക

## അഞ്ചുവർഷം വരെ തടവുശിക്ഷ ലഭിക്കാം

മാലിന്യനിക്ഷേപത്തിനും മാലിന്യം സംസ്കരിക്കാത്തതിനും കടുത്ത ശിക്ഷ നിർദേശിക്കുന്ന നിയമങ്ങളാണ് നമുക്കുള്ളത്. പൊതുസ്ഥലത്ത് മാലിന്യം നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ 15 ദിവസത്തിനകം നിക്ഷേപിച്ചയാൾ പിഴയൊടുക്കണം. ഇത് ചെയ്യാത്ത പക്ഷം, നിയമനടപടി സ്വീകരിക്കാനുള്ള വ്യവസ്ഥയുണ്ട്. നിയമം പാലിക്കാത്തതിന് അഞ്ചുവർഷം വരെ തടവോ ഒരു ലക്ഷം രൂപ വരെ പിഴയോ അല്ലെങ്കിൽ രണ്ടും ചേർന്ന ശിക്ഷയോ ലഭിക്കാം.

അലക്ഷ്യമായി മാലിന്യം വലിച്ചെറിയുന്നതുമൂലം അസുഖം പടർന്നുപിടിക്കുന്ന സ്ഥിതിയുണ്ടായാൽ ആറുമാസം വരെ തടവോ പിഴയോ അല്ലെങ്കിൽ രണ്ടുംക്കൂടിയോ ലഭിക്കാം. മറ്റുള്ളവർക്ക് ഹാനികരമാകുമെന്ന ബോധ്യത്തോടെ തന്നെ മാലിന്യം വലിച്ചെറിഞ്ഞ് സാംക്രമികരോഗങ്ങൾ പടർന്നുപിടിക്കുന്നതിന് ഇടയാക്കിയാൽ രണ്ട് വർഷം തടവോ പിഴയോ അല്ലെങ്കിൽ രണ്ടും ചേർന്നുള്ള ശിക്ഷയോ ലഭിക്കാം.

## പാലിക്കാം ഈ നിയമങ്ങൾ

കേരളത്തെ സംബന്ധിച്ച് മാലിന്യ നിർമ്മാർജനപ്രവർത്തനങ്ങൾക്കും മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്കും ശക്തമായ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ഒന്നാണ് 1994 ലെ കേരള പഞ്ചായത്ത് രാജ്, നഗരപാലികനിയമങ്ങളും അതിനുകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളും. മാലിന്യനിർമ്മാർജനവും ശാസ്ത്രീയസംസ്കരണവും പരിസ്ഥിതി സംരക്ഷണവുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു. പരിസ്ഥിതിസംരക്ഷണം ഉറപ്പാക്കാൻ ഒട്ടേറെ നിയമങ്ങളും ചട്ടങ്ങളും നിലവിലുണ്ട്.

1989 ലെ പരിസ്ഥിതി സംരക്ഷണ നിയമം

1981 ലെ വായു (മലിനീകരണം തടയലും നിയന്ത്രണവും) നിയമം

1974 ലെ ജല (മലിനീകരണം തടയലും നിയന്ത്രണവും) ആക്ട്

1982 ലെ വായു (മലിനീകരണം തടയലും നിയന്ത്രണവും) ചട്ടങ്ങൾ

1983 ലെ ബാറ്ററികൾ (നടത്തിപ്പും കൈകാര്യം ചെയ്യലും) ചട്ടങ്ങൾ

1989 ലെ ബയോ മെഡിക്കൽ വേസ്റ്റ് (നടത്തിപ്പും കൈകാര്യം ചെയ്യലും) ചട്ടങ്ങൾ

1989 ലെ മാരകമാലിന്യം (നടത്തിപ്പും കൈകാര്യം ചെയ്യലും) ചട്ടങ്ങൾ

2000ത്തിലെ ഓസോൺ ഡെപ്ലെറ്റിംഗ് വസ്തുക്കൾ (റെഗുലേഷനും നിയന്ത്രണവും) ചട്ടങ്ങൾ

2000ത്തിലെ ശബ്ദമലിനീകരണം (റെഗുലേഷനും നിയന്ത്രണവും) ചട്ടങ്ങൾ

കേന്ദ്രചട്ടങ്ങളും മേൽപ്പറഞ്ഞ നിയമങ്ങളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള സംസ്ഥാനചട്ടങ്ങളും നിലവിലുണ്ട്.

ഉൽപാദിപ്പിക്കുന്ന മാലിന്യം സംസ്കരിക്കേണ്ടത് അവരവരുടെ ചുമതലയാണെന്ന ഉത്തരവാദിത്വ ബോധമുണ്ടായാൽ മാലിന്യപ്രശ്നം തുടങ്ങുന്നിടത്തുതന്നെ അവസാനിപ്പിക്കാനാകും. പൊതുഇടം എന്നത് എല്ലാവരുടെയും ഇടം എന്ന ബോധ്യത്തിലേക്ക് നയിക്കുകയാണ് സർക്കാർ ലക്ഷ്യം. ■

മാലിന്യമുക്തകേരളം എന്ന ലക്ഷ്യത്തിലേക്കുള്ള കേരളത്തിന്റെ പ്രയാണത്തിൽ മുൻനിരസംഘടനയാണ് ഹരിതകർമ്മസേന.



# കേരളത്തിന്റെ ഹരിതസൈന്യം

മാലിന്യമുക്തകേരളം എന്ന ലക്ഷ്യത്തിലേക്കുള്ള കേരളത്തിന്റെ പ്രയാണത്തിൽ മുൻനിരസംഘടനയാണ് ഹരിതകർമ്മസേന. പാഴ്‌വസ്തുക്കൾ ശേഖരിക്കുക, അതത് കേന്ദ്രങ്ങളിൽ എത്തിക്കുക, തരംതിരിക്കുക, സംസ്കരിക്കുക, പുനഃചംക്രമണം നടത്തുക തുടങ്ങി എല്ലാ പ്രവൃത്തികളും സ്ത്രീകളുടെ കൂട്ടായ്മയായ ഹരിതകർമ്മസേന ഏറ്റെടുത്ത് നടത്തുന്നു. തദ്ദേശഭരണസ്ഥാപനങ്ങളും ശുചിത്വമിഷനുമായി സഹകരിച്ചാണ് ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ. അജൈവ പാഴ്‌വസ്തുക്കളുടെ ശേഖരണത്തിലും സംസ്കരണത്തിലുമാണ് ഹരിതകർമ്മസേന കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

## പരിശീലകരായും സേന

മാലിന്യസംസ്കരണത്തെ കുറിച്ചുള്ള കൃത്യമായ ബോധ്യം ജനങ്ങൾക്ക് പകർന്നു നൽകുക, വീടുകളിലും സ്ഥാപനങ്ങളിലും സ്ഥാപിക്കാൻ കഴിയുന്ന കംപോസ്റ്റിങ്ങ് സംവിധാനങ്ങളെക്കുറിച്ച് മാർഗനിർദേശം നൽകുക, ഉറവിട സംസ്കരണത്തിന് ആവശ്യമായ ഉപകരണങ്ങൾ വീടുകളിലും സ്ഥാപനങ്ങളിലും ലഭ്യമാക്കുക, കലണ്ടർ പ്രകാരം അജൈവ പാഴ്‌വസ്തുക്കളുടെ വാതിൽപ്പടി ശേഖരണം ഉറപ്പാക്കുക, എന്നിവയ്ക്കു പുറമെ പ്രാഗത്ഭ്യം നേടിയ സേനാംഗങ്ങൾ ഇതര തദ്ദേശസ്ഥാപനങ്ങളിലെ ആവശ്യമായ യൂണിറ്റുകൾക്ക് മികവാർന്ന പ്രവർത്തനങ്ങൾക്കായി പരിശീലനവും നൽകിവരുന്നുണ്ട്.

ജൈവമാലിന്യ സംസ്കരണത്തിൽ വീടുകൾക്ക് ഹരിതകർമ്മസേന മാർഗനിർദേശം നൽകുന്നു. ഉറവിടമാലിന്യ സംസ്കരണത്തിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഈ വനിതാകൂട്ടായ്മയുടെ സേവനം ലഭ്യമാണ്. ഇതിന് ആവശ്യമെങ്കിൽ, ഹരിത സഹായസ്ഥാപനത്തിന്റെ സഹായം ഉറപ്പാക്കുന്നതും ഹരിതകർമ്മസേനയുടെ ചുമതലയാണ്.  പാഴ്‌വസ്തുക്കളിൽനിന്ന് പുത്തൻ ഉൽപന്നങ്ങൾ നിർമ്മിക്കുന്ന ഹരിതസംരംഭങ്ങൾക്ക് തുടക്കം കുറിച്ച് നവീന വരുമാന സാധ്യതയും തേടുന്നു. ജൈവകൃഷി, പരിസ്ഥിതി സൗഹൃദവസ്തുക്കളുടെ നിർമ്മാണം, പരിസ്ഥിതി സൗഹൃദ ഉപകരണങ്ങൾ വാടകയ്ക്ക് നൽകുക തുടങ്ങിയ പ്രവൃത്തികളും ഏറ്റെടുക്കുന്നുണ്ട്.

- ആകെ 1018 ഹരിതകർമ്മസേനയാണ് സംസ്ഥാനത്തുള്ളത്., 926 എണ്ണം ഗ്രാമീണമേഖലയിലും 92 എണ്ണം നഗരമേഖലയിലുമാണ്. 4145 ഹരിതകർമ്മസേന യൂണിറ്റുകളാണ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ 2704 എണ്ണം ഗ്രാമീണ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കീഴിലും 1441 എണ്ണം നഗര തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കീഴിലുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.
- ആകെ 37176 ഹരിതകർമ്മസേനാംഗകളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്.
- 23,546 സ്ത്രീകൾ ഗ്രാമീണമേഖലയിലും 4678 സ്ത്രീകൾ നഗരമേഖലയിലുമാണ് ജോലി ചെയ്യുന്നത്. ഇത് 2025 ജനുവരി 31 വരെയുള്ള കണക്കാണ്.
- 5000 രൂപയ്ക്ക് മുകളിൽ വരുമാനമുള്ള സേനാംഗങ്ങളുടെ എണ്ണം 34918 ഉം 10 ,000 രൂപയ്ക്ക് മുകളിൽ വരുമാനമുള്ള സേനാംഗങ്ങളുടെ എണ്ണം 18782മാണ്.
- വീട്ടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഉള്ള വാതിൽപ്പടി ശേഖരണം 2023 മാർച്ചിൽ 47% ആയിരുന്നുവെങ്കിൽ ഈ വർഷം ജനുവരി 31 ആയപ്പോൾ അത് 85% ആയി വർധിച്ചു. അതോടൊപ്പം യൂസർ ഫീ കളക്ഷനും 34.90% ത്തിൽ നിന്നും 71.72% ആയും ഉയർന്നിട്ടുണ്ട്.
- മിനി എംസിഎഫ് കളുടെ എണ്ണം 2023 മാർച്ചിൽ 7, 446 ആയിരുന്നത് 2025 ജനുവരി അവസാനത്തോടെ മൂന്നിരട്ടിയിലധികം വർധിച്ച് 19, 602 ആയി മാറി. രണ്ട് സാമ്പത്തിക വർഷം കൊണ്ട് എം സി എഫ് കളുടെ എണ്ണം 1160 ൽ നിന്നും 1327 ആയും ആർആർഎഫ് കളുടെ എണ്ണം 87 ൽ നിന്ന് 191 ആയും ഉയർന്നു.
- 712 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്ലീൻകേരള കമ്പനിയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. 2024 ഏപ്രിൽ മുതൽ 2025 ജനുവരി 31 വരെ 49978. 65 ടൺ മാലിന്യമാണ് കമ്പനി തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ചത്. മാലിന്യം വിറ്റ ഇനത്തിൽ ഹരിതകർമ്മ സേനയ്ക്ക് 2024-25 വർഷത്തിൽ 8.50 കോടി രൂപയാണ് ക്ലീൻകേരള കമ്പനിയിൽ നിന്നും വരുമാനം ലഭിച്ചത്. 2023 ൽ 4.93 കോടി രൂപയിൽ നിന്നാണ് ഇപ്പോൾ ഇരട്ടി വരുമാനത്തിലേക്ക് സേന എത്തിയത്.
- ഡിജിറ്റൽ സംവിധാനമായ ഹരിതമിത്രം ആപ്പിന്റെ വിന്യാസവും ഹരിതകർമ്മസേന മികച്ച രീതിയിൽ നടത്തുന്നു. 1019 തദ്ദേശസ്ഥാപനങ്ങളും 75.23 ലക്ഷം ആളുകളും ആപ്പിന്റെ സേവനം പ്രയോജനപ്പെടുത്തുന്നുവെന്നത് സേനയുടെ മറ്റൊരു നേട്ടമാണ്. മാലിന്യനിക്ഷേപവുമായി ബന്ധപ്പെട്ട് കഴിഞ്ഞ സെപ്റ്റംബർ. 30 വരെ 51,125 എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിച്ചു മുൻ വർഷം ഇത് 36450 ആയിരുന്നു. 5.57 കോടി രൂപ ഈ വർഷം പിഴ ചുമത്തിയിട്ടുണ്ട്. പരിശോധനകളും നടപടികളും ശക്തമാണെന്ന് ഈ കണക്കുകൾ സൂചിപ്പിക്കുന്നു.

സുസ്ഥിരമാലിന്യസംസ്കരണം ലക്ഷ്യമിട്ട് ഹരിതകർമ്മസേന നടത്തുന്ന പ്രവർത്തനങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിലും ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ, കുടുംബശ്രീ എന്നിവയുടെ മേൽനോട്ടത്തിലുമാണ് മുന്നോട്ട് പോകുന്നത്. ഒരു തദ്ദേശവാർഡിൽ കുറഞ്ഞത് രണ്ട് ഹരിതകർമ്മ സേനാംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം. ഓരോ അംഗവും 250 ഓളം വീട്ടുകളിൽ നിന്ന് വാതിൽപ്പടി അജൈവ പാഴ് വസ്തുശേഖരണം നടത്തുന്നു. വീട്ടുകളിൽ വൃത്തിയായി സൂക്ഷിച്ചിട്ടുള്ള അജൈവ പാഴ്‌വസ്തുക്കളാണ് കൃത്യമായ ഇടവേളകളിൽ ശേഖരിക്കുന്നത്. ഈ സേവനത്തിന് യൂസർഫീ ഈടാക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് യൂസർഫീ നിശ്ചയിക്കുന്നത്. ഉറവിടത്തിൽ നിന്ന് ശേഖരിക്കുന്ന പാഴ്‌വസ്തുക്കൾ മിനി മെറ്റീരിയൽ കളക്ഷൻ കേന്ദ്രത്തിൽ എത്തിക്കുന്നു. അവിടെ നിന്ന് മെറ്റീരിയൽ കളക്ഷൻ കേന്ദ്രത്തിലേക്ക് കൊണ്ടുപോകുന്നു. ഇവിടെവച്ചാണ് മാലിന്യം തരംതിരിക്കുന്നത്. എൽ.ഇ.ഡി ബൾബ്, ട്യൂബ്, പി.വി.സി. സ്റ്റീൽ, ചില്ലുകുപ്പികൾ, കുപ്പിയുടെ അടപ്പുകൾ, സ്പ്രേ കുപ്പികൾ, ബാഗുകൾ, ചെരിപ്പ്, പഴയ വസ്ത്രങ്ങൾ, ഗുളിക സ്ട്രിപ്പുകൾ തുടങ്ങി പാഴ്‌വസ്തുക്കളെ വിവിധ വിഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ട്. ഇവയിൽ പുനരുപയോഗം സാധ്യമാവുന്ന പ്ലാസ്റ്റിക് മാലിന്യം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഇത് ഉപയോഗിക്കുന്ന കമ്പനികൾക്ക് കൈമാറുന്നു. പുനഃചംക്രമണത്തിനുതകുന്ന പ്ലാസ്റ്റിക് മാലിന്യം ഷ്രെഡ്ഡിങ്ങ് യൂണിറ്റുകളിൽ എത്തിച്ചാണ് ചെറുതരികളാക്കുന്നത്.

പുനരുപയോഗസാധ്യതയില്ലാത്ത പ്ലാസ്റ്റിക് മാലിന്യം റിസോഴ്സ് റിക്കവറി കേന്ദ്രത്തിലേക്ക് അയയ്ക്കുന്നു. ഇത് ചെറുതരികളാക്കി റോഡുനിർമ്മാണത്തിന് ഉപയോഗിക്കുന്നു. ഇതുവഴി ഇത്തരം പ്ലാസ്റ്റിക്കിന്റെ പുനഃചംക്രമണം സാധ്യമാകുന്നു.■



കെ എൻ ബാലഗോപാൽ
ധനവകുപ്പ് മന്ത്രി



കൊല്ലം ജില്ല ഏഴരപ്പതിറ്റാണ്ടിന്റെ പ്രൗഢിയിലെത്തിയിരിക്കുന്നു. 'കൊല്ലം കണ്ടവന് ഇല്ലം വേണ്ട' എന്ന വാമൊഴിയിലുണ്ട് പാരമ്പര്യത്തിന്റെ കരുത്ത്. ഒരുകാലത്ത് തിരുവിതാംകൂറിന്റെ തലസ്ഥാനം പോലുമായിരുന്ന കൊല്ലത്തിന് കേരളത്തിന്റെ വീറുറ്റ സമരപോരാട്ടങ്ങളുടെ, വികസനനേട്ടങ്ങളുടെ ചരിത്രത്തിൽ അനിഷേധ്യമായ പങ്കുണ്ട്.

# ചരിത്രം വർത്തമാനം ഭാവി





എഡി 1742 മുതൽ കൊല്ലം ദേശിംഗനാടിന്റെ തലസ്ഥാനമായിരുന്നു. തെക്ക് ഇടവ മുതൽ വടക്ക് കന്നേറ്റി വരെ സ്ഥിതി ചെയ്തിരുന്ന നാടിന്റെ സംസാരഭാഷ ചെന്തമിഴ് ആയിരുന്നു. അവസാനത്തെ ആയ് രാജാക്കന്മാർ ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ ഭരണകാര്യങ്ങളിൽ ഏർപ്പെട്ട് തൃപ്പാപ്പൂരിൽ താമസമാക്കി. കാലക്രമേണ ആയ് രാജവംശം വേണാട്ടുരാജവംശത്തിൽ ലയിച്ചു. കേരള ചക്രവർത്തി സ്ഥാണുരവിയുടെ സാമന്തനായി അയ്യനടികൾ വേണാട് ഭരിച്ചിരുന്നതായി തരിസാപ്പള്ളി ചെപ്പേടുകളിൽ സൂചനയുണ്ട്. അതിനുശേഷമുള്ള ഒരു നൂറ്റാണ്ടുകാലത്തെ വേണാടിന്റെ ചരിത്രത്തെക്കുറിച്ചുള്ള വിവരങ്ങൾക്കായാണ് ഇപ്പോഴും നമ്മൾ ശ്രമങ്ങൾ തുടരുന്നത്.

ആധിപത്യത്തിലായിരുന്നു. എന്നാൽ, ജയസിംഹൻ വേണാടിനെ പാണ്ഡ്യാധിപത്യത്തിൽനിന്ന് മോചിപ്പിച്ചു. സർവസമ്മതനായ ജയസിംഹൻ എന്ന രാജാവുമായി ബന്ധപ്പെട്ടാണ് വേണാടിന് 'ദേശിംഗനാട്' (ജയസിംഹനാട്) എന്ന പേര് ലഭിക്കാനിടയായത്.

സംഗ്രാമധീര രവിവർമ്മയുടെ കാലത്തായിരുന്നു ചൈനയുമായും അറബിരാജ്യങ്ങളുമായുമുള്ള കൊല്ലത്തിന്റെ വാണിജ്യ ബന്ധത്തിന്റെ തുടക്കം. വേണാട് രാജാവ് ദത്തെടുത്ത രാജകുമാരിമാർ പിന്നീട് ആറ്റിങ്ങൽ റാണിമാരായി അറിയപ്പെട്ടു. അവർ സ്വന്തം നിലയിൽ പോർച്ചുഗീസുകാരുമായും ഡച്ചുകാരുമായും വ്യാപാര ബന്ധത്തിൽ ഏർപ്പെട്ടിരുന്നുവെന്നാണ് രേഖകൾ. അവരുടെ സ്വതന്ത്ര നിലപാടുകൾ വേണാടിന്റെ ചരിത്രത്തിൽ ഏറെ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നാണ്



കൊല്ലം തേവള്ളി കൊട്ടാരം

മഹോദയപുരം ആസ്ഥാനമായുള്ള കുലശേഖരസാമ്രാജ്യം ചോള ആക്രമണത്തിൽ ശിഥിലമാക്കപ്പെട്ടതോടെ വേണാട് സ്വതന്ത്രമായി. ഭാസ്കരരവി ഒന്നാമന്റെ ഭരണകാലത്ത് രാജരാജചോളന്റെ നേതൃത്വത്തിലുള്ള ചോളസൈന്യം കൊല്ലത്തെ ആക്രമിച്ചു. ചോളർ നടത്തിയ നൂറ്റാണ്ടുയുദ്ധത്തിനു ശേഷം എഡി 1102ൽ അവസാനത്തെ ചേരചക്രവർത്തിയായിരുന്ന രാമവർമ്മ കുലശേഖരൻ എല്ലാ ഭരണസന്നാഹങ്ങളോടും കൂടി കൊല്ലം പനങ്കാവിൽ കൊട്ടാരത്തിൽ താമസമാക്കിയെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൊല്ലത്തിന് അക്കാലത്ത് തെൻവഞ്ചി (തെക്കേ മഹോദയപുരം) എന്ന പേരുകൂടിയുണ്ടായി.

വേണാട് രാജാവായിരുന്ന വീരകേരള വർമ്മ രാജ്യത്തിന്റെ വിസ്തൃതി വർധിപ്പിക്കാനാണ് ശ്രമിച്ചത്. കൊല്ലവർഷം 428 മുതൽ 474 വരെ വേണാട് പാണ്ഡ്യരുടെ

വിലയിരുത്തൽ. എ.ഡി 15-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ വേണാട്ടു രാജവംശം തിരുവിതാംകോട് (തിരുവിതാംകൂർ), ദേശിംഗനാട് (കൊല്ലം), ഇളയിടത്തു സ്വരൂപം (കൊട്ടാരക്കര), പേരകം (നെടുമങ്ങാട്) എന്നിങ്ങനെ നാലു ശാഖകളാകുന്നു. പിന്നീടാണ് വേണാട് ദേശിംഗനാടാകുന്നത്.

## സെക്രട്ടറിയറ്റിന്റെ ആദ്യരൂപം

തിരുവനന്തപുരത്തിന്റെ അഭിമാനസ്തംഭമാണ് ഗവൺമെന്റ് സെക്രട്ടേറിയറ്റ്. സെക്രട്ടേറിയറ്റിന്റെ ആദ്യരൂപമായ ഹജൂർ കച്ചേരി കൊല്ലത്ത് സ്ഥാപിച്ചാണ് വേലുതമ്പിദളവ ഭരണകാര്യങ്ങൾ നിയന്ത്രിച്ചിരുന്നത്. 1829-ൽ സ്വാതി തിരുനാളിന്റെ ഭരണകാലത്താണ് ഹജൂർ കച്ചേരി കൊല്ലത്തുനിന്ന് തിരുവനന്തപുരത്തേക്ക് പറിച്ചുനട്ടത്.

## വൈദേശിക ശക്തികളോടുള്ള ഏറ്റുമുട്ടലുകൾ

എ.ഡി 1720-ൽ മാർത്താണ്ഡവർമ്മ തിരുവിതാംകൂർ ഭരണാധികാരിയായതോടെയാണ് കേരളതീരങ്ങളിൽ വൈദേശിക ശക്തികളുമായുള്ള ഏറ്റുമുട്ടലുകൾക്ക് പ്രാരംഭം കുറിയ്ക്കുന്നത്. ദേശിംഗനാട് പ്രമാണിമാരുടെ അധീനതയിലായിരുന്ന ആറ്റിങ്ങൽ കൊട്ടാരവും പ്രാദേശിക ഭരണവും മാർത്താണ്ഡവർമ്മ കൈയ്യടക്കി തിരുവിതാംകൂറിനോട് ചേർത്തു. തുടർന്ന് തിരുവിതാംകൂറിന്റെ അധീനതയിലായിരുന്ന കല്ലട പ്രദേശം കൊല്ലം രാജാവ് പിടിച്ചെടുത്തു. തുടർച്ചയായ ഏറ്റുമുട്ടലുകൾക്കുശേഷം കൊല്ലം രാജാവ് കായംകുളം രാജാവിന്റെ സഹായത്തോടെ മാർത്താണ്ഡവർമ്മയോട് യുദ്ധം ചെയ്ത് രാജ്യം തിരിച്ചുപിടിച്ചപ്പോൾ മുഖ്യസഹായികൾ ഡച്ചുകാരായിരുന്നു. കുളച്ചൽ യുദ്ധത്തിനുശേഷം തിരുവിതാംകൂർ സൈന്യം കൊല്ലത്ത് കായംകുളം-ഡച്ച് സൈന്യത്തോട് പല തവണ ഏറ്റുമുട്ടിയിട്ടുണ്ട്. പോർച്ചുഗീസ് നാവികൻ വാസ്കോഡഗാമയ്ക്ക് കൊല്ലവുമായി വാണിജ്യബന്ധം തുറക്കാനായി എന്നത് ഈ നാടിന്റെ വാണിജ്യപരമായ മുന്നേറ്റമാണ് വ്യക്തമാക്കുന്നത്. അന്ന് കൊച്ചി തുറമുഖത്ത് വിറ്റിരുന്ന കുരുമുളകിന്റെ അധികഭാഗവും കൊല്ലത്തിന്റെ സംഭാവനയായിരുന്നു. അൽബുക്കർക്കിന്റെ നേതൃത്വത്തിൽ പോർച്ചുഗീസുകാർ കൊല്ലത്ത് വ്യാപാരശാലയും പണ്ടകശാലയും സ്ഥാപിക്കുന്ന നിലയിലേക്ക് കാര്യങ്ങൾ നീങ്ങി.



പുനലൂർ തൂക്കുപാലം

അറബികൾ, കച്ചവട പങ്കാളിയായ കോഴിക്കോട് സാമൂതിരിയുടെ സഹായത്തോടെ കൊല്ലവുമായുള്ള പോർച്ചുഗീസുകാരുടെ വാണിജ്യബന്ധം അവസാനിപ്പിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. വ്യാപാരം തടസ്സപ്പെടുത്താനായി പുറപ്പെട്ട സാമൂതിരിയുടെ കപ്പലുകൾ കൊല്ലം രാജാവ് തുറമുഖത്ത് തടഞ്ഞിട്ടു. ഇന്ത്യയിലെ പോർച്ചുഗീസ് വൈസ്രോയിയായി 1505ൽ നിയമിതനായ അൽമെയ്ഡ കൊല്ലവുമായുള്ള വാണിജ്യബന്ധം വിപുലപ്പെടുത്തി. തുടർന്ന് അറബികളും പോർച്ചുഗീസുകാരുമായി കടലിലും കരയിലും നടന്ന സംഘർഷങ്ങൾ കൊല്ലവുമായുള്ള വ്യാപാര ബന്ധങ്ങൾക്ക് താൽക്കാലിക വിരാമമിട്ടു. 1516-ൽ പുനഃസ്ഥാപിച്ച വാണിജ്യ ബന്ധം പിന്നീട് പോർച്ചുഗീസുകാർക്ക് രാഷ്ട്രീയ, ഭരണാധികാരങ്ങൾ കിട്ടുന്ന നിലയിലേക്ക് വിപുലപ്പെട്ടു. 1661-ൽ തങ്കശ്ശേരി കോട്ട ഡച്ചുകാർ കീഴടക്കിയതോടെയായിരുന്നു പോർച്ചുഗീസുകാരുടെ കൊല്ലത്തുനിന്നുള്ള പലായനം തുടങ്ങിയത്. അക്കാലത്തിനിടയിൽ കശുവണ്ടി എന്നൊരു പ്രധാന വ്യവസായവും പോർച്ചുഗീസുകാർ കൊല്ലത്തിന് സംഭാവന നൽകിയിരുന്നു.

## ഡച്ചുകാരും കൊല്ലവും

1661ൽ പോർച്ചുഗീസുകാരെ തോൽപ്പിച്ച് തങ്കശേരി കോട്ട കൈയടക്കിയശേഷമാണ് ഡച്ചുകാർ കൊല്ലത്ത് വാണിജ്യ ബന്ധങ്ങൾക്ക് തുടക്കമിടുന്നത്. ഡച്ചുകാരുടെ മുഖ്യലക്ഷ്യം കൊല്ലത്തെ കുരുമുളകിന്റെ കൈകാര്യാവകാശം ഉറപ്പിക്കലായിരുന്നു. 1662-ൽ ഇക്കാര്യത്തിൽ അവർ വിജയം നേടി. തിരുവിതാംകൂറിൽനിന്നുള്ള കുരുമുളകും കറുവപ്പട്ടയും കയറ്റുമതി ചെയ്യുന്നതിനുള്ള കുത്തകാവകാശം ഡച്ചുകാർ ഉറപ്പിച്ചു. 1741-ൽ കുളച്ചൽ യുദ്ധത്തിൽ മാർത്താണ്ഡവർമ്മ ഡച്ചുകാരെ പരാജയപ്പെടുത്തിയതോടെ അവരുടെ പ്രതാപം മങ്ങി.

## കൊല്ലത്തിന്റെ പ്രതിരോധം

ഇന്ത്യയിൽ വിദേശശക്തികൾക്കെതിരെ ആദ്യം വാളെടുത്തത് കൊല്ലത്താണ്. എ.ഡി 1518-ൽ കൊല്ലത്തെ നാട്ടുകാരും നായർ സൈന്യവും പറങ്കിപ്പടയ്ക്കെതിരെ യുദ്ധം നടത്തി. പണ്ടകശാലയുടെ സംരക്ഷണത്തിന്റെ പേരിൽ പോർച്ചുഗീസുകാർ കെട്ടിപ്പൊക്കിയ കോട്ടയ്ക്കെതിരായി നടന്ന പോരാട്ടം പരാജയപ്പെടുന്നതിന് പല കാരണങ്ങളുമുണ്ടായിരുന്നു. കൊല്ലം നഗരം തന്നെ നാമാവശേഷമാക്കപ്പെട്ട എന്നതായിരുന്നു ഇന്ത്യയിൽ ആദ്യമായി നടന്ന വിദേശാധിപത്യ വിരുദ്ധ സമരത്തിന്റെ ബാക്കിപത്രം. 1809-ൽ വേലുത്തമ്പി ദളവ നടത്തിയ സമരമാണ് പൂർണ്ണ ബ്രിട്ടീഷ് വിരുദ്ധ പോരാട്ടമായി മാറിയവയിൽ ഒന്ന്. 1809 ജനുവരി 11ന് നടത്തിയ ചരിത്രപ്രസിദ്ധമായ കുണ്ടറ വിളംബരത്തിൽ വേലുത്തമ്പിദളവ ഈസ്റ്റ് ഇന്ത്യ കമ്പനിയെ നിശിതമായി വിമർശിക്കുകയും ബ്രിട്ടീഷുകാർക്കെതിരായി അണിനിരക്കാൻ ജനങ്ങളോട് ആഹ്വാനം നടത്തുകയും ചെയ്തു.

ചിങ്ങമാസം അപ്പാടെ ഓണാഘോഷദിനങ്ങളാക്കിയിരുന്ന കൊല്ലത്തുകാർ അനാചാരങ്ങൾ കൊണ്ടാടുന്നതിലും പിന്നിലായിരുന്നില്ല. മാറു മറയ്ക്കാതെ ഒറ്റമുണ്ട് മാത്രം ഉടുത്തുനടന്ന സ്ത്രീസമൂഹമായിരുന്നു നൂറ്റവർഷം മുമ്പുണ്ടായിരുന്നത്. പുളികുടി, തിരണ്ടുകുളി, നടമാറ്റ്, കല്യാണപന്തലിന് തുണിടുന്ന പൊഴിതടിയന്തിരം, പൊടകൊട, താലികെട്ട്, നല്ലവാതിൽ, സ്ത്രീധനം തുടങ്ങി ധാരാളം പണം ചെലവിട്ടുള്ള ആചാരങ്ങൾക്ക് ഒരു കുറവുമുണ്ടായിരുന്നില്ല. അത്തരം ആചാരങ്ങളുടെ ' ഹാങ്ങോവർ'ഈഅത്യാധുനികകാലത്തും അവശേഷിക്കുന്നുണ്ടോ എന്നത് പഠനവിധേയമാകേണ്ട വിഷയമാണ്.

## നവോത്ഥാനവും സമരങ്ങളും

ജാതീയതയുടെയും ലിംഗനീതിയുടെയും ഇരുണ്ട കാലഘട്ടത്തിൽനിന്ന് കൊല്ലത്തെ ഇന്നത്തെ കാലത്തേക്ക് പരിവർത്തനപ്പെടുത്തുന്നതിൽ നവോത്ഥാന പ്രസ്ഥാനം വലിയ പങ്കുവഹിച്ചു. ശ്രീനാരായണ ഗുരുവിന്റെയും സി.കേശവന്റെയും അയ്യൻകാളിയുടേയുമൊക്കെ പ്രഭാവത്തിൽ പുതിയ യുഗത്തിലേക്ക് ഒരു തലമുറ നയിക്കപ്പെട്ടു. ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ വേലുത്തമ്പി ഉയർത്തിയ പോരാട്ടം ചരിത്രത്തിലെ സുപ്രധാന ഏടാണ്. വെടിപ്പുള്ളവസ്ത്രംധരിക്കാനുംചെരിപ്പ്,കുട, ആഭരണങ്ങൾ എന്നിവ ഉപയോഗിക്കാനും വിദ്യാഭ്യാസത്തിനുള്ള അവകാശം ഉറപ്പാക്കാനും അയ്യൻകാളിയുടെ നേതൃത്വത്തിൽ തുടക്കമിട്ട സമരം കൊല്ലം പെരിനാട്ട് ലഹള, അവകാശങ്ങൾ നേടിയെടുത്തുകൊണ്ടാണ് അവസാനിച്ചത്. സാമുദായിക അസമത്വങ്ങൾക്കെതിരായ സമരചരിത്രത്തിലെ നാഴികല്ലായി മാറിയ 'കല്ലുമാല സമര'ത്തിനും കൊല്ലം

സാക്ഷിയായി. ആ ചരിത്രസ്മരണയ്ക്കായി കൊല്ലത്ത് കല്ലമാല സമരസ്മാരകം നിർമ്മിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

1857 ജൂലൈയിൽ ജില്ലയിലെ ഹിന്ദു ചാന്നാൻ സമുദായംഗങ്ങളായ സ്ത്രീകൾക്ക് ജാക്കറ്റ് ധരിക്കാനുള്ള അവകാശം ലഭിച്ചതിനു പിന്നിലും നിരന്തരം ഏറ്റുമുട്ടലുകളുടെ ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ഉത്തരവാദ ഭരണത്തിനായി തിരുവിതാംകൂറിലാകെ നടന്ന പ്രക്ഷോഭത്തിന്റെ ഭാഗമായി കൊല്ലം കന്റോൺമെന്റ് മൈതാനത്ത് പൊതുയോഗം സംഘടിപ്പിക്കാനുള്ള തീരുമാനം പൊലീസ് വെടിവയ്പ്പിലും രണ്ടുപേരുടെ രക്തസാക്ഷിത്വത്തിലുമാണ് അവസാനിച്ചത്. കോളനി വാഴ്ചയ്ക്കും ദിവാൻ സർ സി.പിയുടെ മർദ്ദകഭരണത്തിനുമെതിരെ നാട്ടിലെമ്പാടും നിരവധി രക്തരൂഷിത വിപ്ലവങ്ങൾ നടന്നു. അന്യായ നികുതി പിരിവിനെതിരെ കർഷകർ നടത്തിയ കടയ്ക്കൽ വിപ്ലവം, ശൂരനാട് സമരം, 1905-ലെ കൊല്ലം വെള്ളമണലിലെ എസ്എൻഡിപി യോഗം സമ്മേളനം, പുന്നേക്കുളം സംഭവം, കരിമണൽ തൊഴിലാളികളുടെ അവകാശ സമരങ്ങൾ, കോട്ടൺമിൽ സമരം, കൊല്ലം - ചവറ ലഹള, കശുവണ്ടി തൊഴിലാളികൾ, തൊണ്ട് തല്ലുകയും കയർ പിരിക്കുകയും ചെയ്യുന്ന തൊഴിലാളികൾ തുടങ്ങിയവരുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ടങ്ങൾ, പത്തനാപുരത്തെ പ്രകമ്പനം കൊള്ളിച്ച കരിമ്പുസമരം, 1969-ൽ ട്രാൻസ്പോർട്ട് സമരത്തിന്റെ ഭാഗമായി കൊട്ടാരക്കരയിൽ ജീവനക്കാർക്കുനേരെയുണ്ടായ ക്രൂരമായ പൊലീസ് ലോക്കപ്പ് മർദ്ദനം, അടിയന്തിരാവസ്ഥ അറബിക്കടലിൽ എന്ന മുദ്രാവാക്യം ഉയർത്തി നടത്തിയ പ്രക്ഷോഭങ്ങളുടെ ഭാഗമായി പുനലൂരിൽ മാർച്ചിൽ പങ്കെടുത്ത് അറസ്റ്റിലായി ക്രൂര ലോക്കപ്പ് മർദ്ദനത്തിനിരയായ 12 വനിതകൾ ഉൾപ്പെടെയുള്ള പ്രക്ഷോഭകാരികൾ, നിയമസഭയെ ഞെട്ടിച്ച കൊല്ലത്തെ പെൺപട, മിച്ചഭൂമി സമരം ഉൾപ്പെടെ വിവിധ ഭൂസമരങ്ങളിൽ പങ്കെടുത്ത ആയിരങ്ങൾ, തെന്മല ഡാം സമരം, 1948ൽ കൊല്ലം എസ്.എൻ കോളേജ് കേന്ദ്രീകരിച്ച് ആരംഭിച്ച വിദ്യാർഥി പ്രക്ഷോഭം, യുവജനങ്ങൾ സംഘടിപ്പിച്ച മനുഷ്യച്ചങ്ങല, 2002ൽ ഭരണം നിശ്ചലമാക്കിയ ജീവനക്കാരുടെ പണിമുടക്ക് സമരം ഇങ്ങനെ എണ്ണിയാൽ ഒടുങ്ങാത്ത സമരമുന്നേറ്റങ്ങളുടെ ചരിത്രം കൂടിയാണ് ജില്ലയുടെ ചരിത്രം.

## ജനനായകർ

ജനാധിപത്യപാതയിൽ ഇന്നത്തെ നിയമസഭാ സംവിധാനത്തിന്റെ പ്രാഥമിക രൂപങ്ങളായ തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിലും ശ്രീമൂലം പ്രജാസഭയിലും ശ്രീചിത്രാ സ്റ്റേറ്റ് കൗൺസിലിലുമൊക്കെ കൊല്ലത്തിന്റെ പ്രതിനിധികളും ഉൾപ്പെട്ടു. 46 കൊല്ലത്തുകാരാണ് ശ്രീമൂലം പ്രജാസഭയിൽ അംഗങ്ങളായത്. 12 പേർ ശ്രീമൂലം അസംബ്ലിയുടെ പ്രതിനിധികളായി. 12 പേരാണ് ശ്രീചിത്തിരതിരുനാൾ സ്റ്റേറ്റ് കൗൺസിലിനെ പ്രതിനിധീകരിച്ചത്. ആദ്യ നിയമസഭാ തെരഞ്ഞെടുപ്പിൽ ജില്ലയിൽനിന്ന് ഏഴുപേരാണ് തെരഞ്ഞെടുക്കപ്പെട്ടത്. നിലവിൽ 11 പേരും.


പുനലൂർ-ചെങ്കോട്ട റെയിൽവേ പാത

## ഉപജീവന മാർഗം

കൃഷി തന്നെയാണ് കൊല്ലം ജില്ലയുടെ മുഖ്യഉപജീവനമാർഗം. നെല്ലും കുരുമുളകും വാഴയും മരച്ചീനിയും തെങ്ങും റബ്ബറും കശുവണ്ടിയും മാവും പ്ലാവുമൊക്കെ വാണിജ്യപരമായ വിളകളാണ്. ഒരു നൂറ്റാണ്ടിനുമുമ്പുതന്നെ സ്ത്രീകളെ തൊഴിലിടങ്ങളിലേക്ക് എത്തിച്ച കശുവണ്ടി വ്യവസായവും കയർ, കൈത്തറി, തീപ്പെട്ടി, ഓട്, ഇഷ്ടിക വ്യവസായവുമൊക്കെ കൊല്ലത്തിന് വലിയ അഭിവൃദ്ധി നൽകി. അച്ചൻകോവിലാർ, കല്ലടയാർ, ഇത്തിക്കര നദി എന്നിവ ജില്ലയുടെ ജലസമൃദ്ധി ഉറപ്പാക്കി. എന്നാൽ കാലികമായ നവീകരണം സംഭവിക്കാഞ്ഞതും പരിസ്ഥിതി പ്രശ്നങ്ങളും പരമ്പരാഗത മേഖലയ്ക്ക് തിരിച്ചടിയായി. അനിയന്ത്രിതമായ ഖനനം ഇഷ്ടിക, ഓട് വ്യവസായത്തെയും പ്രതിസന്ധിയിലാക്കി. കരിമണൽ മേഖലയിൽ പ്രവർത്തിക്കുന്ന ചവറ ടൈറ്റാനിയം, കെഎംഎൽഎൽ, കൊല്ലം മീറ്റർ കമ്പനി, പുനലൂർ ഓയിൽപാം ഇന്ത്യ ലിമിറ്റഡ് തുടങ്ങിയവയിലാണ് പ്രതീക്ഷ അവശേഷിക്കുന്നത്.

കേരളത്തിന്റെ സമുദ്രോൽപന്ന കയറ്റുമതിയുടെ 27 ശതമാനത്തോളം സംഭാവന ചെയ്യുന്ന തീരമേഖലയാണ് മറ്റൊരു പ്രതീക്ഷ. കാർഷിക മേഖലയിൽ പലതരത്തിലുള്ള ഇടപെടലുകൾക്കും സംസ്ഥാന സർക്കാർ മുൻകൈ എടുക്കുന്നു. മികച്ച വരുമാനം ഉറപ്പാക്കുന്ന പഴവർഗങ്ങളുടെ കൃഷി, പാലുൽപാദനം തുടങ്ങിയ മേഖലകളിലൊക്കെ പരീക്ഷണങ്ങൾ ഫലവത്താകുന്നത് യുവതലമുറയ്ക്ക് പ്രചോദനമാകുമെന്നാണ് പ്രതീക്ഷ. ഇതിന് കൂട്ടായ ചില ശ്രമങ്ങളും അനിവാര്യം.

## സാമ്പത്തിക വളർച്ചാമുനമ്പാകാൻ കൊല്ലം

കമ്മിഷനിങ്ങിനു സജ്ജമായിക്കൊണ്ടിരിക്കുന്ന ഇന്ത്യയിലെ ഏറ്റവും വലിയ മദർഷിപ്പ് പോർട്ടായ വിഴിഞ്ഞം അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖത്തിന്റെ സാധ്യതകൾ കൊല്ലത്തിനും എത്രത്തോളം പ്രയോജനപ്പെടുത്താനാകുമെന്നതാണ് ഇപ്പോൾ പ്രധാന ചർച്ചയും നടപടികളുമാകേണ്ടത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ വലിയ മുന്നൊരുക്കമാണ് നടത്തുന്നത്. അതിന്റെ ഭാഗമായാണ് വിഴിഞ്ഞം-കൊല്ലം-പുനലൂർ വ്യവസായിക സാമ്പത്തിക വളർച്ചാമുനമ്പ് പദ്ധതി വിഭാവനം ചെയ്ത് അംഗീകാരം നൽകിയത്. ഈ വളർച്ചാ മുനമ്പിന്റെ മുന്നേറ്റ കേന്ദ്രമായി കൊല്ലം ജില്ല മാറുകയാണ്. കിഫ്ബി വഴി നടപ്പാക്കുന്ന സാമ്പത്തിക വളർച്ചാമുനമ്പ് പദ്ധതിക്ക് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകി. കുണ്ടറയിലെ കൊല്ലം ഐ.ടി പാർക്കും, കൊല്ലത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പുതിയ ഐ.ടി പാർക്കും. കൊട്ടാരക്കര മണ്ഡലത്തിൽ ലക്ഷ്യമിടുന്ന ഐ.ടി, ഐ.ടി അനുബന്ധ മേഖലാ പാർക്കുകളും ഈ വളർച്ചാ മുനമ്പിന്റെ കാന്തമുനകളായി മാറുമെന്നതിൽ സംശയമില്ല. കൊല്ലം-ചെങ്കോട്ട ദേശീയ പാത, കൊല്ലം-ചെങ്കോട്ട റെയിൽവേ ലൈൻ, പുതിയ ഗ്രീൻഫീൽഡ് ദേശീയപാത, വിഴിഞ്ഞം-കൊല്ലം ദേശീയ പാത, പുനലൂർ-നെടുമങ്ങാട്-വിഴിഞ്ഞം റോഡ് എന്നിവയാണ് ഈ വളർച്ചാ മുനമ്പിന്റെ മൂന്ന് വശങ്ങൾ. ഗതാഗത ഇടനാഴികളുടെ വികസനം, സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കൽ, പ്രധാന ലക്ഷ്യസ്ഥാനങ്ങളിലേക്കുള്ള പ്രവേശനം സുഗമമാക്കൽ, ചുറ്റുപാടുമുള്ള പ്രദേശങ്ങളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, മെച്ചപ്പെട്ട ജീവിതനിലവാരം ഉറപ്പാക്കൽ

എന്നിവയാണ് പദ്ധതി ലക്ഷ്യങ്ങൾ. കാർഷികാധിഷ്ഠിത വ്യവസായങ്ങൾവഴിയും സുസ്ഥിര കാർഷിക രീതികൾ വഴിയും വിളകളുടെ ഉൽപാദനക്ഷമതയും മൂല്യവർധനവും പ്രോത്സാഹിപ്പിക്കുക എന്നതും ഈ ലക്ഷ്യത്തിന്റെ ഭാഗമാണ്.

ഐ.ടി, ഐ.ടി അനുബന്ധ സേവനം, ബഹിരാകാശ ശാസ്ത്ര മേഖലകളിൽ ഒരു സാങ്കേതിക കേന്ദ്രമായി നാടിനെ



മാറ്റാനാകണം. സൗരോർജത്തിനും മറ്റ് പുനരുപയോഗ ഊർജ പദ്ധതികൾക്കും നമ്മുടെ കാലാവസ്ഥാ സാഹചര്യങ്ങൾ പ്രയോജനപ്പെടുത്താനാകണം. ടൂറിസം സംരംഭ ങ്ങളിലൂടെ അന്താരാഷ്ട്ര സന്ദർശകരെ ആകർഷിക്കാനും മെഡിക്കൽ ടൂറിസം, ഹോസ്പിറ്റാലിറ്റി മേഖലയിൽ കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനുമാകും. പ്രാദേശിക തീരദേശ വിഭവങ്ങളിലൂടെ അന്താരാഷ്ട്ര വ്യാപാരം വർധിപ്പിക്കുന്നതിലെ ഇടപെടലുകളും ലക്ഷ്യമിടുന്നു.



**ലോകോത്തരമാക്കപ്പെട്ട എല്ലാ തുറമുഖ നഗരങ്ങൾക്കും ചുറ്റുമായി വിപുലമായ പുതിയ ഉൽപാദന മേഖലകൾ വളർന്നുപന്തലിച്ചിട്ടുണ്ട്**

ഇവിടെയാണ് നമ്മുടെ കശുവണ്ടി വ്യവസായ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളും മനുഷ്യവിഭവവും പുതിയ മേഖലകളിലേക്ക് തിരിച്ചുവിടുന്നതിനെക്കുറിച്ച് ഗൗരവകരമായ ആലോചനകളും നടപടികളും ഉണ്ടാകേണ്ടത്. ലോകോത്തരമാക്കപ്പെട്ട എല്ലാ തുറമുഖ നഗരങ്ങൾക്കും ചുറ്റുമായി വിപുലമായ പുതിയ ഉൽപാദന മേഖലകൾ വളർന്നുപന്തലിച്ചിട്ടുണ്ട്. അവയെപ്പോലെ വിഴിഞ്ഞം-കൊല്ലം-പുനലൂർ വ്യവസായിക സാമ്പത്തിക വളർച്ചാ മുനമ്പിനുംമാറാനാകണം.നാട്ടിൻപുറങ്ങളുടെ തൊഴിൽശേഷി ഉപയോഗപ്പെടുത്തി വിവിധതരം ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഘടക നിർമ്മാണ യൂണിറ്റുകളും അസംബ്ലിങ് യൂണിറ്റുകളും തുറക്കാനാകണം. എല്ലാ മേഖലയിലും പങ്കാളിത്തമുള്ള ഉൽപാദന യൂണിറ്റുകളുടെ വലിയ ശൃംഖലതന്നെ രൂപപ്പെടണം. അതിന് സർക്കാർ സംരംഭങ്ങൾ മാത്രം മതിയാകില്ല. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലടക്കം ഒരു 'ഫെസിലിറ്റേറ്റർ' ചുമതലയിൽ സർക്കാർ എന്തായാലും ഉണ്ടാകും. സംരംഭകരായി സ്വകാര്യമേഖല മുന്നോട്ടുവരണം. അവർക്കാവശ്യമായ എല്ലാ സഹായസഹകരണവും സർക്കാർ ഉറപ്പാക്കും. മൂന്നുലക്ഷം കോടിയിലേറെ രൂപയുടെ നിക്ഷേപവും പതിനായിരക്കണക്കിന് പുതിയ തൊഴിൽ അവസരങ്ങളും ഉറപ്പാക്കുന്ന വികസന മുനമ്പ് പദ്ധതിയുടെ പ്രയോജനം പരമാവധി കൊല്ലം ജില്ലയ്ക്ക് ലഭ്യമാക്കുന്നതിൽ നമുക്ക് ഒറ്റക്കെട്ടായി പ്രയത്നിക്കേണ്ടതുണ്ട്.

## മാറുന്ന ചെറുനഗരങ്ങൾ

കേരളത്തിൽ ഇടത്തരം,ചെറുനഗരങ്ങൾ കേന്ദ്രീകരിച്ചുണ്ടാകുന്ന മാറ്റങ്ങൾക്ക് മികച്ച ഉദാഹരണമാണ് കൊട്ടാരക്കര. ഏതാനും മാസങ്ങൾക്കുള്ളിൽ കുറഞ്ഞത് 500 പേർക്ക് ഐടി, ഐടി അനുബന്ധ മേഖലയിൽ മികച്ച തൊഴിൽ ഉറപ്പാക്കാനാകുന്ന സംരംഭങ്ങൾക്ക് ആവശ്യമായ പ്രവർത്തനങ്ങൾക്ക് കൊട്ടാരക്കരയിൽ തുടക്കമായി കഴിഞ്ഞു. അഞ്ചുവർഷത്തിനുള്ളിൽ അയ്യായിരം പേർക്ക് എങ്കിലും ഈ മേഖലയിൽ ജോലി ഉറപ്പാക്കാനാകുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളാണ് മുന്നേറുന്നത്. സംസ്ഥാനത്തെ ആദ്യത്തെ വർക്ക് നിയർ ഹോം സെന്റർ നിർമ്മാണം കൊട്ടാരക്കരയിൽ ആരംഭിച്ചുകഴിഞ്ഞു. സോഹോ കോർപറേഷൻ ഇന്ത്യയിലെ അവരുടെ രണ്ടാമത്തെ ക്യാമ്പസ് കൊട്ടാരക്കര മണ്ഡലത്തിൽ തുറക്കുകയാണ്. കൊട്ടാരക്കര നഗരത്തിൽ സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ പുതിയ ഐടി പാർക്ക് ആരംഭിക്കാനുള്ള പദ്ധതിക്കും അംഗീകാരമായി. 32 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പാർക്കിൽ ആദ്യഘട്ടത്തിൽ 250 പേർക്ക് ജോലി ഉറപ്പിക്കാനാകും. സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച ഐടി ഇടനാഴി പദ്ധതിയുടെ ഭാഗമായാണ് കൊട്ടാരക്കരയിൽ ഐടി പാർക്ക് വരുന്നത്. ഐടി, റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഹബ്ബ് ആക്കാൻ ഉതകുന്ന എല്ലാ സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തുന്നതിനൊപ്പം രണ്ടാം നിര നഗരങ്ങളിലേക്ക് ഐടി മേഖലയുടെ പറിച്ചുനടീലിനുള്ള മാതൃക കൂടിയായി കൊട്ടാരക്കര മാറുകയാണ്.

നവസംരംഭകരെ പ്രോത്സാഹിപ്പിക്കുക, വ്യവസായങ്ങളെ സംരക്ഷിക്കുകയും ആധുനികവൽക്കരിക്കുകയും ചെയ്യുക, പുതിയ സാങ്കേതികവിദ്യകളുടെ ഗുണഫലം ആദ്യം തന്നെ ഉപയോഗപ്പെടുത്തുക തുടങ്ങി വിജ്ഞാന സമ്പദ് വ്യവസ്ഥയെ ദൃഢീകരിക്കുന്നതിനുള്ള തുടർച്ചയായ പ്രവർത്തനങ്ങളാണ് സർക്കാർ കൈക്കൊള്ളുന്നത്. ഡിജിറ്റൽ സയൻസ് പാർക്ക്, ഇന്ത്യ ഇന്നവേഷൻ സെന്റർ ഫോർ ഗ്രാഫീൻ, ഗ്രാഫീൻ പൈലറ്റ് പ്രൊഡക്ഷൻ ഫെസിലിറ്റി, സയൻസ് പാർക്കുകൾ, മൈക്രോബയോം മികവിന്റെ കേന്ദ്രം, ന്യൂട്രാസ്യൂട്ടിക്കൽസിൽ മികവിന്റെ കേന്ദ്രം, പുതിയ ഐടി പാർക്കുകളും ഇടനാഴികളും, യുവസംരംഭക സമൂഹത്തിനായി മേക്ക് ഇൻ കേരള തുടങ്ങിയ നിരവധി പദ്ധതികൾ വിജ്ഞാന തൊഴിൽ മേഖലയുടെ സൃഷ്ടിക്കും വികാസത്തിനും സഹായിക്കുന്നു. സർക്കാർ മുൻകൈയിൽ ഒരു ടൂറിസം സർക്യൂട്ട് വികസന പദ്ധതി പ്രവർത്തനങ്ങൾ മുന്നേറുകയാണ്. ഈ മേഖലയിലും കൂടുതൽ സ്വകാര്യ നിക്ഷേപം ആവശ്യമാണ്. സംസ്ഥാന സർക്കാർ കൊല്ലത്ത് ലക്ഷ്യമിടുന്ന മറൈൻ ഓഷ്യനേറിയം പദ്ധതി സഞ്ചാരികളെ ആകർഷിക്കുന്ന വലിയ കേന്ദ്രമാക്കി മാറ്റേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി അഡ്വഞ്ചർ ടൂറിസം വികസനവും ആലോചനയിലുണ്ട്. ഇത്തരം എല്ലാ മാറ്റങ്ങളെയും ഉൾക്കൊള്ളുന്ന ജില്ലയായി കൊല്ലവും മാറണം. കേരളത്തിൽ മാത്രമല്ല, ലോകത്താകെ ഉണ്ടാകുന്ന ഏതൊരു മാറ്റത്തിന്റെയും ഗുണഫലങ്ങൾ നമുക്കും അനുഭവവേദ്യമാകണം. അതിനുള്ള സമയബന്ധിത പ്രവർത്തനങ്ങളാണ് നാം ഏറ്റെടുക്കുന്നത്. ഇനിയും ഇക്കാര്യത്തിൽ ബഹുദൂരം പോകേണ്ടതുണ്ട്. അതിനായി നമുക്ക് ഒന്നിച്ചു പ്രവർത്തിക്കാം. ■

കെ. ബി. ഗണേഷ് കുമാർ
ഗതാഗത വകുപ്പ് മന്ത്രി



'കൊല്ലത്തിന്റെ ആത്മാവ് എക്കാലവും നിന്നിട്ടുള്ളത് വൈവിധ്യത്തിലും ഒത്തൊരുമയുള്ള ജനത്തിന്റെ ഐക്യബോധത്തിലുമാണ്

# ആത്മാവിന്റെ ഭാഗം

കൊല്ലം ഒരു പുരാതന ഗാനത്തിന്റെ ശോഭയിൽ നദികൾ ആനന്ദം പ്രദാനം ചെയ്യുന്ന സ്വപ്നങ്ങൾ കൊണ്ടുള്ള പ്രദേശം. ഇതൊരു ഭൂമിക മാത്രമല്ല, ഇവിടെ ജീവിക്കുന്ന ഓരോ വ്യക്തിയുടെയും ഹൃദയത്തിൽ ആഴത്തിൽ വേരുറപ്പിച്ചു നിലനിന്നു പോകുന്ന അഭിമാനമാണ്. 'എന്റെ കൊല്ലം' എന്നു ഞാൻ പറയുമ്പോൾ, അത് വെറും വാക്കുകൾ അല്ല. എന്റെ ജീവിതത്തോട് ചേർന്ന് നിൽക്കുന്ന ഒരു ജീവിതസത്യം ആണ്, എന്റെ ആത്മാവിന്റെ ഒരു ഭാഗം.

കൊല്ലം അതിന്റെ ഭൂമിശാസ്ത്രം കൊണ്ട് മാത്രം നിർവചിക്കപ്പെടുന്ന പ്രദേശം അല്ല; ഈ മലകളും താഴ്വരകളും വെറും ഭൗതിക ചിഹ്നങ്ങൾ മാത്രമല്ല, എന്റെ നിലനിൽപ്പിന്റെ, ഹൃദയസ്പന്ദനമായ, ബോധനം രൂപപ്പെടുത്തുകയും, ജീവിതത്തിലൂടെ എന്നെ വഴികാട്ടുകയും ചെയ്യുവയാണ്. കൊല്ലം നമ്മെ മാടി വിളിക്കുന്നത് കേവലം അതിന്റെ ഭൗതിക മനോഹാരിത കൊണ്ടു മാത്രമല്ല, ആഴത്തിലുള്ള സാംസ്കാരികത കൊണ്ടു കൂടിയാണ്. പരമ്പരാഗത കലാരൂപങ്ങളും ആചാരങ്ങളും നാടൻ കലകളുമെല്ലാം ഈ നാടിന്റെ മായാത്ത മുഖമുദ്രകളാണ്. ചെണ്ടയുടെ താളം, മോഹിനിയാട്ടത്തിന്റെ ഭാവം, കൊട്ടാരക്കര മഹാഗണപതി ക്ഷേത്രത്തിന്റെ ആത്മീയ പ്രാധാന്യം എന്നിവയെല്ലാം മറ്റൊരിടത്തുനിന്നും പകർത്താൻ കഴിയാത്ത ആനന്ദമാണ്.

ഏറ്റവും പ്രധാനപ്പെട്ട പ്രാചീന പശ്ചാത്തലമാണ് പത്തനാപുരം പട്ടണം. തമിഴ്നാടിനോട് ചേർന്ന് കിടക്കുന്ന പ്രദേശം എന്ന നിലയിൽ തിരുവിതാംകൂറിന്റെ ഏറ്റവും വലിയ വ്യാപാര വിപണന കേന്ദ്രമായിരുന്നു. വനത്തിൽ നിന്നും പിടികൂടിയിരുന്ന ആനകളെ പരിശീലിപ്പിച്ചെടുക്കുന്ന കേന്ദ്രം പത്തനാപുരത്താണ്. പത്താനപുരം എന്ന പേരിൽ നിന്നാണ് പത്തനാപുരം ഉണ്ടായതെന്നും പറയപ്പെടുന്നു.

മറ്റൊരു ആകർഷണീയത ആയിരുന്നു കൊല്ലം-ചെങ്കോട്ട മീറ്റർ ഗേജ് റെയിൽ പാത. കല്ലടയാറിന്റെയും തെന്മല കാട്ടുകളുടെയും ദൃശ്യ ഭംഗി നുകർന്ന് ആ മീറ്റർ ഗേജ് ട്രെയിൻ യാത്ര ചെയ്തിട്ടുള്ളവർക്ക് അവിസ്മരണീയമായ ഒരനുഭവമായി അത് നിലനിൽക്കുന്നു.

കൊല്ലത്തിന്റെ ആത്മാവ് എക്കാലവും നിന്നിട്ടുള്ളത് വൈവിധ്യത്തിലും ഒത്തൊരുമയുള്ള ജനത്തിന്റെ ഐക്യബോധത്തിൽ ആണ്.കൊല്ലം ഒരുപാട് വർഷങ്ങളായി അനേകം നേട്ടങ്ങളും ഉന്നതികളും നേടിയിട്ടുണ്ട്. സമീപ കാലങ്ങളിൽ കൊല്ലത്തിന്റെ ഭാവി പ്രതീക്ഷകൾ വാനോളം എത്തി എന്ന് ഞാൻ വിശ്വസിക്കുന്നു.75-ാം വാർഷിക ആഘോഷത്തിൽ, ഇത് വെറും ഭരണമികവിന്റെ നേട്ടം മാത്രമായി ചുരുങ്ങുന്നില്ല മറിച്ചു കൊല്ലത്തിന്റെ ജീവാത്മാവായ ജനതയുടെ ഒത്തൊരുമയുടെ കൂടി നേർ സാക്ഷ്യമായാണ് കാണാൻ സാധിക്കുക. പൈതൃകത്തിൽ അഭിമാനിക്കുന്ന ഒരു ജനതയുടെ പ്രശസ്തി കാലാതീതമായി തുടരട്ടെ. കൊല്ലം തഴച്ചു വളരുന്നതിനൊപ്പം അവിടുത്തെ ജനങ്ങളോടും പൈതൃകത്തോടുമുള്ള സ്നേഹം ഒരിക്കലും മങ്ങാതിരിക്കട്ടെ എന്നാണ് എന്റെ പ്രത്യാശ. ■



ജെ. ചിഞ്ചുറാണി
മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുമന്ത്രി



കൊല്ലത്തിന്റെ ടൂറിസം ഘടനയിൽ ഫാം ടൂറിസത്തിനു മികച്ച അവസരം

# വീടുപോലെ സ്വന്തം കൊല്ലം



കൊല്ലം എന്റെ ജീവിതത്തിൽ അത്രയേറെ പ്രാധാന്യം ഉള്ള സ്ഥലമാണ്; കേവലം ഒരു സ്ഥലം മാത്രമല്ല, മറിച്ച് അതെന്റെ വീടുതന്നെയാണ്. ചടയമംഗലം നിയോജക മണ്ഡലത്തിന്റെ പ്രതിനിധിയായിരിക്കെ ഈ നാടിനോട് എപ്പോഴും ഒരു ആത്മബന്ധം അനുഭവപ്പെടുന്നുണ്ട്. കേരളത്തിന്റെ കായലുകളിലേക്കുള്ള ഗേറ്റ്‌വേ ആയി അറിയപ്പെടുന്ന കൊല്ലം, പ്രകൃതി സൗന്ദര്യത്തിലും ചരിത്ര പ്രാധാന്യത്തിലും സാംസ്കാരികതയിലും സമ്പന്നമായ ഒരു പ്രദേശമാണ്. എന്നിട്ടും അതിന്റെ ടൂറിസം സാധ്യതകൾ വലിയതോതിൽ പര്യവേക്ഷണം ചെയ്യപ്പെടാതെ തുടരുന്നു.

പാരമ്പര്യമായി, കൊല്ലത്തിന്റെ ടൂറിസം മേഖല ശാന്തമായ കായലുകളിലൂടെയുള്ള ഹൗസ്ബോട്ട് അനുഭവങ്ങൾക്കു മാത്രമായിരുന്നു പ്രാധാന്യം നൽകിയിരുന്നത്. എന്നാൽ, ഈ പ്രദേശത്തിന് ഒരു സുസ്ഥിരവും വൈവിധ്യമാർന്നതുമായ പര്യടന മേഖലയെ വികസിപ്പിക്കാൻ ആവശ്യമായ ഉറവിടങ്ങൾ ഉണ്ട്, ഇത് സന്ദർശകർക്കും പ്രാദേശിക സമൂഹങ്ങൾക്കും ലാഭകരമായിരിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

മൃഗ സംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രിയെന്ന നിലയ്ക്ക്, കൊല്ലത്തിന്റെ ടൂറിസം ഘടനയിൽ ഫാം ടൂറിസം ഉൾപ്പെടുത്താനുള്ള വലിയ അവസരം ഞാൻ തിരിച്ചറിയുന്നു. ഉത്തരവാദിത്വപരവും അനുഭവപരിചയത്തോടെയുമുള്ള ടൂറിസം പ്രചരിപ്പിക്കുന്നതിലൂടെ നമ്മുടെ സമ്പന്നമായ പാരമ്പര്യവും പ്രകൃതി ഭംഗിയാർന്ന ഭൂമിയും സംരക്ഷിക്കുന്നതിനൊപ്പം സാമ്പത്തിക വികസനത്തിന് പുതിയ വഴികൾ തുറക്കുക കൂടിയാണ് ചെയ്യുന്നത്.

## ബാക്ക് വാട്ടർ ടൂറിസം:
## ജില്ലയുടെ ടൂറിസത്തിന്റെ നട്ടെല്ല്

കൊല്ലം ദീർഘകാലമായി കേരളത്തിലെ ബാക്ക് വാട്ടർ ടൂറിസം ടൂറിസത്തിന്റെ പ്രധാന ഹബ്ബായി മാറിയിട്ടുണ്ട്. അഷ്ടമുടി തടാകം, അതിന്റെ വിശാലതയും ശാന്തമായ ജലനിരപ്പും ആലപ്പുഴയിലോ കുമരകത്തെയോ പോലെ ആകർഷകമായ അനുഭവം നൽകുന്നു. കൊല്ലം മുതൽ ആലപ്പുഴ വരെ പോകുന്ന എട്ട് മണിക്കൂർ ഹൗസ്ബോട്ട് യാത്ര, കേരളത്തിലെ ഏറ്റവും നീളമുള്ള ഹൗസ്ബോട്ട് യാത്രയാണ്. ഇത് സന്ദർശകർക്ക് ഏറ്റവും മനോഹരമായ പ്രകൃതി ദൃശ്യം വാഗ്ദാനം ചെയ്യുന്നു. പരിസ്ഥിതി സൗഹൃദമായ ബോട്ടു സവാരികൾ, കയാക് സഞ്ചാരങ്ങൾ, ബാക്ക് വാട്ടറിലെ ഗ്രാമ അനുഭവങ്ങൾ എന്നിവ വികസിപ്പിക്കുന്നതിലൂടെ മികച്ച ഈ രംഗം കൂടുതൽ ആകർഷകമാക്കാം. മൺറോ തുരുത്ത് ഇത്തരത്തിൽ സുസ്ഥിര ടൂറിസം മാതൃകയിൽ ശ്രദ്ധ നേടിക്കഴിഞ്ഞു. ഇത്തരം സംരംഭങ്ങൾ വ്യാപിപ്പിക്കുന്നതിലൂടെ, പ്രാദേശിക ജീവിത നിലവാരം മെച്ചപ്പെടുത്താൻ സാധിക്കുന്നതിനോടൊപ്പം സുസ്ഥിരമായ ബാക്ക് വാട്ടർ പരിസ്ഥിതി സംരക്ഷണത്തിനും സാധിക്കും.

## ഫാം ടൂറിസം
## ടൂറിസത്തിന്റെ പുതിയ പാഠം

ജില്ലയുടെ ടൂറിസം വികസിപ്പിക്കുന്നതിനുള്ള ഏറ്റവും പ്രതീക്ഷാമയമായ മാർഗങ്ങളിൽ ഒന്നാണ് ഫാം ടൂറിസം. പ്രത്യേകിച്ച് ചടയമംഗലത്തേയും പരിസരപ്രദേശങ്ങളേയും ഉൾപ്പെടുത്തിയുള്ള പദ്ധതി വിപുലീകരണം. കൃഷി- ക്ഷീര മേഖലകൾ പ്രാദേശിക സമ്പദ്ഘടനയിൽ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു.

ഒരു സഞ്ചാരിക്ക് കേരളത്തിലെ ഡയറി വ്യവസായം ഗ്രാമജീവിതത്തിനും സമ്പദ്വ്യവസ്ഥയ്ക്കും എങ്ങനെ താങ്ങാവുന്നു എന്ന് മനസിലാക്കി കൊടുക്കുന്നതിൽ നിന്ന് തുടങ്ങി ഓർഗാനിക് സ്പൈസ് ഫാമുകൾ, റബ്ബർ തോട്ടങ്ങൾ, നാളികേര തോട്ടങ്ങൾ എന്നിവയെ സന്ദർശിക്കുന്നതിനുള്ള അവസരവും ലഭിക്കും.



അഷ്ടമുടിക്കായൽ

### പ്രധാന സംരംഭങ്ങൾ

ഡയറി ഫാമുകൾ സന്ദർശിച്ച്, കർഷകരുമായി സംവദിച്ച് പ്രോസസ്സിങ് രീതികൾ പഠിക്കുകയും, ഡയറി വ്യവസായങ്ങൾ പരിശോധിക്കുകയും ചെയ്യുന്ന അനുഭവങ്ങൾ.

ഗ്രാമങ്ങളിൽ താമസിക്കുകയും, പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ച് പാകം ചെയ്യുന്ന കേരള വിഭവങ്ങൾ രുചിക്കാനും ആവുക. പച്ചക്കറി കൃഷി ചെയ്തും വിളവെടുത്തും മീൻ പിടിച്ചുമെല്ലാം സമയം ചെലവിടാം.

തേനീച്ച വളർത്തലും തേൻ ഉൽപാദനവും കണ്ടുമനസിലാക്കുന്നതും കേരളത്തിലെ കാർഷികമേഖലയിൽ തേനീച്ച കൃഷിക്കും തേൻ വ്യവസായത്തിനുമുള്ള പ്രാധാന്യം അറിയാനുള്ള അവസരവുമെല്ലാം സഞ്ചാരികളെ ഇവിടേയ്ക്ക് ആകർഷിക്കും.

### 'തെന്മല ഇക്കോ ടൂറിസം പദ്ധതി'

ഇന്ത്യയിലെ ആദ്യത്തെ ആസൂത്രിതമായ ഇക്കോ ടൂറിസം കേന്ദ്രമായ തെന്മല ഇക്കോ ടൂറിസം പദ്ധതി, കേരളത്തിലെ സുസ്ഥിരമായ ടൂറിസം വികസനത്തിനുള്ള മാതൃകയായി മാറിയിട്ടുണ്ട്. ട്രക്കിങ്, റോക്ക് ക്ലൈമ്പിങ്, മൗണ്ടൻ ബൈക്ക് യാത്ര, കയാക്കിങ് തുടങ്ങിയവ ഉൾപ്പെടുത്തി കൂടുതൽ സാഹസിക വിനോദ സഞ്ചാരികളെയും ഇവിടേക്ക് ആകർഷിക്കാനാകും. അതുപോലെ തന്നെയാണ് ചെന്തുരുണി വന്യജീവി സങ്കേതവും.

### പൈതൃക-ആത്മീയ ടൂറിസം

കൊല്ലത്തെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളും ക്ഷേത്രങ്ങളും, കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യത്തെ പ്രതിനിധാനം ചെയ്യുന്നുവെന്ന് വിലയിരുത്തപ്പെടുന്നു. തങ്കശ്ശേരി കോട്ട, ചൈനീസ് മീൻ പിടുത്ത ഉപകരണങ്ങൾ, പരമ്പരാഗത വ്യാപാരമാർഗങ്ങൾ എന്നിവ ചരിത്രപ്രേമികളായവർക്ക് ആകർഷണമാണ്. കൂടാതെ, ശ്രീ ധർമ്മശാസ്താ ക്ഷേത്രം, ശാസ്താംകോട്ട, ഓച്ചിറ പരബ്രഹ്മ ക്ഷേത്രം, കൊട്ടാരക്കര, മണ്ണൂർക്കാവ് എന്നിവിടങ്ങൾ ആത്മീയ സന്ദർശന കേന്ദ്രങ്ങളായി മാറിയിട്ടുണ്ട്.

ആയുർവേദ & വെൽനസ് ടൂറിസം: ലോകത്ത് തന്നെ പ്രശസ്തമായ ആയുർവേദ, വെൽനസ് ടൂറിസം കേന്ദ്രമാണ് കൊല്ലം. ഈ മേഖലയിൽ ആരോഗ്യ വികസനങ്ങൾക്കുള്ള അവസരങ്ങൾ വിപുലീകരിക്കാം.

കൊല്ലത്തിന്റെ ടൂറിസം സാധ്യതകൾക്ക് പൂർണ്ണമായും പ്രയോജനം ലഭിക്കാൻ, അടിസ്ഥാന സൗകര്യങ്ങളും റോഡ് കണക്റ്റിവിറ്റിയും മെച്ചപ്പെടുത്തേണ്ടത് അനിവാര്യമാണ്.

കൊല്ലത്തെ ഒരു പ്രമുഖ ടൂറിസം കേന്ദ്രമായി വികസിപ്പിക്കാൻ കൂടുതൽ ശ്രമങ്ങൾ നമുക്ക് ആവശ്യമാണ്. അതിൽ നമ്മൾ ഓരോരുത്തരും ഒന്നിച്ചു നിന്നുള്ള പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കേണ്ടതുണ്ട്. ■



**ഇന്ത്യയിലെ ആദ്യത്തെ ആസൂത്രിതമായ ഇക്കോ ടൂറിസം കേന്ദ്രമായ തെന്മല ഇക്കോ ടൂറിസം പദ്ധതി, കേരളത്തിലെ സുസ്ഥിരമായ ടൂറിസം വികസനത്തിനുള്ള മാതൃകയായി മാറിയിട്ടുണ്ട്**

>> ജി ആർ ഇന്ദുഗോപൻ
എഴുത്തുകാരൻ



ചരിത്രം ഇങ്ങനെ വളരെ നിസ്സാരമായിട്ടാണ് കൊല്ലത്തെ മണ്ണിൽ കിടന്നിരുന്നത്. നമ്മളും ആ ചരിത്രത്തിൽ ഒരു മണൽത്തരിയാകുന്നു. കടന്നുപോകുന്നു. ഈ നിസ്സാരതയാണ് കൊല്ലത്തുകാരുടെ പൊതുവായ അടയാളം. കൂളാണ് കൊല്ലത്തുകാർ.

# ജില്ലയല്ല ജഗജില്ലി!



പ്രൈമറി സ്കൂൾ കാലത്ത് ഞാൻ ഇരവിപുരം കടപ്പുറത്തെ ഒരു വീട്ടിൽ ട്യൂഷന് പോയിരുന്നു. ടീച്ചർ പഠിപ്പിക്കുക മാത്രമായിരുന്നില്ല ചെയ്തിരുന്നത്. ഞങ്ങളുമായി കടപ്പുറത്തേക്ക് യാത്ര ചെയ്യും. ഒരു ദിവസം പറഞ്ഞു: വാ. കടപ്പുറത്ത് വേളാപാര ചാകര. ഒരെണ്ണം വാങ്ങിക്കണം. ചുമക്കാൻ ആള് വേണം. എന്തൊരു സന്തോഷം!

കടപ്പുറത്ത് ആദ്യവെയിലിന്റെ തിളക്കം. പൊന്നുപോലെ മിന്നുന്ന മണൽ. മീതെ പത്തിരുനൂറ് വലിയ വേളാപാരകൾ. അന്നത്തെ കുഞ്ഞുഭാവനയിൽ ആ കടപ്പുറം മുഴുവൻ കണ്ണെത്താദൂരത്തോളം മഞ്ഞവേളാപാരകൾ നിറഞ്ഞുകിടക്കുന്നതായാണ് അനുഭവപ്പെട്ടത്. കൂട്ടത്തിൽ സഞ്ചരിക്കുന്ന ഒരു കുട്ടി അന്നേരം കടപ്പുറത്തു പുതഞ്ഞു കിടന്നിരുന്ന ഒരു നാണയം എടുത്തു. അതിൽ അറിയാത്ത ഭാഷയിൽ എന്തോ എഴുതിയിരുന്നു. ആരോ ഒരു ക്രൈം ചെയ്തതു പോലെ ടീച്ചറെ അറിയിച്ചു. ടീച്ചർ ആ നാണയം വാങ്ങി തിരിച്ചും മറിച്ചും നോക്കിയിട്ട് നിസ്സാരമായിട്ട് പറഞ്ഞു: ഓ റോമാ കോയിനാ....

ചരിത്രം ഇങ്ങനെ വളരെ നിസ്സാരമായിട്ടാണ് കൊല്ലത്തെ മണ്ണിൽ കിടന്നിരുന്നത്. നമ്മളും ആ ചരിത്രത്തിൽ ഒരു മണൽത്തരിയാകുന്നു. കടന്നുപോകുന്നു. ഈ നിസ്സാരതയാണ് കൊല്ലത്തുകാരുടെ പൊതു അടയാളം. കൂളാണ്. അതിന് കൊല്ലത്തെ 'നാക്കിന്റെ ആശാൻ' വി. സാംബശിവനെ വച്ച് എളുപ്പം ഉദാഹരിക്കാം.

സാംബൻ കഥാപ്രസംഗം അവതരിപ്പിക്കുകയാണ്. ഷേക്സ്പിയർ ഒരുപാട് ബുദ്ധി മുട്ടി വില്ലനാക്കി അവതരിപ്പിച്ച് കഷ്ടപ്പെട്ട് വളർത്തിക്കൊണ്ടു വന്ന ഇയാഗോയെ പരിചയപ്പെടുത്താൻ സാംബന് മൂന്നു വരി മതിയായിരുന്നു: 'ഇയാഗോ. ആയിരം നാരദന് സമം. നൂറു ശകുനിക്കു സമം. വളരെ നല്ല സ്വഭാവം.' ഈ നിസ്സാര വൽക്കരണം കൊല്ലത്തുകാരുടെ ഒരു രീതിയാണ്. ഏത് മഹാനേയും സാധാരണക്കാരേയും ഒരേപോലെ ഉൾക്കൊള്ളും. തോളേൽ കൈയിടാൻ പറ്റുന്ന മനുഷ്യർക്കാണ് ഇങ്ങോട്ട് സ്വാഗതം. ഈഗോയും അവന്റെ ഇയാഗോയുമെല്ലാം സ്വന്തം 'പാക്കറ്റി'ലിരിക്കത്തേയൊള്ളൂ.

ചവറ തെക്കുംഭാഗത്ത് അവധി ദിവസങ്ങളിൽ രാവിലെ ചെന്നാൽ രസമുള്ള കാഴ്ചകൾ കാണാം. സർക്കാർ ഉദ്യോഗസ്ഥരുടെ ഒരു കേന്ദ്രം കൂടിയാണ് ഇവിടം. എസ്ഐയും സൂപ്രണ്ടും എൽഡി ക്ലർക്കുമെല്ലാം ചൂണ്ടയുമായി കരയിലുണ്ട്. സ്വന്തമായി ചൂണ്ടയിട്ടു കിട്ടുന്ന കരിമീനുമായി ഉണ്ണാനിരിക്കുന്നതിന്റെ ഒരു അഭിമാനം വേറെയാണ്. കരിമീനിനു മുന്നിൽ എല്ലാ ഉദ്യോഗവും അലിയും. എല്ലാവരും വെറും ചൂണ്ടക്കാർ മാത്രം. കരിമീൻ സോഷ്യലിസം..

❖ ❖ ❖ ❖

എന്റെ ഒരു വായനക്കാരൻ പറഞ്ഞു: അയ്യോ നിങ്ങടെ കഥയിലെ പെണ്ണുങ്ങൾ. ഒരുമ്പെട്ട ഉരുപ്പടികളാ... ഇങ്ങനെയും പെണ്ണുങ്ങളുണ്ടോ?

അദ്ദേഹത്തിന് അറിയാഞ്ഞിട്ടാണ്. ഞങ്ങൾ അങ്ങനെ ആണും പെണ്ണുമായി വേറിട്ട് കണ്ട് എഴുതുന്നവരല്ല. ഇടപെടുന്നവരുമല്ല. കാരണം അല്ലെങ്കിൽ തന്നെ ഇത്രകണ്ട് പെണ്ണുങ്ങൾ ശാക്തീകരിക്കപ്പെട്ട ഒരു ജില്ല വേറെയുണ്ടോ എന്ന് സംശയമാണ്. അതാണ് കൊല്ലം.

ഒരു ജില്ലയെ പുകഴ്ത്തുകയോ ഇകഴ്ത്തുകയോ ചെയ്യേണ്ട കാര്യമില്ല. കൊല്ലവും ആലപ്പുഴയും എറണാകുളവുമൊക്കെ വേറിട്ടതല്ല. ഭരണസൗകര്യത്തിനുള്ള മനുഷ്യനിർമ്മിത അതിർത്തികൾ മാത്രമാണ്. എല്ലാം ഒന്നായി കിടക്കുകയാണ്. ഓരോയിടത്തും ഓരോ മേന്മ കാണും. എന്നാലും വനിതാത്തൊഴിലാളികളുടെ ചരിത്രത്തിൽ കൊല്ലത്തിന് കൂടുതൽ സവിശേഷതയുണ്ട്.

കയർമേഖലയിൽ തൊണ്ടു തല്ലുന്നവർ, കായൽമേഖലയിൽ മുങ്ങി കക്ക വാരുന്നവർ, തഴപ്പാ നെയ്യുന്നവർ, കശുവണ്ടി മേഖലയിൽ അണ്ടി തല്ലുന്നവർ, തൊലി കളയുന്നവർ, മീൻവിൽപനക്കാർ.. ഇങ്ങനെ യന്ത്രവൽക്കൃതമാകുന്നതിന് മുൻപുതന്നെ ഇത്രയും പണിയെടുത്ത പെണ്ണുങ്ങൾ അധികം ഇടങ്ങളിലുണ്ടാകില്ല. ആണായാലും പെണ്ണായാലും കയ്യിൽ പത്തു പുത്തൻ തടഞ്ഞാൽ താൻ



പോരിമ വരും. തല താഴ്ത്തി, ഭർത്താവിന്റെ ഇടിയും കൊണ്ടു കിടക്കുന്ന പെണ്ണുങ്ങളെ ഞാനധികം കണ്ടിട്ടില്ല. അവരുടെ കൈയിൽ നിന്ന് ഒരു കെട്ട് ബീഡി വാങ്ങിക്കാനോ, ഒരു നൂറിനുള്ള കാശിനോ തല ചൊറിഞ്ഞു നിൽക്കുന്ന പുരുഷന്മാരെ ഒരുപാട് കണ്ടിട്ടുമുണ്ട്.

പെണ്ണുങ്ങൾക്ക് അക്കാലം വായന രസമായിരുന്നു. ഹൈറേഞ്ചുകളിലെ വായനയെക്കുറിച്ചു മാത്രമേ നമ്മൾ സാധാരണ പറയാറുള്ളൂ. കശുവണ്ടിക്കമ്പനിയിൽ പോകുന്ന പെണ്ണുങ്ങളുടെ തൂക്കുപാത്രത്തിന്റെ വള്ളിയിൽ ഒരു വാരിക ഇരിപ്പുണ്ടാകും. ഞങ്ങൾക്ക് വായിക്കാനറിയാം എന്ന അന്തസ്സ് അതിലുണ്ടായിരുന്നു.

എന്റെ വീടിനടുത്ത് ഒരു സാധാരണ പപ്പട നിർമ്മാണത്തൊഴിലാളിയായി തുടങ്ങിയ ആളായിരുന്നു കെ. എ. വി. ഭദ്രൻ. കൊല്ലത്ത് ചിന്നക്കടയിൽ ഒരു ചെറിയ കട. കൂടുതൽ വാരികകൾ. മംഗളം വാരികയുടെ തുടക്കകാലത്ത് അതിന്റെ മുതലാളി വന്ന് ഏജന്റായി ചേർത്തു. ലക്ഷം കോപ്പിയിലേറെ കൊല്ലത്തു മാത്രം ലോറികളിൽ ഭദ്രൻചേട്ടൻ ഇറക്കിയ കാലമുണ്ട്. കട വളർന്നു. നാട്ടുകാരനെന്ന നിലയിൽ ഇടയ്ക്ക് അവിടെ ചെന്നു നിൽക്കുമ്പോ, മഞ്ഞുള വിദ്യാധരൻ ചേട്ടൻ സ്ഥിരമായി വരുമായിരുന്നു. വൈക്കം മുഹമ്മദ് ബഷീറിന്റെ രണ്ടു പുസ്തകങ്ങളുടെ പ്രസാധകനായിരുന്നു. ബഷീർ കഴിഞ്ഞ കസബ പൊലീസ് സ്റ്റേഷൻ ഇന്നത്തെ താലൂക്ക് ഓഫീസായി കെഎസ്ആർടിസി ബസ് സ്റ്റാൻഡിനടുത്തുണ്ട്.

❖ ❖ ❖ ❖

എത്ര പത്രസ്ഥാപനങ്ങൾ, പ്രസിദ്ധീകരണശാലകൾ, എത്രയോ വലിയ ബിസിനസ് സംരംഭങ്ങൾ.... കൊല്ലത്ത് വന്നു, ഓടി, നശിച്ചു. കശുവണ്ടി, മത്സ്യമേഖല പിടിച്ചുനിൽക്കുന്നു. കശുവണ്ടി ഉൽപാദിപ്പിക്കുന്ന ജില്ലയല്ല കൊല്ലം. പക്ഷേ ആഫ്രിക്കയിൽ നിന്ന് തോട്ടണ്ടി കൊണ്ട് സംസ്കരിച്ച്, ലോകത്തിലെ ഭൂപടത്തിൽ ഒന്നാമതെത്തിയ ജില്ലയായി. എന്റെ

യൊരു മാമനുണ്ടായിരുന്നു: അദ്ദേഹത്തിന്റെ വീടിനു മുന്നിൽ രാവിലെ മുതൽ സിൽബന്ധികൾ ധാരാളം കാണും. ചീട്ടുകളിയാണ് സ്ഥിരം. ഇടയ്ക്ക് മാമന് ഫോൺ വരും. രണ്ട് മിനിട്ട് സംസാരിക്കും. തിരികെ വന്നിരുന്നു കളി തുടരും. തുറമുഖത്ത് വന്നു കിടക്കുന്ന തോട്ടണ്ടിയുടെ ഇടനിലയുമായി ബന്ധപ്പെട്ട് മുതലാളിമാരെ വിളിക്കുന്നതാണ്. വൈകുന്നേരം കളി കഴിയുമ്പോ മൂന്നാല് കപ്പൽ കശുവണ്ടി വിറ്റിട്ടുണ്ടാകും.

കൊല്ലം ബീച്ചിലെ പഴയ വൈകുന്നേരങ്ങൾ ഓർത്തു. നിരൂപകൻ കെ. പി. അപ്പന്റെ ഏകാന്തസഞ്ചാരം അങ്ങോട്ടാണ്. അധ്യാപകനാണ്. ഒരു ചിരി. ചിലപ്പോ ഒരു തമാശ. രവിമുതലാളിയും മൂന്നാല്ല കൂട്ടുകാരും കടപ്പുറത്തു കാണും. അരവിന്ദന്റെയും അടൂരിന്റെയുമൊക്കെ നിർമ്മാതാവ്. പബ്ലിക് ലൈബ്രറിയുടെയും സോപാനം നാടകകേന്ദ്രത്തിന്റെയും നിർമ്മാതാവ്. അവിടെ വെടിവട്ടമില്ല. അവാർഡ് സിനിമ പോലെയാണ് ഇരിപ്പ്. മൗനം മണ്ണിൽ കുത്തിനിർത്തിയ കുടകൾ പോലെ ചുറ്റുമുണ്ടാകും.

എന്റെ ചെറുപ്പത്തിൽ വഴിയിലൊക്കെ കശുവണ്ടിക്കമ്പനിയിലെ പുകക്കുഴലിൽ നിന്നുള്ള കശുവണ്ടിത്തോടിലെ എണ്ണ കരിഞ്ഞ മണമാണ്. പല പെട്ടിക്കടകളിലും ഒരു മീശക്കാരന്റെ പടമുണ്ട്. എൻ. ശ്രീകണ്ഠൻനായർ. ആർഎസ്പിയുടെ മുതിർന്ന നേതാവ്. പ്രീഡിഗ്രി കാലത്ത് തകഴി ശിവശങ്കരപ്പിള്ളയെ കാണാൻ പോയി. കൊല്ലത്തു നിന്നാണെന്ന് പറഞ്ഞപ്പോ തകഴി ചിരിച്ചു: നമ്മടെ ഏരിയയല്ലേ. അങ്ങനിരിക്കുമ്പോ തെക്കോട്ടൊരു വലിവ് വരും. വച്ചുപിടിക്കും. ശ്രീകണ്ഠൻ അവിടല്ലേ...

കശുവണ്ടി തല്ലി കറ പിടിച്ച കൈകളുള്ള പെണ്ണുങ്ങളുടെ കൈ പിടിക്കാൻ ചെറുപ്പക്കാർ കാത്തിരുന്നു. ആഴ്ചയ്ക്കാഴ്ച ശമ്പളം കിട്ടും അവർക്ക്. കാശ് വരുമെന്ന് പയ്യന്മാർക്കറിയാം. കമ്പനിപ്പണിയുള്ള പെണ്ണുങ്ങൾക്ക് കെട്ടുകമ്പോളത്തിൽ വലിയ ഡിമാന്റായിരുന്നു. ഓട് വ്യവസായം മറ്റൊന്നാണ്. ഓട്ടുകമ്പനിയിലെ ഒരു സമരത്തിന് ഞങ്ങളുടെ പരിസരത്തുള്ള ഒരാളിന്റെ പണിപോയി.ചെളിഇടേണ്ട മെഷീനിൽ സമരത്തിന്റെ ഭാഗമായി ഇരുമ്പുണ്ട എടുത്തിട്ടു. യൂണിയൻകാർ പോലും വിചാരിച്ചില്ല; ഈ ദ്രോഹം. ചെളിപ്പണിക്കാരുടെ കൈകളിലെ തഴമ്പ് ഭയങ്കരമാണ്. ഇതു കൊണ്ടു തന്നെ അധ്വാനിച്ചുണ്ണാത്തവരോട് അക്കാലത്തു വലിയ പുച്ഛമായിരുന്നു. അതൊരു പ്രകൃതമായി ഇപ്പോഴും കിടപ്പുണ്ട്. ചുമ്മാ കാശുണ്ടാക്കുന്നവരെ ഇഷ്ടമല്ല. വേഷം കെട്ടലുകാരോടും സമ്പന്നരോടും തലയിൽ കെട്ടഴിച്ചു നിൽക്കുന്ന ഒരു പരിപാടി അവിടെ ഇല്ല.

മീനുകളുടെ തലസ്ഥാനമാണ് കൊല്ലം. ചവറ തെക്കുംഭാഗത്തെ നടക്കാവ് മാർക്കറ്റിനെ കുറിച്ച് ഞാൻ മുൻപ് എഴുതിയിട്ടുണ്ട്.



കാഴ്ചയിൽ സാധാരണം. പക്ഷേ 'ക്ലുയാവാലി' ഭക്തരുടെ തീർഥാടന കേന്ദ്രമാണ്. അഷ്ടമുടിയുടെ സ്വന്തം മീനാണ് ക്ലുയാവാലി.

കണ്ടാലൊരു ബർക്കത്തുള്ള മീനല്ല. പുള്ളിക്കുത്തുകൾ. കഞ്ഞിവെള്ളത്തിന്റെ നിറം. വല്ലാത്ത തല. വിരലിനേക്കാൾ അൽപം കൂടി വലിപ്പം. 20 എണ്ണത്തിന് 100 രൂപ. പക്ഷേ വിദേശത്തുനിന്ന് അവധിക്കു വന്ന രണ്ടോ മൂന്നോ പേരെ കണ്ടാൽ പിന്നെ ആ മീന് മോഹവിലയാണ്.

അഷ്ടമുടിക്കായലിൽ മഴ പെയ്ത് വെള്ളത്തിൽ ഉപ്പു കുറയുമ്പോൾ, മണ്ണിനടിയിൽ നിന്ന് ക്ലുയാവാലി പൊങ്ങി വരും. ഇടയ്ക്കൊരു ചെറുമഴ പെയ്തതിന്റെ വരവാണ്. ചരുവത്തിൽ കിടപ്പാണ്. എല്ലാം ഇനിയും ചത്തിട്ടില്ല. മീൻ വിൽക്കുന്ന ചേച്ചി പറഞ്ഞു: സ്ഥിരം പാർട്ടികളുണ്ട്. എന്തോ ചെയ്യാനാ. സാധനം ഉണ്ടേൽ അവരെ കാണത്തുമില്ല.

വേറൊരു ചേച്ചി പറഞ്ഞു: കഴിക്കണേ യോഗം വേണമെടീ.

ഞാനെന്റെ സഹപാഠി ജയൻ ഇഗ്നുവിനെ ഓർത്തു. എനിക്കറിയാവുന്ന ക്ലുയാവാലി ഭ്രാന്തന്മാരിലൊരാൾ. അവന്റെ ഇരട്ടപ്പേരും അതു തന്നെ ക്ലുയാവാലി. ജയൻ ഇപ്പോൾ വിദേശത്തെവിടെയോ ആണ്. പക്ഷേ അവനും അവന്റെ കൊതിയും തലയിൽ കിടക്കുന്നു.

ജയൻ പറഞ്ഞിട്ടുണ്ട്: അളിയാ ക്ലുയാവാലി തല കളഞ്ഞ് മുളകരച്ച് വടക്കൻ പുളി (കുടംപുളി)യിട്ട് വറ്റിക്കണം. ഒരു കുട്ട ചോറുണ്ണാം. നടക്കാവ് മാർക്കറ്റിൽ ചെന്നാൽ കിട്ടും. കൊല്ലത്തിന്റെ ഭൂമികയെ അടയാളപ്പെടുത്തുന്ന നാലഞ്ച് ചെറുപ്പക്കാർ എന്ന നോവലിലും അത് പൊന്മാൻ എന്ന ചലച്ചിത്രമായപ്പോഴും ഞാൻ 'ക്ലുയാവാലി' എന്ന് ഇരട്ടപ്പേരുള്ള ജയനെ ഒരു കഥാപാത്രമായി ചേർത്തു. ചുമ്മാ ഒരു നൊസ്റ്റാൾജിയ.

❖ ❖ ❖ ❖

ഇരവിപുരം. കൊല്ലം ബീച്ചിൽ നിന്ന് തെക്കോട്ട് മൂന്നു കിലോമീറ്റർ. എന്റെ നാട്. കടലും കായലും ചേരുന്നിടം. പരവൂർ കായലിന്റെ തുടക്കം ഇവിടെ നിന്നാണ്. കൊല്ലം തോട് അതിനെ അഷ്ടമുടിക്കായലുമായി ബന്ധിക്കുന്നു. സത്യത്തിൽ എന്റെ ജീവിതം ഈ രണ്ടു കായലുകളെയും അതിന് കാവൽനിൽക്കുന്ന ഈ കടലിനെയും ചുറ്റിപ്പറ്റിയാണ്. ആകയാൽ എന്റെ പല കൃതികളിലും ഇവിടുത്തെ ഈ നനവ് കാണാം: ഇരവിപുരം മുതൽ വാടി കടപ്പുറം വരെയുള്ള കഥ പറയുന്ന 'പടിഞ്ഞാറേക്കൊല്ലം ചോരക്കാലം, അഷ്ടമുടിക്കായലിലെ പുണ്യാളൻ തുരുത്തിനെ അവംലബിച്ചുള്ള 'ട്വിങ്കിൾ റോസയും 12 കാമുകന്മാരും'...തുടങ്ങിയവ
അതിൽ പെടും.

'പൊന്മാൻ' എന്ന എന്റെ കഥ സിനിമയായപ്പോൾ എന്റെ നാട്ടിൽ തന്നെ സെറ്റിട്ടതും ചിത്രീകരിച്ചതും സന്തോഷമുള്ള കാര്യമായിരുന്നു. നായികയുടെ വീട് അവിടെയായിരുന്നു. താന്നിയിൽ. പാലത്തിനപ്പുറം മയ്യനാട് ഗ്രാമത്തിലായിരുന്നു എന്റെ ഹൈസ്കൂൾ വിദ്യാഭ്യാസം. ഹൈസ്കൂളിൽ ചേർക്കാൻ സൈക്കിളിൽ കൊണ്ടു പോകവേ അച്ഛൻ പറഞ്ഞിരുന്നു, പഠിക്കുന്നേൽ മയ്യനാട്ടുകാരെ കണ്ടു പഠിക്കണം. ഒരു മുഖ്യമന്ത്രി, വലിയൊരു പത്രം, ഒരുപാടു കലാകാരന്മാർ, എൻജിനീയർമാർ ഒക്കെ ഉണ്ടായത് ഈ ചെറിയ നാട്ടിൽ നിന്നാണ്.

മൺട്രോത്തുരുത്തിൽ എന്റെ കഥയുടെ സിനിമാഷൂട്ടിങ്ങിനിടയിൽ നെറ്റിയിൽ വിളക്കുകെട്ടി വന്ന് കരിമീൻ കോരിയെടുക്കുവർക്കൊപ്പം ഞാൻ സ്ഥലംവിട്ടു പോകാറുണ്ടായിരുന്നു. അവിടെ രാത്രിഷൂട്ട് കൊടുമ്പിരി കൊള്ളുകയാണ്. സംവിധായകൻ ജ്യോതിഷ് മൈക്കിലൂടെ എന്റെ പേരു വിളിച്ച് അലറുകയാണ്: ചേട്ടാ...എവിടാ ചേട്ടാ....ഡയലോഗിൽ ഒരു തിരുത്തു വേണം. ചേട്ടോ... ഞാനന്നേരം പല കടവിനപ്പുറമാണ്. തിരിച്ചോടി തുടങ്ങും.

മീനിന്റെ കാര്യത്തിൽ കടുത്ത പിടിവാശിക്കാരുണ്ട്. കൊഞ്ചും കരിമീനുമുണ്ടെങ്കിലും ചില പ്രത്യേക മീൻ വേണം. കടിയിൽ പപ്പുള്ള എന്ന കഥാപാത്രമുണ്ട്. ദേഷ്യം വന്നാൽ വാശിയാണ്. വാശി തീരണമെങ്കിൽ അഷ്ടമുടിക്കായലിലെ കടിമീൻ തന്നെ വേണം ഊണിന്. ഇല്ലെങ്കിൽ അഷ്ടമുടിയിലെ ചാവറ്റ. ഒരിക്കൽ ഞങ്ങൾസാക്ഷാൽനടയ്ക്കാവ്മാർക്കറ്റിൽ ചെന്നപ്പോ മൂന്ന് അഷ്ടമുടി കടിയൻ കിടക്കുന്നു. അത് വിൽക്കാൻ കാത്തുനിൽക്കുന്ന മീൻപിടിത്തക്കാരൻ കയ്യിലെ മൂന്നോ നാലോ പാട് കാണിച്ചു തന്നിട്ടു പറഞ്ഞു: ഞണ്ടിന്റെ ഇറുക്കൊക്കെ പിന്നേം നമ്മക്ക് ഇളക്കാം. എവന്റെ ലോക്കാണ് ലോക്ക്. കടിച്ചുപറിച്ചു കളയും.



എന്നാലും കടിയിൽ പപ്പുള്ളമാർക്കു വേണ്ടി നമ്മളിവന്റെ പുറകെ നടക്കും. പപ്പുള്ള ചത്തിട്ട് കാലം കുറെയായി. പുതിയ പപ്പുള്ളമാരെ കാത്തിരിക്കുകയാണ് മീൻപിടിത്തക്കാരൻ.

കക്കയുടെ കാര്യത്തിലും ഈ പുച്ഛമുണ്ട്. ചിപ്പിച്ചാകര കണ്ടു. പുറ്റുപോലെ ഒരു പ്രദേശം മുഴുവൻ പുറ്റുപോലെ കക്കകൾ വിളഞ്ഞു. തെർമോൾ പെട്ടികൾ തോളിലിട്ട് അതിൽ വാരിനിറയ്ക്കുന്നവർ. ഒരു നാട്ടുകാരൻ പറഞ്ഞു: അയ്യേ. കാട്ടുചിപ്പിയാ. ഞങ്ങളു കഴിക്കത്തില്ല. അതൊക്കെ അധിനിവേശ കക്കകളാ. ഞങ്ങള് നീലയും മഞ്ഞക്കക്കയൊക്കെ കഴിച്ചു കിടക്കുന്നവരാ. അഷ്ടമുടിയിലെ സ്വന്തം കക്ക.

ഭാഗ്യവാന്മാർ. ലോകത്തെങ്ങുമില്ലാത്ത സ്വന്തം രുചികളുടെ വാഹനങ്ങളാണ് കൊല്ലത്തുകാരുടെ നാവുകൾ.

❖ ❖ ❖ ❖

തിരുവനന്തപുരത്ത് ഞാൻ വീട്ടിലിരിക്കുകയാണ്. രാവിലെ പത്തുമണിയാകുമ്പോ അമ്മയുടെ ഒരു വിളി. ടാ കടപ്പുറത്തു നിന്ന് നല്ല ഊളിപ്പൊടി കിട്ടി. പൊടിമീനാണ്. ഞാൻ പറഞ്ഞു: വറ്റിച്ചു വച്ചേരെ. ഉച്ചയ്ക്കങ്ങ് എത്താം. വായിൽ അതു കേൾക്കുമ്പോ തന്നെ ഒരു കായലുണ്ടായിരിക്കുന്നു. അതിൽ വള്ളമിറക്കി തിരുവനന്തപുരത്തു നിന്ന് കൊല്ലത്തെത്താം. പെട്ടെന്നു തന്നെ. ■

ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് സംഘടിപ്പിച്ച ദേശീയ വനിതാ പത്രപ്രവർത്തക കോൺക്ലേവ് രാജ്യത്ത് ഇത്തരത്തിൽ സർക്കാർതലത്തിൽ ആദ്യത്തെ പരിപാടിയായി മാറി.

# മാധ്യമങ്ങളിലെ പെൺനീതിക്കായൊരു കൂട്ടായ്മ



വനിതാ മാധ്യമപ്രവർത്തകർക്കായുള്ള കോൺക്ലേവിന്റെ ഉദ്ഘാടനം വനിതാ ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിക്കുന്നു.

സ്ത്രീകളുടേതായ പ്രശ്നങ്ങൾ പുറംലോകമറിയുന്നത് വാർത്തകളിലൂടെയാണ്. ഈ വാർത്തകൾക്ക് പിന്നിലെ സ്ത്രീകളായ മാധ്യമപ്രവർത്തകർ ഏറ്റെടുക്കുന്ന ഉത്തരവാദിത്തങ്ങളും നേരിടുന്ന വെല്ലുവിളികളും ചർച്ചചെയ്യപ്പെടാതെ പോകാറാണ് പതിവ്. എന്നാൽ സംസ്ഥാനത്താകെയുള്ള വനിതാ മാധ്യമപ്രവർത്തകർക്ക് ഒത്തുകൂടാനും വെല്ലുവിളികൾ ചർച്ചചെയ്യാനും പരിഹാരങ്ങൾക്കായി ഒരുമിച്ച് പ്രവർത്തിക്കാനും വേദിയൊരുക്കുന്നതായിരുന്നു തിരുവനന്തപുരത്ത് നടന്ന വനിതാ മാധ്യമപ്രവർത്തക കോൺക്ലേവ്. രാജ്യത്തുതന്നെ ആദ്യമായാണ് സർക്കാർതലത്തിൽ ദേശീയ വനിതാ മാധ്യമപ്രവർത്തകരുടെ കോൺക്ലേവ് നടക്കുന്നത്. ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് കേരള പത്രപ്രവർത്തക യൂണിയനുമായി സഹകരിച്ച് സംഘടിപ്പിച്ച ദേശീയ വനിതാ പത്രപ്രവർത്തക കോൺക്ലേവ് ഫെബ്രുവരി 18, 19 തിയ്യതികളിൽ തിരുവനന്തപുരം ടാഗോർ സെന്റിനറി ഹാളിലാണ് നടന്നത്.

മറ്റുള്ളവരുടെ നീതിക്കുവേണ്ടി വാദിക്കുന്ന വനിതാ മാധ്യമപ്രവർത്തകർ സ്വന്തം സ്ഥാപനത്തിൽ നേരിടുന്ന നീതി നിഷേധം കാണാതെ പോകരുതെന്നും



വനിത ഫോട്ടോഗ്രാഫർമാരുടെ ഫോട്ടോപ്രദർശനം

മാധ്യമസ്ഥാപനങ്ങൾ ലിംഗനീതിയും സമത്വവും ഉറപ്പുവരുത്തണമെന്നും കോൺക്ലേവ് ഉദ്ഘാടനം ചെയ്തുകൊണ്ട് വനിതാ ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. 2025 മാർച്ചോടെ എല്ലാ സ്ഥാപനങ്ങളിലും പോഷ് ആക്ട് പ്രകാരമുള്ള ആഭ്യന്തര സമിതികൾ രൂപികരിച്ച് വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യണമെന്നാണ് സർക്കാർ നിർദേശം. എന്നാൽ പത്ത് മാധ്യമ സ്ഥാപനങ്ങൾ മാത്രമാണ് ഇതുവരെ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും മന്ത്രി വീണാ ജോർജ് ചൂണ്ടിക്കാട്ടി.

പ്രമുഖ മാധ്യമപ്രവർത്തകരായ റാണാ അയ്യൂബ്, മായ മിശ്ര, അനിത പ്രതാപ്, മീന കന്ദസാമി തുടങ്ങിയവർ വിവിധ സെഷനുകളിൽ സംസാരിച്ചു. നിർഭയ പത്രപ്രവർത്തനത്തെയും അന്വേഷണാത്മക റിപ്പോർട്ടിംഗിന്റെ വെല്ലുവിളികളെയും കുറിച്ച് ആഴത്തിലുള്ള ചർച്ചകൾ നടന്നു. മാധ്യങ്ങളിലെ ലിംഗ പ്രാതിനിധ്യം, വാർത്തയിലെ സ്ത്രീകളുടെ ചിത്രീകരണം, പത്രപ്രവർത്തനത്തിലെ വെല്ലുവിളികൾ, മാധ്യമങ്ങളുടെ വികസിച്ചുകൊണ്ടിരിക്കുന്ന പങ്ക്, ഗവേഷണാധിഷ്ഠിത പത്രപ്രവർത്തനത്തിന്റെ ആവശ്യകത എന്നിവയെക്കുറിച്ചുള്ള നിർണായക ചർച്ചകൾക്കായി കോൺക്ലേവ് വിശാലമായ വേദിയൊരുക്കി. വാർത്തകളിൽ പ്രതിപാദിക്കപ്പെടുന്ന സ്ത്രീകളെ കമ്പോളവൽക്കരിക്കാതെ വസ്തുതകൾക്കനുസൃതമായി മാത്രമേ വ്യാഖ്യാനിക്കപ്പെടാവൂവെന്ന് വനിതാ മാധ്യമപ്രവർത്തകർ ആവശ്യപ്പെട്ടു. വാർത്തകളിൽ ലിംഗനീതി ഉറപ്പാക്കുന്നതിന് പുതുതലമുറ തിരുത്തൽ ശക്തിയാകണം, വനിതാ മാധ്യമപ്രവർത്തകർക്ക് ഒത്തുചേരാൻ പൊതുഇടം വേണം, അമ്മമാരായ മാധ്യമപ്രവർത്തകർ തൊഴിലെടുക്കുന്നതിന് സഹായകമായി ക്രഷ് സംവിധാനം ഒരുക്കണം തുടങ്ങിയ ആവശ്യങ്ങളും ചർച്ചയിൽ ഉയർന്നു.

രാജ്യത്തുടനീളമുള്ള പ്രമുഖ പത്രപ്രവർത്തകരും വിവിധ കോളേജുകളിൽ നിന്നുള്ള ജേണലിസം വിദ്യാർഥികളും ഉൾപ്പെടെ ഇരുന്നൂറിലധികം പ്രതിനിധികൾ പങ്കെടുത്തു. ചർച്ചകളെ അടിസ്ഥാനമാക്കി സമഗ്ര റിപ്പോർട്ട് പബ്ലിക് റിലേഷൻസ് വകുപ്പ് തയ്യാറാക്കും.■

## റാണാ അയ്യൂബ്



അന്വേഷണാത്മക പത്രപ്രവർത്തനത്തിലേക്ക് കൂടുതൽ വനിതാ മാധ്യമപ്രവർത്തകർ കടന്നുവരണം. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് വേണ്ടി മാധ്യമപ്രവർത്തകർ നിരന്തരം നിലകൊള്ളണം. പ്രത്യേക മുദ്രണം ചാർത്തി വനിതാ മാധ്യമപ്രവർത്തകരെ പിന്തള്ളുന്നത് ജനാധിപത്യവിരുദ്ധ സമീപനമാണ്. കേരളത്തിലെ സിനിമാ മേഖലയിലെ ഹേമകമ്മിറ്റിയുടെ ചുവടുവയ്പ്പ് സ്വാഗതാർഹമാണ്. കൂടുതൽ മേഖലകളിൽ ഇത്തരം നടപടികൾ ഉണ്ടാകട്ടെ.

## അനിത പ്രതാപ്



സ്ത്രീ എന്നത് ബാധ്യതയല്ല, അവസരമാണ്. സ്വതന്ത്ര്യവും നിർഭയവുമായ മാധ്യമപ്രവർത്തനം ഇന്ന് അപകടകരമായ കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. കോർപ്പറേറ്റുവൽക്കരണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സ്വതന്ത്ര പത്രപ്രവർത്തനത്തിന് അതിജീവിക്കാനാകാത്ത് സ്ഥിതിയുണ്ട്.

## മായ ശർമ



വിവിധ വിഷയങ്ങളിൽ സ്ത്രീകൾ ഉയർത്തുന്ന ശബ്ദം സമൂഹം ഏറെ പ്രാധാന്യത്തോടെ ശ്രദ്ധിക്കണം. തൊഴിലിടങ്ങളിൽ ലിംഗസമത്വം ഉറപ്പുവരുത്തണം. തൊഴിലിടങ്ങളിൽ ലിംഗ സമത്വം ഉറപ്പുവരുത്തണം. സ്ത്രീകൾ ഒന്നിന്റെയും പേരിൽ മാറ്റി നിർത്തപ്പെടേണ്ടതില്ല.

## മീന കന്ദസാമി



സമൂഹമാധ്യമങ്ങളിലെ അഭിപ്രായ പ്രകടനങ്ങൾക്കെതിരെയുള്ള സംഘടിതമായ ബലാത്സംഗ ഭീഷണികൾക്കും ട്രോൾ ആർമികൾക്കും കോർപറേറ്റ് സ്വഭാവമാണുള്ളത്.

License to Post without Prepayment
WPP License Number: KL/TV(N)WPP/216/2022/24

Date of Publication: **01.03.2025**
KERMAL2014/58028 Price: **12.00**




VISIT **www.donation.cmdrf.kerala.gov.in**

**TOGETHER WE REBUILD**
Every Donation Counts

## Chief Minister's Distress Relief Fund Account

| No. | Bank | Account Number | IFSC Code |
|---|---|---|---|
| 1. | State Bank of India | **39251566695** | SBIN0070028 |
| 2. | South Indian Bank | **0721053000003020** | SIBL0000721 |
| 3. | Federal Bank | **10210100422271** | FDRL0001021 |
| 4. | HDFC Bank Ltd | **50100350210557** | HDFC0002485 |
| 5. | ICICI Bank | **626201089884** | ICIC0006262 |
| 6. | CSB Bank Ltd | **00 9603981212190001** | CSBK0000096 |
| 7. | Axis Bank | **920010023834712** | UTIB0000784 |
| 8. | Dhanalakshmi Bank | **003700100156782** | DLXB0000037 |
| 9. | IDBI Bank Ltd | **0889104000111454** | IBKL0000889 |
| 10. | Indian Overseas Bank | **009901000002020** | IOBA0000099 |
| 11. | Union Bank of India | **502902010900782** | UBIN0550299 |
| 12. | Canara Bank | **5842132000007** | CNRB0005842 |
| 13. | Kotak Mahindra Bank | **1815162037** | KKBK0009206 |
| 14. | Bank Of Baroda | **29860100006714** | BARB0PEROOR |
| 15. | Standard Chartered Bank | **43710072419** | SCBL0036099 |
| 16. | Kerala Gramin Bank | **40341101051311** | KLGB0040341 |
| 17. | IndusInd Bank | **159900002020** | INDB0001599 |
| 18. | Bank Of India | **853810110007599** | BKID0008538 |
| 19. | Punjab National Bank | **3301000104118534** | PUNB0330100 |
| 20. | Kerala Bank | **110110801000339** | KSBK0000101 |
| 21. | Central Bank of India | **5652206185** | CBIN0280937 |
| 22. | UCO Bank | **02880110077641** | UCBA0000288 |
| 23. | Indian Bank | **7839343398** | IDIB000P030 |
| 24. | Covid-TSB A/c (1475) | **799010100191475** | |
| 25. | Special Treasury Savings Bank | **799010100193172** | |

**This contribution is eligible for deduction under Section 80G of the Income Tax Act.**

**ജീവിതം
വീണ്ടെടുക്കാൻ
തകർന്നതെല്ലാം
പടുത്തുയർത്താൻ
നമുക്കും
പങ്കുചേരാം**

നിങ്ങളുടെ സഹായം അർഹരായവരിലേയ്ക്ക് എത്താൻ തീർത്തും സുതാര്യവും ഓഡിറ്റിംഗിന് വിധേയവുമായ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകൂ.

https://www.facebook.com/CMOKerala #StandWithWayanad https://x.com/cmokerala

Printed and Published by T V Subhash IAS, Director, Information Public Relations Department of behalf of Government of Kerala and Printed at Akshra Offset, Thiruvananthapuram, Kerala. Published from Information Public Relations Department, Govt. of Kerala Government Secretariat, Thiruvananthapuram 695001. Editor: TV Subhash IAS